

വി.ബി.എസ്
ഒട്ടക സാഹസിക കഥകൾ
ദാനിയേലിനും കൂട്ടുകാർക്കുമൊപ്പം ധീരരായിരിക്കുക.
സംവിധായകന്റെ മാനുവൽ




ദാനിയേലിനും കൂട്ടുകാർക്കുമൊപ്പം ധീരരായിരിക്കുക.

“കുട്ടികൾ പ്രാധാന്യമുള്ളവർ” എന്ന വെക്കേഷൻ ബൈബിൾ സ്കൂൾ പരിപാടിയിൽ നിന്നും.

ഡയറക്ടറിന്റെ ലഘുഗ്രന്ഥം

Website: childrenareimportant.com/camel

“കുട്ടികൾ പ്രാധാന്യമുള്ളവർ” എന്ന ടീമിലെ ഏവർക്കും നന്ദി!

**Founders**, Dwight y Kristina Krauss
**Creative Team Manager**, Flor Boldo
**Creative Editorial Team**, Jennifer Sánchez, Areli Salinas, Ramón Martínez, Marlon Hernández.
**Designer**, Julio Sánchez
**Contributing Designer** Suzanna Kangas (Suki)
**Consulting Emeritus**, Miguel y Vickie Kangas
**Facebook Page Spanish Admin**, Ramón Martínez and Verónica Toj
**Facebook Page English Admin**, Marlon Hernández and Flor Boldo

**Translation Team**, alineviera, Annupama Wankhede, Anton Klymyk, Araz Mammadzadeh, Aroma Publications and Media, Arturo Jr Boron, Blessy Jacob, Carmela Dawn Flores, Chrisbresnahan, David Raju, Ephraim Njuguna Mirobi, Finny Jacob, Geenav, HamidReza Azimi (hamid.azimi1364 at gm#ail com), Heyaudrey, I-clever.com, iqbalman, Jacob Kuruvilla, kamilturk, Karunguru Mwangi, kiran, Maitrayi Mondal, Marco Chu, Marcos Rocha, Mathew Das, Mitesh Mandaliya, mrramlama, Mrs.Geethashree NavaneethaKrishnan, Nassim Bougtaia, nicbenk, Paul Mwangi, Paul Septan, Rana922, Rubina Rai, Safdar Khan, shahroshan15, Talento-Unido, ueritom, Verdia Juliansyah Cancerika, Yeoh Jung Chin, Zeina Mirella Barzaga Arencibia

# ഒട്ടക സാഹസിക കഥകളിലേക്ക് സ്വാഗതം!

നവീനവും ആവേശഭരിതവുമായ "ഒട്ടക സാഹസിക കഥകൾ" എന്ന ഈ വി.ബി.എസ് പ്രോഗ്രാമിലേക്ക് സ്വാഗതം! യിസ്രായേൽ ജനം പ്രവാസകാലത്ത് ജീവിച്ചതുപോലെ തിന്മ നിറഞ്ഞ ഈ ലോകത്ത് നമുക്കെങ്ങനെ ദൈവത്തെ ആശ്രയിച്ച് ധൈര്യത്തോടെ ജീവിക്കാമെന്ന് പഠിക്കുവാൻ നിങ്ങളുടെ കുഞ്ഞുങ്ങളെ ഒട്ടകങ്ങളും ചക്രവർത്തിമാരോടുമൊപ്പം ഒരു സാഹസിക യാത്രയ്ക്ക് കൂട്ടിക്കൊള്ളുവിൻ. ഈ പ്രോഗ്രാമിൽ നമ്മൾ പിന്തുടരുന്നത് ദാനിയേൽ, തന്റെ കൂട്ടുകാരായ ശദ്രക്ക്, മേശക്ക്, അബേദ്-നെഗോ എന്നിവരുടെ ജീവിതങ്ങളെയാണ്. വി.ബി.എസ് നാലാം പാഠത്തിൽ അതിഥിയായി എസ്ഥേർ രാജ്ഞിയും കടന്നുവരുന്നുണ്ട്. ഈ വിബിഎസിലെ ഓരോ ദിവസത്തിലും, കുട്ടികൾഏറെ ഇഷ്ടപ്പെടും, ഇന്നത്തെ കാലത്തെ യഥാർത്ഥ ജീവിതത്തിലെ വഴിത്തിരുവുകൾനിറഞ്ഞ, രസികരായ, ഈ (പാവകളോ നടന്മാരോ ആയ) ഒട്ടകങ്ങളെ.കുട്ടികൾ സ്നേഹിക്കും. വി.ബി.എസിന്റെ ചിന്താവിഷയത്തെ ശക്തിപ്പെടുത്തുവാൻ പ്രയോജനപ്പെടുന്ന യഥാർത്ഥമായ അഭിനയഗാനങ്ങൾ ആസ്വദിക്കുക. പാഠഭാഗത്തിന്റെ തലക്കെട്ടിനോടൊപ്പം സഞ്ചരിക്കുന്ന രസകരങ്ങളായ പ്രവർത്തനങ്ങൾ കുട്ടികളെ അഭ്യസിപ്പിക്കണം. കൂടാതെ പ്രധാന പാഠത്തോടൊപ്പവും ദിവസത്തിലുടനീളവും ഇത് ആവർത്തിക്കണം. കുട്ടികളുടെ പഠനസ്ഥലത്ത് രസകരങ്ങളായ പഠനോപകരണങ്ങൾ ഒരുക്കുക. അതൊരു കൊട്ടാരമാണെന്ന് കുട്ടികൾക്ക് തോന്നട്ടെ. ലഭ്യമാക്കാൻ എളുപ്പമുള്ള കൗതുകകരങ്ങളായ വസ്തുക്കളായിരിക്കണം അവ. കൊട്ടാരം എന്ന് പേരിട്ടിരിക്കുന്ന ആ ക്ലാസ്സിൽ രസകരങ്ങളും ആകാംക്ഷ ഉണ്ടാക്കുന്ന പസിലുകൾ(പദപ്രശ്നം, സമസ്യ) വഴി കണ്ടുപിടിക്കുന്ന ഉപകരണങ്ങൾ എന്നിവ ഒരുക്കണം. മുതിർന്ന കുട്ടികൾക്ക് പാഠഭാഗവും യഥാർത്ഥ ജീവിത പ്രശ്നങ്ങളുമായി ബന്ധിപ്പിക്കുന്ന വിഷയങ്ങൾ ചിന്തിക്കുവാൻ അവസരം നൽകണം. പാഠഭാഗങ്ങൾ പ്രായോഗികമാക്കുവാനും ആവശ്യമായ അസൈന്മെന്റ് വീട്ടിലിരുന്ന് ചെയ്യുവാനും എല്ലാ കുട്ടികൾക്കും നൽകണം. ദാനിയേലിന്റെയും എസ്ഥേറിന്റെയും കഥകൾ കേൾക്കുവാനും അവരെ കണ്ടുമുട്ടുവാനും കുട്ടികൾക്ക് ഇഷ്ടം തോന്നണമെന്നതാണ് പ്രാഥമികമായി വേണ്ടത്. പിന്നീട് വേണ്ടത് ദാനിയേലിനോടൊപ്പമുള്ള രസകരമായ നാടക രൂപത്തിലുള്ള പ്രവർത്തനമാണ്. വി.ബി.എസ് കളികളിലൂടെയല്ലാതെ പൂർണ്ണമാകുകയില്ല എന്നത് തീർച്ചയാണ്. കൊട്ടാര ഉദ്യാനങ്ങളിലും കൊട്ടാരക്കെട്ടുകളിലും വച്ച് നടത്താവുന്ന തരം തമാശകൾ നിറഞ്ഞ കളികളും അതിനുള്ള സൂത്രങ്ങളും ആശയങ്ങളും കണ്ടെത്തുക ഇവയെല്ലാം വി.ബി.എസ് കൂടുതൽ നിറമുള്ളതാക്കാനും രകരമാക്കാനും ആയിരിക്കണമെന്നത് ഒട്ടും മറന്നു പോകരുത്.

നിങ്ങളുടെ സദാ പ്രവർത്തനം അഞ്ചു പാഠങ്ങളിലൂടെ ആയിരിക്കണം. സ്നേഹവും ധൈര്യവും തമ്മിലുള്ള ബന്ധം നാം മനസ്സിലാക്കുകയും അത് കുട്ടികൾക്ക് ചൂണ്ടിക്കാട്ടുകയും വേണം.

1 യോഹന്നാൻ 4:18 "സ്നേഹത്തിൽ ഭയമില്ല; ഭയത്തിന്നു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല."

ദൈവത്തെ അറിഞ്ഞ് ഒരു ക്രിസ്ത്യാനിയായി നാം വളർന്നു വരുമ്പോൾ ദൈവത്തിന്റെ മഹത്വവും അവന് നമ്മോടുള്ള മഹാസ്നേഹവും നാം രുചിച്ചറിയുന്നു. അവനെ പിൻഗമിക്കുന്ന നമ്മുടെ ആത്മ വിശ്വാസവും വളർന്നുവരുന്നു. ദൈവത്തോടും മറ്റുള്ളവരോടും ഒരു സ്നേഹം നമ്മിൽ ഓരോരുത്തരിലും വളർന്നു വരും. ദാനിയേലും അവന്റെ കൂട്ടുകാരും ചെയ്തതുപോലെ ധീരമായ കാര്യങ്ങൾ ചെയ്യുവാൻ ആ സ്നേഹം നമുക്ക് ശക്തി പകർന്നു തരും. യേശു ക്രിസ്തു തന്റെ ജീവൻ നമുക്കുവേണ്ടി ധൈര്യത്തോടെ ക്രൂശിൽ അർപ്പിച്ചതുപോലെ.

ഈ പ്രോഗ്രാമിലെ ഏറ്റവും പ്രധാനപ്പെട്ട പാഠം ഒരു രക്ഷാ സന്ദേശം നൽകുന്നതായ രണ്ടാം പാഠമാണ്. കൂടുതൽ കുട്ടികളെ നിങ്ങളുടെ വി.ബി.എസിലേക്ക് ക്ഷണിക്കുകയും അവരുടെ ജീവിതം ക്രിസ്തുവിന് സമർപ്പിക്കുവാൻ ഒരു സമയം നൽകുക. ആ ഒരു കാര്യമാണ് താങ്കൾ ചെയ്യുന്നതെങ്കിൽ താങ്കളുടെ വി.ബി.എസ് ഒരു വൻ വിജയമായിരിക്കും. താങ്കളുടെ വി.ബി.എസ് മുഖാന്തിരം ആളുകളെ സ്വർഗ്ഗത്തിൽ വച്ച് കണ്ടുമുട്ടാൻ കഴിയുന്നതായി സങ്കൽപ്പിച്ച് നോക്കുക! ദൈവം അതിയായി സ്നേഹിക്കുന്ന കുഞ്ഞുങ്ങളെ താങ്കൾ ക്ഷണിച്ചുവരുത്തി സ്വർഗ്ഗത്തിന് അവകാശിയാക്കിത്തീർത്തു എന്നതിൽ ദൈവം താങ്കളിൽ എത്രമാത്രം സന്തോഷിക്കും എന്നത് ഒന്ന് സങ്കൽപ്പിച്ച് നോക്കൂ!

താങ്കളുടെ വി.ബി.എസിനെ ദൈവം അത്യധികമായി അനുഗ്രഹിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ കല്പനയായ ലോകമെങ്ങും പോയി പഠിപ്പിക്കുകയും എന്റെ ശിഷ്യരാക്കുകയും ചെയ്യുവിൻ എന്ന തിരുവചനം പിന്തുടർന്നുകൊണ്ട് ദൈവത്തെ അനുസരിക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക. കുട്ടികൾക്കുവേണ്ടിയുള്ള ഈ ശുശ്രൂഷയുടെ ലക്ഷ്യം അവധിക്കാലത്തെ വെറുതെയുള്ള ഒരു കുട്ടികളുടെ ക്ലാസ് എന്നതല്ല മറിച്ച് ദൈവത്തെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കുവാൻ കിട്ടുന്ന ഓരോ അവസരവും ഉപയോഗപ്പെടുത്തുകയെന്നതാണ്. വി.ബി.എസ് പ്രവർത്തനങ്ങൾക്കായി നിങ്ങളുടെ ടീം ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുക എന്നിട്ട്, നിങ്ങളുടെ വിദ്യാർത്ഥികളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് നിരീക്ഷിക്കുക.




ജീവിതം മാറ്റാൻ നിങ്ങൾ ഇവിടെയുണ്ട്; നിങ്ങളെ സഹായിക്കാൻ ഞങ്ങൾ ഇവിടെയുണ്ട്.

"കുട്ടികൾപ്രാധാന്യമുള്ളവർ" എന്ന ടീം.


# അവലോകനം




## 1. ധീരത ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു

### ദാനിയേൽ 1: ഒരു പുതിയ വീടും സ്കൂളും

റോമർ 12:2 “ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾ നിങ്ങൾക്ക് ആധാരമായിരിക്കരുത്; ദൈവം നിങ്ങളുടെ മനസ്സു പുതുക്കി നിങ്ങളെ രൂപാന്തരപ്പെടുത്തട്ടെ. അപ്പോൾ വിശിഷ്ടവും ദൈവത്തിനു പ്രസാദകരവും സമ്പൂർണവുമായ തിരുഹിതം എന്തെന്നു വിവേചിച്ചറിയുവാൻ നിങ്ങൾക്കു കഴിയും. ”

## 2. ധീരത ദൈവത്തിൽ വിശ്വസിക്കുന്നു

### ദാനിയേൽ 3: തീയിലെ ഒരു പരീക്ഷണം

സങ്കീർത്തനങ്ങൾ 47:2 “അത്യുന്നതനായ സർവേശ്വരൻ ഭീതിദനാകുന്നു. അവിടുന്നു സർവലോകത്തിന്റെയും രാജാവാകുന്നു.”




## 3. ധീരത സത്യം സംസാരിക്കുന്നു

### ദാനിയേൽ 4: സന്തോഷകരമല്ലാത്ത വാർത്തയെക്കുറിച്ചുള്ള ഒരു സ്വപ്നം


1 കൊരിന്ത്യർ 13:6 “അത് അധർമത്തിൽ സന്തോഷിക്കാതെ സത്യത്തിൽ ആനന്ദംകൊള്ളുന്നു.”




## 4. ധീരത മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു

### എസ്ഥേർ 3:9 : അവളുടെ ജനത്തിനു വേണ്ടിയുള്ള രക്ഷ

1 യോഹന്നാൻ 3:16 “ക്രിസ്തു നമുക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ചു. ഇതിൽനിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരന്മാർക്കുവേണ്ടി ജീവൻ അർപ്പിക്കേണ്ടവരാണ്.”




## 5. ധീരത സ്ഥിരോത്സാഹം തരുന്നു

### ദാനിയേൽ 6: ദിനന്തോറുമുള്ള പ്രാർത്ഥനയും സിംഹത്തിന്റെ ഗുഹയും

എബ്രായർ 10:36 “ദൈവം വാഗ്ദാനം ചെയ്യുന്നത് പ്രാപിക്കുന്നതിനും അവിടുത്തെ തിരുഹിതം നിറവേറ്റുന്നതിനുംവേണ്ടി നിങ്ങൾക്കു നിരന്തരക്ഷമ ആവശ്യമാണ്.”

# ഇവ എങ്ങനെ ഉപയോഗിക്കാം

## ഡയറക്ടർ

വി.ബി.എസിന്റെ ഡയറക്ടർ എന്ന നിലയ്ക്ക് താങ്കളുടെ മുഖ്യ ജോലി വി.ബി.എസ് നടത്തുക എന്നതാണ്. പ്രോഗ്രാം ക്രമീകരിക്കുക, പട്ടിക തയ്യാറാക്കുക, സന്നദ്ധ സേവകരെ ഏകോപിപ്പിക്കുക, ഉപകരണങ്ങളും വസ്തുക്കളും ലഭ്യമാക്കി വിതരണം നടത്തുക എന്നിവ കൂടാതെ വി.ബി.എസിന്റെ അദ്ധ്യാപന ജോലികൾചെയ്യുവാൻ താങ്കൾക്ക് സമയം ലഭിക്കുന്നതല്ല. സന്നദ്ധ പ്രവർത്തകരെ നിയമിക്കുക, വി.ബി.എസിന്റെ വിവിധ ചുമതലകൾനിങ്ങളുടെ സഭയുടെ അംഗങ്ങൾക്ക് തരം തിരിച്ച് നൽകുക, ഇങ്ങനെ ചെയ്താൽ ഈ പ്രോഗ്രാമിന്റെ പ്രാധാന്യം വർദ്ധിക്കുകയും സഭയിലെ എല്ലാ അംഗങ്ങൾക്കും ഇതിൽ പങ്കെടുക്കുവാനും കുട്ടികളുടെ ഇടയിലെ ഈ ദൈവവേലയെ സഹായിക്കുവാനും കഴിയും.

## നിയമനം

താങ്കളുടെ സഭയിൽ നിന്നും ആളുകളെ നിയമിക്കുവാൻ താങ്കൾക്ക് കഴിയും. വി.ബി.എസിന് വേണ്ടി പൊതുവായ ഒരു സഹായത്തിനായി ആരോടും ചോദിക്കരുത് പകരം ഓരോരുത്തരോടും വ്യക്തിപരമായി അവർക്കു ചെയ്യുവാൻ കഴിയുന്ന സഹായത്തെക്കുറിച്ച് സംസാരിക്കുക. താങ്കളുടെ സഭയിലെ ചിലയാളുകൾക്ക് പഠിപ്പിക്കുവാൻ ഭയമുള്ളവരാകാം. എന്നാൽ ചില കൗതുക വസ്തുക്കൾഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് കുട്ടികളെ സഹായിക്കുവാൻ അവർക്ക് സന്തോഷമായിരിക്കും.

ചുമതലകളെ ഇങ്ങനെ നിർണ്ണയിക്കാം (10 ചുമതലകൾ- 10 പേർ):

- "മുഖ്യ ശുശ്രൂഷകൻ" -വി.ബി.എസ് ഡയറക്ടർ
- 2 നടന്മാർ /ഒട്ടക നാടകത്തിലെ പാവയെ പ്രവർത്തിപ്പിക്കുന്നയാൾഒരു അവതാരകനും (അനൗൺസർ)
- കുട്ടികളെ അഭിനയ ഗാനം പഠിപ്പിക്കുന്ന മുഖ്യ ഗായകൻ (ഗായിക)
- കുട്ടികളെ എല്ലാം ഒന്നിച്ചിരുത്തി പ്രധാന പാഠം പഠിപ്പിക്കുന്ന അദ്ധ്യാപകൻ - വി.ബി.എസ് ഡയറക്ടർ ആകാം.
- ഓരോ ക്ലാസ്സിലെയും ചുമതലയുള്ള ടീച്ചർ - കൂടാതെ മുതിർന്ന കുട്ടികളുമായി ചർച്ചയിൽ ഏർപ്പെടും.
- ദാനിയേലിനും എസ്ഥേറിനും വേണ്ടി നാടകത്തിൽ അഭിനയിക്കാൻ 2 അഭിനേതാക്കൾ
- ദാനിയേലിന്റെ കൊട്ടാരത്തിലെ നാടകങ്ങൾക്ക് നേതൃത്വം നൽകുവാൻ ഒരു നേതാവ്
- ഉപകരണങ്ങളുടെ നിർമ്മാണത്തിനും പ്രവർത്തനത്തിനും ഒരു കൈത്തൊഴിൽ നേതാവ്
- ലഘുഭക്ഷണം ക്രമീകരിക്കുവാൻ ഒരു ചുമതലക്കാരൻ
- കളികളുടെ നേതാവ്

ചെറിയ കുഞ്ഞുങ്ങളുടെ കൂടെ പ്രവർത്തിക്കുന്നവർക്ക് ഒന്നോ അതിലധികമോ സഹായികളെ നൽകാം; കാണുവാനും കേൾക്കുവാനും കഴിയുന്ന (ഓഡിയോ വിഷ്വൽ) ഉപകരണം കൈകാര്യം ചെയ്യുന്നവർക്കും, സംഗീതം പഠിപ്പിക്കുന്നവർക്കും ക്ലാസ്സിന്റെ ചുമതക്കാർക്കും ആവശ്യമെങ്കിൽ സഹായത്തിന് പ്രവർത്തകരെ നിയമിക്കാം.

## പരിശീലനം

താങ്കളുടെ സന്നദ്ധ പ്രവർത്തകർക്ക് അവർ ചെയ്യേണ്ടതായ ജോലി നന്നായി മനസ്സിലാക്കി കൊടുക്കണം. ജോലി വ്യക്തമായി മനസ്സിലായാൽ ആ ജോലി ചെയ്യാൻ അവർക്ക് സന്തോഷമായിരിക്കും. വി.ബി.എസിനെ കുറിച്ച് അവർക്ക് ലഭ്യമായ കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞു കൊടുക്കുക. അതുപോലെ തന്നെ അവർ ചെയ്യേണ്ട ചുമതലകൾ കൃത്യമായി ബോധ്യപ്പെടുത്തുക.

https://www.youtube.com/c/Childrenareimportant

## ക്ഷണവും രജിസ്ട്രേഷനും

ഒരു വി.ബി.എസ് പ്രോഗ്രാം സുവിശേഷം അറിയിക്കുവാൻ ലഭിക്കുന്ന വലിയ ഒരു അവസരമാണ്. നിങ്ങൾനടത്തിയ വി.ബി.എസ്-ൽ സംബന്ധിച്ചതിനാൽ ഞാനിന്ന് യേശുവിൽ വിശ്വസിക്കുന്നു എന്ന് ആരെങ്കിലും നിങ്ങളെ കണ്ടുമുട്ടുമ്പോൾപറയുന്നയെന്ന് സങ്കൽപ്പിച്ചു നോക്കൂ. താങ്കളുടെ സഭാ വിശ്വാസികളായ കുട്ടികളിൽ മാത്രം വി.ബി.എസ് ഒതുക്കി നിർത്തരുത്. വി.ബി.എസ്-നെ കുറിച്ച് നന്നായി പരസ്യം ചെയ്യുകയും കുട്ടികളോട് അവരുടെ സഹപാഠികളേയും ഈ

പ്രോഗ്രാമിലേക്ക് ക്ഷണിക്കാൻ പറയുകയും വേണം. കൂട്ടുകാരെ വിളിച്ചുകൊണ്ടുവരുന്ന കുട്ടികൾക്ക് എന്തെങ്കിലും സമ്മാനവും നൽകേണ്ടതാണ്. നിങ്ങളുടെ വി.ബി.എസിന് ഒരു ചെറിയ പ്രവേശന ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ രക്ഷാകർത്താക്കളെ വിളിച്ച് വരുത്തി കുട്ടികളുടെ കൂട്ടുകാർക്കുവേണ്ടി ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തുവാൻ ഉത്സാഹിക്കണം. അങ്ങനെ ചെയ്താൽ നമ്മുടെ കുട്ടികളുടെ കൂട്ടുകാർക്കും യേശുവിനെ അറിയാൻ അവസരം കിട്ടും.

മുൻകൂട്ടി കുട്ടികളുടെ രെജിസ്ട്രേഷൻ ആരംഭിക്കുക. അങ്ങനെയെങ്കിൽ എത്ര കുട്ടികൾവി.ബി.എസിന് വരാൻ സാദ്ധ്യതയുണ്ട് എന്ന് നിർണ്ണയിക്കുവാൻ കഴിയും. അങ്ങനെ താങ്കൾക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കുവാൻ കഴിയും.

## സമയക്രമം

എല്ലാ 5 ദിവസങ്ങളിലും ഒരേ സമയക്രമം ആയിരിക്കണം. ഏതെങ്കിലും ടീച്ചർ അവധിയാണെന്ന് കണ്ടാൽ ആവശ്യാനുസരണം പകരം ആളെ ക്രമീകരിക്കുവാൻ കഴിയും.




എല്ലാ കുട്ടികളെയും ക്ലാസ് തുടങ്ങുമ്പോൾഒരുമിച്ച് കൂട്ടുക.

ക്ലാസ് ആരംഭം (എല്ലാ കുട്ടികളും ഒന്നിച്ച്):

- പ്രാർത്ഥന
- ഗാനം
- കയ്യടി /ശ്രദ്ധ പിടിച്ചെടുക്കുന്നവർ
- ഒട്ടക നാടകം
- ഗാനങ്ങൾ
- പാഠം

ഒട്ടക നാടകത്തിനിടയിലും ചില ഗാനങ്ങൾ പാടാവുന്നതാണ്. പ്രധാന പാഠത്തിനിടയിലും ഗാനങ്ങൾപാടാം. ഇത് കുട്ടികൾക്ക് ഒന്ന് ചലിക്കുവാനും വട്ടം ചുറ്റാനും അവസരം ഒരുക്കും.

തുടർന്ന് കുട്ടികളെ വയസ്സിന്റെ അടിസ്ഥാനത്തിൽ പല ക്ലാസ്സുകളായി തിരിക്കണം.

ക്ലാസ്സുകൾ

- കൊട്ടാരത്തിലെ പഠന പദ്ധതി
- ദാനിയേലിനൊപ്പമുള്ള നാടകം
  - നാടകം – ദാനിയേൽ, എസ്ഥേർ
  - പ്രവർത്തനം
- കൊട്ടാരത്തിലെ കൗതുക വസ്തുക്കൾ

തുടർന്ന് എല്ലാ കുട്ടികളും ഒന്നിച്ചു ചേർന്ന് സമാപന പ്രവർത്തനങ്ങളിൽ പങ്കെടുക്കാം

വലിയൊരു കൂട്ടമായി കുട്ടികൾഒന്നിച്ചു കൂടുക

- ലഘുഭക്ഷണം (സ്നാക്ക്)
- ഗാനങ്ങൾ
- കളികൾ



ക്ലാസ്സുകളുടെ ഒരു ചുരുങ്ങിയ സമയമെടുത്തുള്ള അവലോകനം നടത്തിയ ശേഷം പ്രാർത്ഥനയോടെ ആ ദിവസത്തെ പ്രോഗ്രാം അവസാനിപ്പിക്കുക.

ഈ വി.ബി.എസിന് എല്ലാ ദിവസവും രണ്ടു നാടകങ്ങൾഉണ്ടാകും. ഒന്നാമത്തേത് രണ്ടു ഒട്ടകങ്ങൾചേർന്ന ഒരു പാവകളിയാണ്. ദിവസാരംഭത്തിൽ എല്ലാ കുട്ടികളും ഒന്നിച്ചു ചേർന്നിരിക്കുമ്പോഴാണ് ഇത് നടത്തുന്നത്. പിന്നീട് ദാനിയേലിന്റെ ഭാഗം അഭിനയിക്കുന്ന നടനുമായി നടക്കുന്ന കൂടിക്കാഴ്ചയാണ് ഓരോ ക്ലാസ്സിലും നടത്തുന്നത്. മാറിമാറി വരുന്ന കൊച്ചുഗ്രൂപ്പുക(റൊട്ടേഷൻ സ്റ്റേഷൻ)ളിൽ കളിക്കുന്ന ദാനിയേൽ നാടകങ്ങളെക്കുറിച്ച് കൂടുതൽ വിവരം വായിച്ചിരിക്കണം.

ഓരോ ദിവസവും നടക്കുന്ന പാവകളികളെക്കുറിച്ചറിയുവാൻ താങ്കളുടെ കുട്ടികൾവളരെ ആഗ്രഹിക്കും, ഇഷ്ടപ്പെടും. ഓരോ പാഠത്തിന്റെയും പ്രധാന ഭാഗം വ്യക്തമാക്കുവാൻ വേണ്ടിയാണ് ഈ യഥാർത്ഥ നാടകങ്ങൾരൂപപ്പെടുത്തിയിരിക്കുന്നത്. നിങ്ങൾക്കാവശ്യമായിട്ടുള്ളത് രണ്ടു ഒട്ടകങ്ങളുടെ പാവകളെയും പിന്നിൽ നിന്നും വിളിച്ചു പറയുവാനുള്ള ഒരാളെയുമാണ്.

- കാംലെറ്റ്: വികൃതിക്കുട്ടനായ ഒട്ടകം. ഉപദ്രവിക്കുക, മണം പിടിക്കുക, എപ്പോഴും വിശപ്പ് പ്രകടിപ്പിക്കുക ഇതാണ് പ്രകൃതം.
- കാംലിയ: സുരക്ഷിതയല്ലെങ്കിലും ദൈവസ്നേഹമുള്ള, നൃത്തം ചെയ്യുന്ന, നാണം കുണുങ്ങി ഒട്ടകപ്പെണ്ണ്.
- അനൗൺസർ (വിളംബരം ചെയ്യുന്നയാൾ).

കഥാപാത്രങ്ങളുടെ പേരുകൾമാറ്റാനോ, തമാശകൾകൂട്ടിച്ചേർക്കാനോ നിങ്ങളുടെ ആവശ്യം പോലെ നാടകം മാറ്റം വരുത്താനോ സ്വാതന്ത്യം ഉണ്ടായിരിക്കും. കുട്ടികൾക്ക് 8 മിനിറ്റ് ആണ് ഒരു കാര്യത്തിൽ ശ്രദ്ധിച്ചിരിക്കുവാൻ സാധിക്കുന്ന സമയ ദൈർഘ്യം. ഇത് അവരുടെ പ്രായമനുസരിച്ച് വ്യത്യാസമുണ്ടാകാം. നാടകം ആ സമയത്തിനുള്ളിൽ പൂർത്തിയാക്കണം. എല്ലാ ദിവസങ്ങളിലും ആഴ്ച മുഴുവൻ അവർ നാടകത്തിനായി നോക്കിയിരിക്കും. തമാശയുടെ കാര്യം ഒട്ടും മറക്കരുത്! വി.ബി.എസിന്റെ വെബ്സൈറ്റിൽനിന്നും ഒട്ടക പാവകളുടെ ആകൃതിയും ഘടനയും താങ്കൾക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്ത് പാവകൾനിങ്ങൾക്കു തന്നെ ഉണ്ടാക്കാവുന്നതുമാണ്. പാവയെ എങ്ങനെ കളിപ്പിക്കാമെന്നതിന്റെ ഒരു വീഡിയോയും ഈ വെബ്സൈറ്റിലുണ്ട്. നോക്കുക: https://youtu.be/G7NWA7VUZAI

## ശ്രദ്ധ ആകർഷിക്കാൻ

കാണികളുടെ(സദസ്സ്) ശ്രദ്ധ ആകർഷിക്കാൻ ഓരോ ദിവസവും നമ്മൾഒരു പ്രവർത്തനം നടത്തേണ്ടതുണ്ട്. ഓരോ സമയവും താങ്കൾപാഠത്തിന്റെ തലക്കെട്ട് വിളിച്ചുപറയണം. ഉദാ: "ധൈര്യം ദൈവത്തിന് ഒന്നാം സ്ഥാനം നൽകുന്നു." കുട്ടികൾ ഈ വാചകം ആവർത്തിച്ചുകൊണ്ട് ആക്ഷൻ കാണിക്കട്ടെ. ശ്രദ്ധ ആകർഷിക്കുന്നയാൾ ക്ലാസ്സിന്റെ ആരംഭത്തിൽ കുട്ടികളെ പഠിപ്പിക്കുക. ആ ദിവസം പലതവണ ഇത് തന്നെ ആവർത്തിക്കുക. തലേ ദിവസത്തെ പ്രവർത്തനം അവലോകനം ചെയ്യുക. യൂറ്റൂബിൽ കൊടുത്തിരിക്കുന്ന നമ്മുടെ വീഡിയോകൾകണ്ട് ആക്ഷന്റെ വ്യക്തമായ അവതരണം മനസ്സിലാക്കണം.


ചുറ്റിത്തിരിയുന്ന ചെറിയ ഗ്രൂപ്പുകൾ(ക്ലാസ്സുകൾ) (റൊട്ടേഷൻ സ്റ്റേഷൻസ്)

ചുറ്റിത്തിരിയുന്ന ഈ ക്ലാസ്സുകൾപ്രത്യേക രീതിയിൽ സംഘടിപ്പിക്കുന്ന വി.ബി.എസ് ആണ്.ഇത്തരം ക്ലാസ്സുകളിൽ നിങ്ങൾക്ക് കൂടുതൽ പശ, പെൻസിലുകൾതുടങ്ങിയവ വാങ്ങേണ്ടതില്ല. എല്ലാ കുട്ടികൾക്കും ഒരേ സമയം നിർമ്മാണ പ്രവർത്തികളിൽ ഏർപ്പെടുവാൻ കഴിയും കുട്ടികളെ മൂന്നോ അതിലധികമോ ഗ്രൂപ്പായി തിരിച്ച് അവരുടെ കൗതുക വസ്തു നിർമ്മാണ പ്രവർത്തികൾചുറ്റിക്കറങ്ങി വരും വിധം ക്രമീകരിക്കുന്നു. ഉദാ: മുതിർന്ന ക്ലാസ്സുകളിലെ കുട്ടികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ(ക്രാഫ്റ്റ്) നൽകുമ്പോൾഒരു മീഡിയം ക്ലാസ്സുകളിലെ കുട്ടികൾക്ക് പുസ്തകത്തിലെ പാഠങ്ങൾപഠിപ്പിക്കുകയും എളുപ്പമുള്ള ക്ലാസ്സിലെ കുട്ടികളെ 'ദാനിയേൽ നാടക' പ്രവർത്തനങ്ങൾനടത്തുകയും ചെയ്യുന്നു. ഓരോ രംഗവും 20 മിനിറ്റ് ആയിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഡയറക്ടറോ ചുമതലയുള്ളവരോ ഓരോ പഠന രംഗവും നിരീക്ഷിക്കുകയും ക്ലോക്കിലെ സമയത്തിനനുസരിച്ച് കുട്ടികളെ അടുത്ത ക്ലാസ്സിലേക്ക് (പഠനസ്ഥലത്തേക്ക്) പറഞ്ഞയയ്ക്കേണ്ടതാണ്.

ഓരോ പഠനസ്ഥലത്തും അതെ പ്രവർത്തിതന്നെ നടന്നാൽ മതി. ഓരോ 20 മിനിറ്റിലും കുട്ടികളാണ് മാറേണ്ടത്. ഈ പ്രക്രിയ കൊണ്ടുള്ള ഗുണം കുട്ടികൾക്ക് നടക്കാനും നിൽക്കാനും സജീവമായി പഠന പ്രക്രിയയിൽ പങ്കുകൊള്ളാനും കഴിയുന്നു. അവിടെ ആവശ്യത്തിനു സ്ഥല സൌകര്യമില്ലെങ്കിൽ കുട്ടികളെ അതേ സ്ഥലത്തു തന്നെ നിർത്തുകയും പ്രവർത്ത ൾമാത്രം മാറ്റുകയും ചെയ്യുക. എന്നാൽ അവർക്ക് എഴുന്നേൽക്കാനും ശരീരം നിവര്ത്താനും ചലിക്കാനും സ്ഥാനം മാറാനും എല്ലാം അവസരം നൽകേണ്ടതാണ്.

ഉദാഹരണം:

ആദ്യ 20 മിനിറ്റ്




രണ്ടാമത്തെ 20 മിനിറ്റ്




താങ്കളുടെ സ്കൂളിൽ ആവശ്യത്തിന് സ്ഥലമുണ്ടെങ്കിൽ കളികൾഉൾപ്പെടുത്തി മറ്റൊരു സ്ഥലം ക്രമീകരിക്കുക. അവിടെ വയസ്സിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ 4 വിഭാഗമായി തിരിച്ച് കളികൾനടത്തുക. കുട്ടികൾസ്ഥലം മാറുന്നതിനിടയിൽ അല്പസമയം ലഘുഭക്ഷണം(സ്നാക്ക്) നൽകുവാൻ ക്രമീകരിക്കണം.

ഒരിയ്ക്കൽ കുട്ടികളുടെ പഠനസ്ഥലവും സമയവും എല്ലാ ക്രമീകരിച്ചാൽ എല്ലാ ദിവസവും ആ സമയ വിവരപ്പട്ടിക പാലിക്കേണ്ടതാണ്. കുട്ടികൾഇവയെല്ലാം പെട്ടെന്ന് പഠിക്കുകയും ടീച്ചേഴ്സ് ചെയ്യുന്നതിന് മുൻപേ തന്നെ എങ്ങോട്ടാണ് പോകേണ്ടതെന്ന് അവർ മനസ്സിലാക്കും. 😉

കൊട്ടാരത്തിലെ ക്ലാസ്സുകൾക്കായി മേശകളും ബെഞ്ചുകളും ആ സ്ഥലത്ത് ക്രമീകരിച്ച് ഉപയോഗിക്കാവുന്നതാണ്.

കൊട്ടാരത്തിലെ ക്ലാസ്

പദപ്രശ്നം(പസിൽസ്)



ഈ ക്ലാസ്സിലെ കുട്ടികൾക്ക് വിനോദത്തിനും തമാശകൾക്കുമായി പദപ്രശ്നത്തിലൂടെയാണ് പാഠം ഒരുക്കിയിരിക്കുന്നത്. താഴെപ്പറയുന്ന പ്രായത്തിലുള്ള കുട്ടികൾക്കാണ് ഈ പുസ്തകം രൂപകല്പന ചെയ്തിരിക്കുന്നത്(തയ്യാറാക്കിയിരിക്കുന്നത്).

എളുപ്പമുള്ളത് – 4 - 6 വയസ്സ്
ഇടത്തരം - 7--9 വയസ്സ്
പ്രയാസമുള്ളത് – 10-12 വയസ്സ്
വിപുലമായത് -13 വയസ്സും അധികവുമുള്ളവർ

**ഹോം വർക്ക്**

ഒട്ടക സാഹസിക കഥകൾ-വി.ബി.എസിൽ ഓരോ പാഠത്തിനും ഒരു ഹോം വർക്ക് ചെയ്യാനുണ്ട്. കുട്ടികളോട് പറയേണ്ടത്, നിങ്ങൾഇന്നലത്തെ ഹോംവർക്ക് അസൈന്മെന്റ് ചെയ്തു എങ്കിൽ ഇന്നത്തെ അസൈന്മെന്റ് പൂർത്തിയാക്കാനുള്ള മാർഗ്ഗങ്ങൾചർച്ച ചെയ്യാം എന്നാണ്.
യാക്കോബ് 1:22 "എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ"

**ചോദ്യങ്ങൾചർച്ച ചെയ്യൽ**

കുട്ടികൾവളർന്നുവരുമ്പോൾഅവർ ജീവിതത്തിലെ സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിടേണ്ട സാഹചര്യങ്ങളിൽ അവർ പഠിച്ച ബൈബിൾകഥകൾസ്വന്ത ജീവിതത്തിൽ എങ്ങനെ നടപ്പിൽ വരുത്താമെന്ന് ഓർത്ത് വലഞ്ഞു പോകാം. ഇക്കാരണത്താൽ മുതിർന്ന കുട്ടികൾക്ക് ചോദ്യവും ഉത്തരവും നൽകിക്കൊണ്ട് ഒരു പ്രോഗ്രാം അവരുടെ യഥാർത്ഥ ജീവിതത്തിനുവേണ്ടിയുള്ള പാഠമായി തയ്യാറാക്കിയിരിക്കുന്നു. ഉത്തരങ്ങൾഉദാഹരണമായി അവർക്ക് നൽകരുത്. എന്നാൽ അവർ എന്താണ് പഠിച്ചത് അത് ഓർക്കാനുള്ള അവസരവും അവരെപ്പറ്റി ചിന്തിക്കുവാനും അവസരം നൽകുകയാണ് ചെയ്യുന്നത്. പറ്റുമെങ്കിൽ അവർക്ക് ഉത്തരം നൽകാതിരിക്കുക, പകരം അവരുടെ ചർച്ചയിൽ അതുപോലുള്ള തീരുമാനത്തിലേക്ക് അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയാണ് വേണ്ടത്.

ബൈബിളിലെ വെറും ചരിത്ര വസ്തുതകൾആയി കാണാതെ ഇന്നത്തെ പ്രായോഗിക ജീവിതത്തിന് ഈ വി.ബി.എസ് പഠനത്തെ പ്രയോജനപ്പെടുത്തുവാൻ കുട്ടികൾക്ക് നിങ്ങൾപ്രോത്സാഹനം നൽകുകയാണ് വേണ്ടത്. വിശ്വാസത്തിന്റെ ഒരന്തരീക്ഷമാണ് ക്ലാസ്സിൽ നിങ്ങൾസൃഷ്ടിക്കേണ്ടത്. കുട്ടികൾക്ക് തോന്നുന്നത് തെറ്റാണെങ്കിൽ പോലും നിങ്ങളോട് പറയാൻ അവർക്ക് സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഉണ്ടാകണം. ഈ ചോദ്യങ്ങൾക്ക് അവർ സത്യസന്ധമായും വ്യക്തിപരമായും പ്രതികരിക്കുകയാണെങ്കിൽ അവർ കൂടുതൽ വളരുകയും പക്വത പ്രാപിക്കുകയും ചെയ്യും.

ദാനിയേലിനോടൊപ്പമുള്ള നാടകങ്ങൾ.



ഈ ക്ലാസ്സിൽ നടത്താനായി 2 പ്രവർത്തനങ്ങളുണ്ട്. ഇതേസമയം മറ്റ് ക്ലാസ്സുകളിലും ഇതുപോലെ നടക്കും. ഒന്നാമത് ദാനിയേലുമൊത്തുള്ള നാടകവും തുടർന്ന് ഈ പാഠത്തെ ശക്തിപ്പെടുത്തുവാൻ ആവശ്യമായ പ്രവൃത്തികളുമാണ് നടത്തുന്നത്. ബൈബിളിൽ നിന്നുള്ള ദാനിയേലിനെയും എസ്ഥേറിനേയും കണ്ടുമുട്ടുമ്പോൾതന്നെ കുട്ടികൾക്ക് വിനോദവും സന്തോഷവും ഉണ്ടാകും. സന്നദ്ധരായ നടന്മാരെ അണിയിച്ചൊരുക്കി അവരുടെ ഭാഗം അവതരിപ്പിക്കുമ്പോൾതന്നെ കുട്ടികൾക്ക് തമാശ ആസ്വദിക്കാം. ബാബിലോണിയൻ ചക്രവർത്തിമാരുടെ ഉയർന്ന(ശ്രേണിയിലെ) സ്ഥാനത്തെ ഉദ്യോഗസ്ഥനാണ് ദാനിയേൽ. പേർഷ്യൻ ചക്രവർത്തിയുടെ സുന്ദരിയായ രാജ്ഞിയാണ് എസ്ഥേർ. നാടകത്തിനു വേണ്ടി നാം ഒരു വിശദീകരണം നൽകേണ്ടതാണ്. ടീച്ചറുമായി കൂടിയാലോചിച്ച ശേഷം നിങ്ങൾക്ക് തോന്നുയെങ്കിൽ നാടകത്തിന് ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. ആവശ്യത്തിനു ആളുകളുണ്ടെങ്കിൽ ശദ്രക്ക്, മേശക്ക്, അബെദനഗോ, രാജാവ് നെബൂഖദ്നേസർ എന്നിവരെ നാടകത്തിലേക്ക് കൊണ്ടുവരാവുന്നതാണ്.



ക്ലാസ്സിലെ നാടകഭാഗം കഴിഞ്ഞാൽ കുട്ടികളോടൊപ്പമുള്ള പ്രവർത്തനങ്ങൾനടത്തണം. എന്താണോ അവർ പഠിച്ചത് അത് പ്രയോഗത്തിൽ വരുത്തുവാൻ സഹായിക്കുന്ന രസകരമായ ഒരു പരിപാടിയാണ് പ്രവർത്തനം എന്ന് പറയുന്നത്. ഓരോ പ്രവർത്തനവും അതാതു ദിവസത്തെ പാഠങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഈ പ്രവർത്തനങ്ങളിലെ പ്രധാനകാര്യം തമാശകൾസൃഷ്ടിക്കുക മാത്രമല്ല കുട്ടികളുടെ ജീവിതത്തിൽ ചില അവസരങ്ങൾഒരുക്കിക്കൊടുക്കുകയും വ്യത്യസ്ത സാഹചര്യങ്ങളിൽ അവർ എന്തു ചെയ്യണമെന്നു ചിന്തിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യാൻ പ്രാപ്തരാക്കുകയുമാണ്.



ക്ലാസ്സിലെ ക്രാഫ്റ്റ് വർക്കുകൾ

കൊട്ടാരത്തിലെ ക്ലാസ്സിൽ നിങ്ങൾക്ക് ക്രാഫ്റ്റ് വർക്കിലൂടെ തമാശകൾസൃഷ്ടിക്കാൻ കഴിയും. ഒരു സമയത്ത് ചില ലളിതമായ ക്രാഫ്റ്റ് വർക്കിലൂടെ ചിത്ര രചനയിൽ സൃഷ്ടിപരമായ കഴിവുകൾതെളിയിക്കാൻ കഴിയും. ഓരോ ക്രാഫ്റ്റ് വർക്ക് രൂപകല്പന ചെയ്തിരിക്കുന്നത് കൊച്ചുകുട്ടികൾക്കും മുതിർന്ന കുട്ടികൾക്കും ഒരുപോലെ വേണ്ടിയാണ്. എല്ലാവരും അവരവരുടെ രീതിയിൽ ഒട്ടിച്ചും കൂട്ടിച്ചേർത്തും തങ്ങളുടെ കഴിവുകൾപ്രകടമാക്കി അതാസ്വദിക്കണം.




പൂന്തോട്ടത്തിലെ കളികൾ

കളികൾകൂടാതെ ഒരു വി.ബി.എസും പൂര്ത്തിയാകുന്നില്ല. ഈ ക്ലാസ്സിൽ അത്ഭുതകരവും ആവേശകരവുമായ പലകളികളും നിങ്ങൾക്ക് കാണാൻ കഴിയും. കുട്ടികൾ അവയെ ആസ്വദിക്കും. അവ ഉപയോഗിച്ച് കളിക്കുവാൻ വളരെ എളുപ്പമായിരിക്കും. ഈ കളികൾക്ക് ലളിതവും വലിയ വിലപിടിപ്പില്ലാത്തതുമായ വസ്തുക്കൾ മാത്രം മതിയാകും. ഇവ എളുപ്പത്തിൽ ലഭ്യമാക്കുവാനും കഴിയും. വി.ബി.എസിലെ ഈ തമാശകൾ തരുന്ന സന്തോഷങ്ങൾ ആസ്വദിക്കുക.



രാജകീയ ഭക്ഷണം

ഈ ക്ലാസ്സിൽ നിങ്ങൾക്ക് ആരോഗ്യകരവും രുചികരവും രസകരവുമായ ലഘുഭക്ഷണം വിതരണം ചെയ്യാം. അത് ഓരോ പാഠവുമായി ബന്ധിപ്പിക്കാനും കഴിയും. എളുപ്പത്തിൽ ലഭ്യമാക്കാവുന്നതും താങ്ങാവുന്ന വിലയുള്ളതും ആണെന്ന് ഉറപ്പുവരുത്തേണ്ടതും മാറ്റം വരുത്താനോ കൂട്ടിചേർക്കാനോ സ്വാതന്ത്ര്യവും ഉണ്ടായിരിക്കും. ഈ ലഘുഭക്ഷണം കുട്ടികൾക്ക് സന്തോഷം പകർന്നുകൊടുക്കുക മാത്രമല്ല മറ്റൊരു രസകരമായ പ്രവർത്തനത്തിനു പുതിയ ഉത്സാഹം പകരുകയും ചെയ്യും, ഇതര ആശയങ്ങൾ

# ഇതര ആശയങ്ങൾ

### ഇഷ്ടിക രംഗം

അലങ്കരിക്കാൻ ഇഷ്ടിക ഭിത്തികൾ, കൊട്ടാരത്തിന്റെ ഭിത്തികളായി സങ്കൽപ്പിക്കുക.



### കുട്ടിക്കടലാസ് കൊണ്ടുള്ള ഒട്ടകം

കുട്ടികളുടെ ബഞ്ചുകളും മേശകളും ചെറിയ ഒട്ടകങ്ങളെക്കൊണ്ട് അലങ്കരിക്കുക

### പ്രവർത്തന ചക്രം

ഒരു സൂചിയിൽ കറങ്ങുന്ന ചക്രം തയ്യാറാക്കുക. കുട്ടികൾക്ക് പ്രവർത്തനങ്ങൾ കള്ളികൾ തിരിച്ച് എഴുതി മനോഹരമാക്കുക. അത് കുട്ടികൾ പരിശീലിക്കും. മുറിയിൽ എവിടെയെങ്കിലും ഇത് സ്ഥാപിക്കുക. ഇത് അവർക്ക് പരസ്പരം ഇടപെടാനുള്ള ഒരു അലങ്കാരമായിരിക്കും.






### കൊട്ടാരത്തിലെ ഉച്ചസദ്യ

കുട്ടികളെ കേരീടം ചൂടിക്കുക. മേശ ഒരു മേശ വിരികൊണ്ട് അലങ്കരിക്കുക. കുട്ടികൾ രുചികരമായ ലഘുഭക്ഷണം (സ്നാക്സ്) കഴിക്കുമ്പോൾ അവർ ഒറു കൊട്ടാരത്തിലിരുന്നാണ് ഭക്ഷണം കഴിക്കുന്നതെന്ന് അവർക്ക് തോന്നണം





### തീക്കുണ്ഡം


കാർഡ് ബോർഡ് ബോക്സ് ഉപയോഗിച്ച് ഒരു തീക്കുണ്ഡം തയ്യാറാക്കുക. മുറിയിൽ, പാഠം രണ്ടിന്റെ ഭാഗമായി ഈ തീക്കുണ്ഡം അലങ്കരിക്കുക. ഇതും കുട്ടികൾക്ക് നല്ല തമാശയുടെ അനുഭവം നൽകുന്നു.



### ഫോട്ടോ ഫ്രെയിം

ഫോട്ടോ എടുക്കുന്നതിനായി ഒരു ഭാഗം ക്രമീകരിക്കുക. അവിടെ നിന്ന് കുട്ടികൾക്ക് സെൽഫി എടുക്കാൻ കഴിയും.





### സിംഹ ഗുഹ

ഒരു കാർഡ് ബോർഡ് ബോക്സ് അലങ്കരിച്ച് ഭിത്തികളളിൽ ഗ്രേയും ബൗണും നിറങ്ങൾ ഒട്ടിച്ച് ചേർക്കുക. ഗുഹഭിത്തിയാണെന്ന് തോന്നണം. ഗുഹയുടെ പശ്ചാത്തലമായി സിംഹങ്ങളുടെ കുറച്ച് ചിത്രങ്ങൾ ഒട്ടിക്കണം, ഒരു മനുഷ്യന്റെ ചിത്രവും വേണം. മനുഷ്യൻ ദാനിയേലാണ്. പാഠം 5-ൽ ഒരു സിംഹത്തിന്റെ



### രാജാവിന്റെ സിംഹാസനം

ഒരു കസേര സിംഹാസനമായിട്ട് അലങ്കരിക്കണം





### പേപ്പർ പൂന്തോട്ടം


ബാബിലോണിലെ തൂക്കിയിട്ടന്ന പൂന്തോട്ടങ്ങളായിരിക്കണം നമ്മുടെ ക്ലാസ്സിന്റെ പ്രചോദനവും ഭംഗിയും. കുട്ടികൾക്ക് തോന്നണം അവർ ബാബിലോണിലാണെ



### പേപ്പർ തീ

നിറപ്പകിട്ടുള്ള വിരിയോ പുതപ്പോ വൃത്താകൃതിയിൽ തറയിൽ വിരിക്കുക. അതിൽ തലയിണകൾ വയ്ക്കുക. നടുവിലായി പേപ്പർ കൊണ്ടുള്ള തീയും വയ്ക്കുക.

"ഒട്ടക സാഹസിക കഥകൾ" എന്ന ഇത്തവണത്തെ അതിശയകരമായ വി.ബി.എസിലെ പ്രധാന നായകരുടെ ജീവിതങ്ങളെ കുറിച്ച് പറയാൻ ഈ ഭാഗം ഉപയോഗിക്കുക.



### പുരാതന പേർഷ്യൻ അലങ്കാരങ്ങൾ

പുരാതന പേർഷ്യൻ ലിപികളിൽ എഴുതുകയും ക്രാഫ്റ്റ് വർക്കുകളും ചെയ്ത് കുട്ടികളോടൊപ്പം ഈ മുറികളിൽ പലയിടത്തും യഥാർത്ഥ അലങ്കാരങ്ങളായി സ്ഥാപിക്കുക.



# 1. ധീരത ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു
# ദാനിയേൽ 1: ഒരു പുതിയ വീടും സ്കൂളും

## ശ്രദ്ധ പിടിച്ചെടുക്കുന്നവർ/കൈയ്യടികൾ1

"ധീരത ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു"

1. "ധീരത"- കൈകൾമുഷ്ടിയുടെ വഴക്കത്തോടെ ഉയർത്തുക
2. "സ്ഥാനം നൽകുക"- രണ്ടു പ്രാവശ്യം കൈയ്യടിക്കുക
3. "പ്രഥമം"- ആകാശത്തിലേക്ക് ചൂണ്ടിക്കാണിക്കുക

## മന:പ്പാഠവാക്യം 1

റോമർ 12:2 "ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾ നിങ്ങൾക്ക് ആധാരമായിരിക്കരുത്; ദൈവം നിങ്ങളുടെ മനസ്സ് പുതുക്കി നിങ്ങളെ രൂപാന്തരപ്പെടുത്തട്ടെ. അപ്പോൾ വിശിഷ്ടവും ദൈവത്തിനു പ്രസാദകരവും സമ്പൂർണവുമായ തിരുഹിതം എന്തെന്നു വിവേചിച്ചറിയുവാൻ നിങ്ങൾക്കു കഴിയും."

## നാടകം 1: ഒട്ടക ഓട്ടമത്സരം

കാംലിയ രംഗത്ത് പ്രവേശിക്കുന്നു. ഓ! ആ ഒട്ടകങ്ങളെയെല്ലാം നോക്കു! ഈ വലിയ മത്സരം കാണുവാൻ എനിക്ക് ഇഷ്ടമാണ്. മണം പിടിക്കുന്നു... എന്തു മണമാണിത്? കാംലെറ്റ് രംഗത്തേക്ക് വരുന്നു: ക്ഷമിക്കണം, ഇന്ന് ഞാൻ ഡിയോ ഡറന്റ് അടിക്കുവാൻ മറന്നുപോയി. ഞാൻ കരുത്തുള്ളവനാണ്.

മാഡം, നിങ്ങളുടെ പേരെന്താണ്?

കാംലിയ : ഞാൻ കാംലിയ, സർ, താങ്കളുടെ പേരെന്താണ്?

കാംലെറ്റ് : കാംലെറ്റ്, മത്സരത്തിനു തയ്യാറാണ്. ഞാൻ ഈ വർഷം മുഴുവൻ പരിശീലനം നടത്തുകയാണ്. ഓടുക,ഓടുക, ഓടുക(ശ്വാസം വലിക്കുന്നു!) ഇടയ്ക്ക് വീഴുന്നു, പിന്നെയും ഓടുന്നു അല്പം വെള്ളം കുടിച്ചുകൊണ്ട് ഓടുന്നു. സമ്മാനം വാങ്ങുന്നു. ഓടുന്നു, സ്വപ്നം കണ്ടുകൊണ്ടു ഓടുന്നു.

കാംലിയ: വൗ, ഒത്തിരി ഓടിയിട്ടുണ്ടല്ലേ! എന്താണ് നിങ്ങളുടെ പുറത്ത്?

കാംലെറ്റ്: എന്റെ പ്രിയ കൂട്ടുകാരനായ റോബോട്ട്, ഞങ്ങളുടെ നമ്പർ 7. എന്നാൽ എങ്ങനെയാണ് എന്റെ റോബോട്ട് എന്റെ ഉടമസ്ഥനെപ്പോലെ ശബ്ദിക്കുന്നതെന്ന് എനിക്കറിയില്ല. ചില വലിയ ഒട്ടകങ്ങൾ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട് കരുത്തും വേഗതയും കിട്ടുന്ന ഒരു ഗുളികയെപ്പറ്റി. ഞാൻ വിചാരിക്കുന്നത് അത് ഒരു... ഷ്രസോയിഡ് ? അതോ... ബ്ലാഫോയിഡ്? സെഫാലോപോയിഡ് എന്നാണോ? (സ്റ്റിറോയിഡ് എന്ന വാക്ക് തെറ്റായിട്ടാണ് പറയുന്നത്) ഒരല്പം വഞ്ചന ആരേയും വേദനിപ്പിക്കുകയില്ലാ ഉവ്വോ? ഞാൻ പിടിക്കപ്പെടാൻ പോകുന്നില്ലാ ഞാനാണ് ഏറ്റവും വേഗതയുള്ളയാൾ, ഹഹഹ!

കാംലിയ: അങ്ങനെ മറ്റുള്ളവരോട് ചെയ്യുന്നത് ശരിയല്ല! ദൈവത്തിന് പ്രഥമ സ്ഥാനം നൽകുകയും അനുസരിക്കുകയും മറ്റുള്ളവരോട് നന്മ ചെയ്യുകയും ചെയ്തുകൊണ്ട് നീ നിന്റെ കഴിവിന്റെ പരമാവധി നന്നായി ഓടുക. ജയിക്കുകയോ തോൽക്കുകയോ എന്തായാലും ദൈവം നിന്നോടൊപ്പമുണ്ടാകും. അതല്ലേ ഏറ്റവും വലിയ വിജയം?

കാംലെറ്റ്: നീ പറഞ്ഞതാണ് ശരി. ഞാൻ സ്റ്റാർട്ടിങ്ങ് പോയിന്റിലേക്ക് പോകട്ടേ. (സ്റ്റേജിൽ നിന്നു പോകുന്നു, ഓടിയും വീണും പോകുന്നു).

കാംലിയ: ശുഭാശംസകൾ! (സ്റ്റേജിൽ നിന്നുകൊണ്ട് അവൾ സുഹൃത്തിനെ പ്രോത്സാഹിപ്പിക്കുന്നു).

അനൌൺസർ : ഓട്ടമത്സരം ആരംഭിച്ചുകഴിഞ്ഞു. മൂന്നാം നമ്പർ താരമാണ് ഇപ്പോൾമുന്നിട്ടു നിൽക്കുന്നത്, തൊട്ടു പിന്നിൽ തന്നെയുണ്ട് നമ്പർ 1. നമ്പർ 27 മുന്നേറിക്കൊണ്ടിരിക്കുന്നു. മൂന്നാം നമ്പർ ഒന്നാം സ്ഥാനത്തിനായി കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതാ 100 മീറ്റർ കടന്നപ്പോൾ നമ്പർ 27 തൊട്ടു പിന്നിലും അതിനു പിന്നിൽ നമ്പർ ഒന്നും ഫിനിഷ് ചെയ്തിരിക്കുന്നു.

കാംലെറ്റ് കിതച്ചുകൊണ്ട് പ്രവേശിക്കുന്നു

കാംലിയ: നിങ്ങളെല്ലാവരും ട്രാക്കിൽ കടുത്ത മത്സരം കാഴ്ച വെച്ചു. അത് ആവേശകരമായ കാഴ്ചയായിരുന്നു. എങ്ങനെയുണ്ടായിരുന്നു മത്സരം?

കാംലെറ്റ്: വിജയത്തിനു തൊട്ടടുത്തെത്തി; എനിക്ക് നാലാം സ്ഥാനം കിട്ടി.

അനൌൺസർ : ശ്രദ്ധിക്കുക; ഇപ്പോൾനടന്ന മത്സരത്തിൽ ഒരു തകരാർ സംഭവിച്ചിട്ടുണ്ട്. മത്സരത്തിൽ പങ്കെടുത്ത ചില ഒട്ടകങ്ങൾഉത്തേജക മരുന്ന് കഴിച്ചിരുന്നതായി തെളിവ് ലഭിച്ചിട്ടുണ്ട്. നമ്പറുകളായ 3,27, 1 എന്നീ താരങ്ങളെ അയോഗ്യരായി പ്രഖ്യാപിക്കുന്നു. നമ്പർ 7-നെ ഔദ്യോഗികമായി വിജയിയായി പ്രഖ്യാപിക്കുന്നു.

കാംലിയ: കാംലെറ്റ്, നീ വിജയിച്ചിരിക്കുന്നു!

കാംലെറ്റ്: വൗ!! ദൈവത്തിന് സ്തോത്രം! കാംലിയ, നിന്റെ സഹായത്തിന് എനിക്ക് നിന്നോടു നന്ദിയുണ്ട്. എന്റെ സത്യസന്ധത മിക്കവാറും നഷ്ടപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾഎനിക്ക് തോന്നുന്നത് ദൈവത്തെ മഹത്വപ്പെടുത്താൻ ഒരു രീതിയിൽക്കൂടി എനിക്ക് കഴിഞ്ഞു എന്നാണ്. ഹോ! എനിക്ക് വളരെയധിക ദാഹമുണ്ട്. (സ്റ്റേജിന്റെ പിന്നിലേക്ക് മൂക്ക് നീട്ടി അവൻ ഒരു വലി വെള്ളം കുടിച്ചു.) ആ.... ഈ ആഴ്ചയിലേക്ക് ആവശ്യത്തിനുള്ള വെള്ളമുണ്ട്. ഇപ്പോൾ എനിക്ക് വിശക്കുന്നു.

## പ്രധാന പാഠം 1

ദൈവത്തിനു മുൻപിൽ നാമെങ്ങനെ ധീരരായി ഇരിക്കും എന്ന് പഠിക്കുന്ന ഈ വി.ബി.എസിലേക്ക് സ്വാഗതം! വളരെക്കാലങ്ങൾക്കു മുൻപ് നെബൂഖദ്നേസർ രാജാവ് യിസ്രായേൽ ജനങ്ങളെ ബന്ദികളായി ബാബിലോണിലേക്ക് പിടിച്ചുകൊണ്ടുപോയി. എന്തൊരു ഭയാനകമായ അവസ്ഥ! ദൈവത്തിന്റെ ജനം ഒരു വിദേശ രാജ്യത്ത് ദൈവത്തെ അറിയാത്തവരോടൊപ്പം കഴിയുക. ഇതേപോലെ തന്നെ ദൈവത്തെ അറിയാത്തവരുടെയും അവനെ അനുഗമിക്കുവാൻ ശ്രമിക്കാത്തവരുടെയും ലോകത്താണ് നാമും ജീവിക്കുന്നത്. എന്നാൽ ദൈവം യിസ്രായേൽ ജനങ്ങളുടെ കൂടെയായിരുന്നു, ബാബിലോണിൽ അവൻ വളരെ അത്ഭുതങ്ങൾ ചെയ്തു, അതുപോലെ തന്നെ ഈ തിന്മ നിറഞ്ഞ ലോകത്ത് അവൻ നമ്മോടൊപ്പമുണ്ട്. എല്ലാവരും ഒന്നിച്ച് പറയുക, ''ധീരത ദൈവത്തെ ഒന്നാം സ്ഥാനത്ത് നിർത്തുന്നു.''

സ്കൂളിൽ വച്ച് നിങ്ങളെ ആരെങ്കിലും നിങ്ങളുടെ പേരുകൾവിളിച്ചിട്ടുണ്ടോ? പേരുകൾവിളിക്കുന്നത് കണ്ടിട്ടുണ്ടോ? നിങ്ങളുടെ അദ്ധ്യാപകർ നമ്മുടെ ദൈവത്തിനെതിരായി നിങ്ങളെ എന്തെങ്കിലും പഠിപ്പിച്ചിട്ടുണ്ടോ? ഇതേ കാര്യം തന്നെ ബാബിലോണിൽ സംഭവിച്ചു. നെബൂഖദ്നേസർ രാജാവ് യിസ്രായേലിൽ നിന്ന് ഏറ്റവും മികച്ച യുവാക്കളെ പിടിച്ചുകൊണ്ടുപോയി ബാബിലോണിയൻ സർവ്വകലാശാലയിൽ ചേർത്ത് രാജാവിന്റെ കൊട്ടാരത്തിലെ സേവനങ്ങളെക്കുറിച്ച് പഠിപ്പിച്ചു. അവരിൽ ഉൾപ്പെട്ടതായിരുന്നു ദാനിയേൽ, ഹനാനിയ, മിഷേൽ, അസറിയ എന്നിവർ. അവർ പറയുന്നു ''ധീരത ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു.''

രാജാവ് അവരുടെ പേരുകൾ മാറ്റി ദൈവത്തിന്റെ കല്പനകൾക്ക് വിരുദ്ധമായി പഠിപ്പിച്ചു. അവർക്ക് വ്യത്യസ്തമായ ഭക്ഷണവും നൽകി. ഈ യുവാക്കൾ, അവരെ വിളിച്ച പുതിയ പേരുകൾക്ഷമയോടെ കേൾക്കുകയും അവരുടെ നിർദ്ദേശങ്ങൾഅനുസരിക്കുകയും ചെയ്തു. ഭക്ഷണത്തിന്റെ കാര്യത്തിൽ ആ ചെറുപ്പക്കാർ തങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നു. കാരണം ബാബിലോണിൽ അവർക്കു കൊടുത്ത ഭക്ഷണം ദൈവ കല്പനയെ ധിക്കരിക്കുന്നതായിരുന്നു. ഇതേ രീതിയിൽ ലോകം നമ്മെ കള്ളം പറയാനും വഞ്ചിക്കാനും മോഷ്ടിക്കാനും ഗുണമേന്മയില്ലാത്തവരായിരിക്കാനും ദൈവമല്ലാത്തതിനെ ആരാധിക്കാനും നിർബന്ധിക്കുന്നു. ദൈവം നമ്മോടു പറഞ്ഞിട്ടുണ്ട് അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യരുതെന്നും ലോകത്തിന്റെ സമ്മർദ്ദങ്ങൾക്ക് വഴങ്ങിക്കൊണ്ട് അവനെ അനുസരിക്കാതിരിക്കരുതെന്നും. എല്ലാവരും ഒന്നിച്ചു പറയുക ''ധീരത ദൈവത്തിനു പ്രഥമസ്ഥാനം നൽകുന്നു.''

ദാനിയേൽ അവന്റെ സാഹചര്യത്തിൽ ബുദ്ധിപൂർവ്വമാണ് ജീവിച്ചത്. അവൻ തന്നെ നോക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനോട് തങ്ങൾക്കു കൊണ്ടുവരുന്ന ഭക്ഷണം 10 ദിവസം പരിശോധിക്കുവാനും അത് പ്രാവർത്തികമാകുന്നുണ്ടോയെന്നു നോക്കുവാനും ആവശ്യപ്പെട്ടു. നിങ്ങൾക്ക് ദൈവത്തോട് ചോദിക്കാൻ കഴിയും നിങ്ങളുടെ സാഹചര്യത്തിൽ ദൈവത്തെ അനുസരിച്ച് ജീവിക്കുവാനുള്ള ബുദ്ധി എനിക്ക് നൽകണമേയെന്ന്. എല്ലാവരും ചേർന്ന് പറയുക ''ധീരത ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു.''

കോളേജ് വിദ്യാഭ്യാസശേഷം ഈ യുവാക്കൾരാജകൊട്ടാരത്തിൽ സർക്കാർ സേവനത്തിലും പൊതുഭരണത്തിലും ജോലിക്കായി ചേർന്നു. മറ്റ് ആളുകൾക്കുവേണ്ടി മികച്ച രീതിയിൽ പ്രവർത്തിക്കുവാൻ കഴിയുമായിരുന്നതിനാൽ അവരെ കൊട്ടാരത്തിലെ ഉയർന്ന സ്ഥാനത്ത് നിയമിച്ചു. അവർ അവരുടെ ജോലി നന്നായി നിർവ്വഹിച്ചു. യേശു പറഞ്ഞു അവനിൽ വിശ്വസിക്കുന്നവൻ ലോകത്തിന്റെ വെളിച്ചം ആകുന്നുയെന്ന്. ദൈവത്തിന്റെ വെളിച്ചം ലോകത്ത് എവിടെയാണോ നിങ്ങൾക്ക് പ്രസരിപ്പിക്കുവാൻ കഴിയുന്നത് അവിടെ നിങ്ങളെ ദൈവം നിയമിക്കും. രാഷ്ട്രീയത്തിലോ, കച്ചവടത്തിലോ, എഞ്ചിനീയറിങ്ങിലോ, വൈദ്യശാസ്ത്രം, സാങ്കേതിക വിദ്യ, കുട്ടികളെ വളർത്തൽ, കായികരംഗം, സുവിശേഷ വേല, അദ്ധ്യാപനം, ഭരണം ഏതു തുറയിലായാലും അവിടെ വെളിച്ചം പകരാൻ നിങ്ങൾക്ക് കഴിയും. ദൈവം നിങ്ങളെ ഉപയോഗിക്കുവാൻ തുടങ്ങും, സ്കൂളിലോ വീട്ടിലോ അയല്പക്കത്തോ

മറ്റുള്ളവർക്കുവേണ്ടി ലോകത്തെ മെച്ചപ്പെടുത്തുവാൻ. നിങ്ങൾഎന്തുചെയ്യും ദൈവത്തിന് പ്രഥമസ്ഥാനം നൽകി അവനെ അനുസരിക്കുകയില്ലേ? എല്ലാവരും ചേർന്നു പറയുന്നു, "ധീരത ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു."




## കൊട്ടാരം 1- ലെ ക്രാഫ്റ്റ്

### ഹൃദയം

*വസ്തുക്കൾ*




- ചുരുണ്ട റിബ്ബൺ, 50cm
- പേപ്പർ ഹൃദയം
- ബൈബിൾ വാക്യങ്ങൾ എഴുതിയ ബാനർ
- പശ
- കളറുകൾ


*നിർദ്ദേശങ്ങൾ*


* ഹൃദയവും കൊടിയും പേപ്പറിൽ വെട്ടിയെടുക്കുക. നിങ്ങൾക്ക് പ്രിയപ്പെട്ട നിറങ്ങൾകൊടുക്കുക.


* രണ്ടറ്റത്തും പശ തേച്ച് റിബണിന്റെ അറ്റത്ത് ഹൃദയം ഒട്ടിക്കുക ഒരു കൊളുത്തുപോലെ . റിബണിന്റെ നടുക്ക് കൊടി ഒട്ടിക്കുക.





## കൊട്ടാരത്തിലെ ക്ലാസ് 1











| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| കാ | ശം | ബാ | ആ | ഹാ | രം | മോ | ക | കാ | ശം | ജ്ഞാ |
| ബു | ക | ബി | നെ | റ | പ | ഷ്ടി | യേ | ഒ | പ | നം |
| അ | യേ | ലോ | ദ്നേ | ബു | ട്ടു | ക്ക | ശ്രു | ന്നാ | തി | മോ |
| ദു | ന | ൺ | യു | പ്പെ | ഖ | ക | ബു | മ | യേ | ഷ്ടി |
| ഷി | ബു | ശ്രു | ര | ദാ | ക്ക | ദ്നേ | ദു | ത്തേ | ലോ | ക്ക |
| ച്ച | ഷ്ടി | ന്ത | പ | തി | നി | ച്ച | സ | ത് | യു | കം |
| ക | പാ | പ്പെ | ച | മാ | ലോ | യേ | ലോ | ർ | ക്ക | ലോ |
| ശ്രു | പ്ര | കാ | ശം | ശ്രു | കഃ | ഷ്ടി | ൽ | ദ്നേ | പ്പെ | ള്ളം |
| ബു | ക | ള്ളം | പ | റ | യു | ക | ദാ | ക്ക | ധൈ | ര്യം |



| | |
|---|---|
| 5 | 1 |
| 14 | 4 |
| 6 | 7 |
| 12 | 11 |
| 8 | 13 |
| 9 | 2 |
| 10 | 3 |



## ചോദ്യങ്ങളും ഉത്തരങ്ങളും 1

1. **"ok" എന്തുകൊണ്ടെന്നാല് "എല്ലാവരും ചെയ്യുന്നു" ഈ കാണുന്നതിലെ തെറ്റായ കാര്യം എന്താണ്?**

   ഉദാ: മിഠായി മോഷ്ടിക്കുന്നത്, ഒരു പ്രയോജനവുമില്ലാത്ത നാണയം കറക്കി നോക്കൽ, ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ നുണ പറയൽ, ചെയ്യാൻ പറ്റാത്ത കാര്യം ഏൽക്കുക.

2. **എന്തുകൊണ്ടാണ് കൊട്ടാരത്തിലെ കോടതിയുടെ തലവൻ ഈ ആൺകുട്ടികളെ തിരഞ്ഞെടുത്തത്? എന്താണ് ദൈവം അവരിൽ കണ്ടത്? ആളുകൾഅവരിൽ കണ്ടതിന് വ്യത്യസ്തമാണ് ദൈവം കണ്ടത്?**

   യിസ്രായേൽ ജനങ്ങളിൽ ഏറ്റവും മിടുക്കരും മികച്ചവരും അവരായിരുന്നു. ദാനിയേൽ 1:3a. ദൈവം അവരെ തന്നോട് ഏറ്റവും വിശ്വസ്തരാണ് അവരെന്ന് കണ്ടു. അവരുടെ കഴിവുകൾഅവർക്ക് നൽകിയത് അവനാണ്. ദാനിയേൽ 1:17

3. **എന്താണ് ദൈവം നിനക്ക് നൽകിയത്?**

   ഉദാ: ഗലാ. 5:22-23 ആത്മാവിന്റെ ഫലങ്ങൾ, കഴിവുകൾ, പൈതൃകം.

4. **"ദൈവത്തിന് പ്രഥമസ്ഥാനം" എന്നത് ഉദ്ദേശിക്കുന്നത് എന്താണ്?**

   ഉദാ: ഏറ്റുപറച്ചിൽ, പുനസമർപ്പണം, മറ്റുള്ളവരോട് രമ്യതയിലാവുക, കൂട്ടുകാരിൽ അപ്പുറമായി ദൈവത്തെ അനുസരിക്കുക.

5. **ഈ കഥയിലെ ആളുകൾആരൊക്കെയാണ്?**

   ഉത്തരം: നെബൂക്കദ്നേസർ രാജാവ്, ദാനിയേൽ, ഹനാനിയ, മിഷേൽ, അസാറിയ

## അസൈന്മെന്റ് 1

ദൈവത്തെ അനുസരിക്കുവാൻ പ്രയാസമുള്ള ചില കാര്യങ്ങൾചിന്തിക്കുക. ദൈവത്തോട് സഹായം ചോദിക്കുക, എന്നിട്ട് എല്ലാ ദിവസവും അവനെ അനുസരിക്കുക.

## ദാനിയേലിനൊപ്പമുള്ള നാടകം-1

ടീച്ചർ: കൊട്ടാരത്തിലെ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് തന്റെ ജീവിത കഥ നമ്മോടു പറയുവാൻ ഈ തിരക്കിനിടയിൽ സമയം കണ്ടെത്തിയ മഹാനായ ദാനിയേൽ ഇതാ നമ്മുടെ അടുത്തേക്ക് കടന്നു വരുന്നു. എല്ലാവരും ദയവായി ദാനിയെലിനെ സ്വാഗതം ചെയ്താലും! (എല്ലാവരും അദ്ദേഹത്തെ സ്വാഗതം ചെയ്യുന്നു).

ദാനിയേൽ: ഹലോ, കുട്ടികളേ! എന്റെ പേര് ദാനിയേൽ, നിങ്ങളെ എല്ലാവരേയും കാണാൻ സാധിച്ചതിൽ എനിക്കതിയായ സന്തോഷമുണ്ട്. ഒരു ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും കാണുന്നതിന് സമയം ക്രമീകരിക്കാമോ എന്ന് എന്റെ സഹായി എന്നോട് ചോദിച്ചപ്പോൾഞാൻ വാസ്തവത്തിൽ അമ്പരന്നുപോയി. നിങ്ങളിൽ വളരെയേറെ കൃപാവരങ്ങളുണ്ട്. നിങ്ങളിൽ ദൈവം എന്തെല്ലാം അത്ഭുതകാര്യങ്ങളാണ് നിറച്ചിരിക്കുന്നതെന്ന് നിങ്ങൾക്കുപോലും ഒരു രൂപവും ഇല്ല. എന്റെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി എന്തായിരുന്നുയെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ ചെറുപ്പമായിരുന്നപ്പോൾ എന്റെ കൂട്ടുകാരും ഞാനും യിസ്രായേലിലായിരുന്നു കഴിഞ്ഞിരുന്നത്. ഞങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളായിരുന്നു, എന്നാൽ പല യിസ്രായേൽക്കാരും മിണ്ടാനോ കേൾക്കാനോ സാധിക്കാത്ത അന്യദൈവങ്ങളെയായിരുന്നു ആരാധിച്ച് പോന്നത്. ആദിജാത്യമുള്ള ഒരു കുടുംബത്തിലായിരുന്നു ഞാൻ ജനിച്ചത്, നെബൂക്കദ്നേസർ രാജാവ് പല രാജ്യങ്ങളേയും കീഴ്പ്പെടുത്തിക്കൊണ്ട് കിഴക്കോട്ടു വന്ന് ഞങ്ങളേയും കീഴ്പ്പെടുത്തുവാൻ പോകുന്നുയെന്ന വാർത്തകൾഞാനും കേട്ടിരുന്നു. ഞങ്ങളുടെ സമുദായത്തിന്റെ നേതാക്കൾഎപ്പോഴും പറഞ്ഞിരുന്നത് "ഞങ്ങൾകീഴ്പ്പെടുത്തപ്പെടുകയില്ല" എന്നായിരുന്നു. കള്ളാ പ്രവാചകന്മാരുടെ പ്രവചനങ്ങളായിരുന്നു ഞങ്ങളുടെ നേതാക്കൾ കേട്ടുകൊണ്ടിരുന്നത്. അവർ നേതാക്കളോട് പറഞ്ഞിരുന്നത് ദൈവം നിങ്ങളെ സംരക്ഷിക്കുമെന്നും നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ജീവിച്ചു കൊള്ളുക, ദൈവത്തെ അനുസരിക്കാതിരിക്കുക, ഇതൊന്നും പ്രശ്നമല്ല എന്നുമായിരുന്നു. യിരമ്യാപ്രവാചകനും മറ്റ് ചുരുക്കം ചില പ്രവാചകന്മാരും പറഞ്ഞിരുന്നു, നിങ്ങളെ നബൂക്കദ്നേസർ കീഴ്പ്പെടുത്തുമെന്നും പ്രവാസികളായി പിടിക്കുമെന്നും. ഞാൻ മനസ്സിലാക്കിയിരുന്നു ഞങ്ങൾ കൊല്ലപ്പെടുകയോ അടിമകളാക്കപ്പെടുകയോ ചെയ്യുമെന്ന്... ഞാൻ സങ്കൽപ്പിച്ചതുപോലെ തന്നെ എന്നെയും എന്റെ ചില കൂട്ടുകാരെയും അവർ പിടിച്ചു ബാബിലോണിയൻ സർവ്വകലാശാലയിൽ കൊണ്ടു ചെന്നാക്കി. ഞങ്ങൾ അവിടെ 3 വർഷത്തെ ബിരുദത്തിനു പഠിക്കുകയും

തുടർന്ന് രാജാവിനെ സേവിക്കുവാനും തുടങ്ങി. ഞങ്ങൾ തീരുമാനിച്ചു ദൈവം ഞങ്ങളെ ആക്കിയ സാഹചര്യത്തിൽ ഞങ്ങളുടെ കഴിവിന്റെ പരമാവധി ശക്തി ഉപയോഗിച്ച് ജോലി ചെയ്യുവാൻ. അതൊരു കഠിന കാലമായിരുന്നു. അവർ ചിലപ്പോൾ നമ്മുടെ ദൈവത്തിന്റെ മഹത്തായ നാമത്തെ മാറ്റി അന്യദൈവങ്ങളുടെ പേര് വിളിക്കും. എന്റെ പേര് മാറ്റി ബേൽത്ത്ശസ്സർ എന്ന പുതിയ പേരിട്ടതുപോലെ. ആദ്യമൊക്കെ ആ പേര് ഉച്ചരിക്കാൻ പോലും എനിക്ക് അസാദ്ധ്യമായിരുന്നു. അവരുടെ സ്കൂളിൽ വളരെയധികം ഇന്ദ്രജാല മതങ്ങൾഉണ്ടായിരുന്നു. അവർ ഞങ്ങൾക്ക് തന്നിരുന്ന ആഹാരത്തെപ്പറ്റി സങ്കൽപ്പിക്കാൻ പോലും കഴിയില്ല, ഞങ്ങൾ തീരുമാനിച്ചു ഈ ഭക്ഷണം കഴിക്കുന്നത് ദൈവ കല്പനാലംഘനമായിരിക്കുമെന്ന്. ദൈവത്തിന് പ്രഥമ സ്ഥാനം നൽകാൻ ഞങ്ങൾ തീരുമാനിച്ചു. മറ്റാരും കൂടെയില്ലെങ്കിലും ഞങ്ങൾ ഒറ്റയ്ക്കായാലും പ്രശ്നമില്ലെന്ന് ഞങ്ങൾ നിശ്ചയിച്ചു. ഞങ്ങളുടെ ചുമതലയുള്ളയാൾഞങ്ങളുടെ ഭക്ഷണം മാറ്റാൻ കൂട്ടാക്കിയില്ല. ഞാൻ അദ്ദേഹത്തോട് ഏതാനും ദിവസം പരീക്ഷിക്കുവാൻ അപേക്ഷിച്ചു, കൃപയാൽ അതുപോലെ സംഭവിച്ചു. ദൈവം ഞങ്ങളോട് കൂടെയുണ്ടായിരുന്നു, അവൻ സഹായിച്ചു. മറ്റു ചെറുപ്പക്കാരെക്കാളും ഞങ്ങൾ ആരോഗ്യമുള്ളവരായി കോളേജിൽ നന്നായി പഠിക്കുവാൻ ദൈവം സഹായിച്ചു. ബിരുദം നേടിയ ശേഷം ഞങ്ങൾക്ക് രാജാവുമായി ഒരു കൂടിക്കാഴ്ച അനുവദിച്ചു. എന്റെ കുടുംബം യിസ്രായേൽ രാജാവിനെ കാണാൻ പോയതുപോലെയാണ് എനിക്ക് തോന്നിയത്. എല്ലാ ആഡംബരങ്ങളും ആചാരങ്ങളും ഉണ്ടായിരുന്ന എന്നാൽ ബാബിലോണിലേത് വളരെ വ്യത്യസ്തങ്ങളായ സമ്പ്രദായങ്ങളായിരുന്നു. എന്തായാലും മഹാരാജാവ് ഞങ്ങളെ ജോലിക്ക് നിയമിക്കുകയും ഇതുവരെ ഞങ്ങൾകൊട്ടാരത്തിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു.


ടീച്ചർ: ഇതിന്റെയെല്ലാം നടുവിൽ അങ്ങ് അറിഞ്ഞിരുന്നോ അങ്ങയെ കൊട്ടാരത്തിലെ ഉന്നത പദവിയിലേക്ക് ഉയർത്തുമെന്ന്?

ദാനിയേൽ: ഇല്ല, ഒട്ടുമില്ല. നമ്മളാരും ഉന്നത സ്ഥാനത്ത് എത്താനായി ശ്രമിക്കുകയല്ല വേണ്ടത്. പകരം ദൈവത്തിന് പ്രഥമ സ്ഥാനം കൊടുക്കുക. എന്നിട്ട് നമ്മുടെ ജോലി ഏറ്റവും മികച്ച നിലയിലും സത്യസന്ധമായും ചെയ്യുക. മനുഷ്യർ മാത്രമല്ല അത് ശ്രദ്ധിക്കുന്നത് ദൈവവും അത് ശ്രദ്ധിക്കും.

ടീച്ചർ: ദാനിയേൽ, താങ്കൾ വന്നതിൽ ഞങ്ങൾക്ക് അതിയായ നന്ദിയുണ്ട്! അങ്ങേയ്ക്ക് കൊട്ടാരത്തിൽ അതീവ ഗൗരവമേറിയ പല ചുമതലകളും നിർവ്വഹിക്കാനുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. നാളെ നമുക്ക് വീണ്ടും കാണാം.

## പ്രവർത്തനം 1


***മുന്ഗണനകള്***




ഓരോ കുട്ടിക്കും ഓരോ പേപ്പർ നൽകുക. ഉദാഹരണ ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു പിരമിഡ് വരച്ച് അതിൽ ഏറ്റവും പ്രധാന 5 മുന്ഗണനകള് എഴുതുക. ഒന്നാമത്തേത് എഴുതുന്നതിന് മുൻപ് ദൈവത്തിന് ഏറ്റവും ഉയർന്ന മുൻഗണന നൽകാൻ അവരെ പ്രോത്സാഹിപ്പിക്കുക. ദൈവത്തെക്കുറിച്ച് ബൈബിൾഎന്താണ് പറയുന്നതെന്ന് ഓർപ്പിക്കുക (അവനാണ് നമ്മുടെ രക്ഷകൻ, വഴികാട്ടി, ശക്തി/ബലം, നാം എങ്ങനെയാണോ അങ്ങനെ തന്നെ, നമ്മെ സ്നേഹിക്കുന്നവനും നല്ലവനുമാണ്) തുടർന്ന് കുട്ടികൾക്ക് അവരുടെ മറ്റ് മുൻഗണനകൾ പരസ്പരം പങ്കുവച്ചും മറ്റും എഴുതാവുന്നതാണ്.

## കൊട്ടാര സദ്യ 1

### ***സാന്ഡ് വിച്ച് ക്രൗൺ***



***അടങ്ങിയിരിക്കുന്നവ:***

- റൊട്ടി
- പേപ്പർ
- കത്തി
- ബ്രഡ്ഡിനിടയിൽ നിറയ്ക്കാനുള്ളത്(മാംസം, പച്ചക്കറി, ജാം ഇതിലേതെങ്കിലും)

*നിർദ്ദേശങ്ങൾ:*

1. പേപ്പറുകൊണ്ട് ഒരു ക്രൗൺ മോൾഡ് ഉണ്ടാക്കുക.
2. രണ്ടു കഷണം ബ്രഡ്ഡുകൊണ്ട് സാന്ഡ് വിച്ച് ഉണ്ടാക്കുക
3. പേപ്പർ ക്രൗൺ മോൾഡ് സാന്ഡ് വിച്ചിന്റെ മുകളിൽ വച്ച് സാന്ഡ് വിച്ച് മുറിയ്ക്കുക.

***തയ്യാർ: ഇപ്പോൾ നമുക്ക് ആദ്യത്തെ കൊട്ടാര സദ്യ ആസ്വദിക്കാം!***

*ലോകത്തിന്റെ വെളിച്ചം ആയിരിക്കുക*



ക്ലാസ്സിനെ രണ്ടു ടീം ആയി തിരിക്കുക. കത്തിച്ച ഒരു വിലക്ക് എന്തെങ്കിലും പാത്രം കൊണ്ടു മൂടിവയ്ക്കുക. (തീ പിടിത്തം ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണ്) തുടർന്ന് മുറിയിലെ വെളിച്ചം അണയ്ക്കുക. എന്നിട്ട് ഓരോ കുട്ടിയെ രണ്ടു ടീമിൽ നിന്നും വിളിച്ച് വെളിച്ചം നോക്കാൻ അനുവദിക്കുക. ഇതാവര്ത്തിച്ച് മറ്റു കുട്ടികൾക്കും അവസരം നൽകി ഈ കളി നടത്തുക.

യേശുക്രിസ്തു നമ്മോട്, നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് പറഞ്ഞത് വിശദീകരിച്ചു കൊടുക്കുക. മാത്രവുമല്ല നാം ആ വെളിച്ചം മറച്ചു വയ്ക്കരുതെന്നും എല്ലാ സാഹചര്യത്തിലും ദൈവത്തെ അനുസരിക്കണമെന്നും വ്യക്തമാക്കുക. ദൈവത്തിനായി നാം ധീരരായിരിക്കണം.

*ഒട്ടകം പറയുന്നു...*



ടീച്ചറോ കുട്ടിയോ ഒട്ടകമായി മാറണം ഓരോ തവണയും. ആ വ്യക്തിയാണ് എല്ലാവരേയും കളികൾക്ക് നേതൃത്വം നൽകേണ്ടത്. ഉദാഹരണത്തിന് കറങ്ങൽ, ചാട്ടം (ഒറ്റക്കാലിൽ), ഒട്ടകത്തെപ്പോലെ അമരൽ എന്നിവയ്ക്ക്. നേതൃത്വം കൊടുക്കുന്നയാൾപറയുമ്പോൾ"ഒട്ടകം പറയുന്നു"... എന്ന് പറഞ്ഞുകൊണ്ട് ഓരോ കാര്യവും ചെയ്യും. അപ്പോൾ മറ്റെല്ലാ കുട്ടികളും അതുപോലെ ചെയ്യണം. അങ്ങനെ തന്നെ ചെയ്യാത്തവർ കളിയിൽ നിന്നും പുറത്തുപോകും. "ഒട്ടകം പറയുന്നു" എന്ന് പറഞ്ഞ് നേതാവ് തുടങ്ങിയില്ലായെങ്കിൽ ആ പ്രവൃത്തി മറ്റു കുട്ടികൾചെയ്യരുത്. ചെയ്താൽ ആ കുട്ടി പുറത്താകും. ഒട്ടകം ആകുവാൻ എല്ലാ കുട്ടികൾക്കും അവസരം നൽകണം. നിർദ്ദേശം വേഗത്തിൽ നൽകുകയാണെങ്കിൽ കളി കൂടുതൽ രസകരമായിരിക്കും.

# 2. ധീരത ദൈവത്തിൽ വിശ്വസിക്കുന്നു
# ദാനിയേൽ 3: തീയിലെ ഒരു പരീക്ഷണം

## ശ്രദ്ധ ആകർഷിക്കുന്നവർ/കൈയ്യടി 2

''ധീരത ദൈവത്തിൽ വിശ്വസിക്കുന്നു''

1. ''ധീരത''- ചുരുട്ടിയ മുഷ്ടികൾ പങ്കാളിയുമായി കൂട്ടിമുട്ടിക്കുക
2. ''വിശ്വസിക്കുക അവനിൽ'' – മേൽ പറഞ്ഞതുപോലെ ചെയ്യുക.
3. ''ദൈവം'' – ഒരു വശത്തേക്ക് രണ്ടു കൈകളും ആകാശത്തേക്ക് ചൂണ്ടുക.

## മന:പ്പാഠ വാക്യം -2

സങ്കീർത്തനങ്ങൾ 47:2 "അത്യുന്നതനായ സർവേശ്വരൻ ഭീതിദനാകുന്നു. അവിടുന്നു സർവലോകത്തിന്റെയും രാജാവാകുന്നു."

## നാടകം 2: ഒട്ടകം യുദ്ധരംഗത്ത്

കാംലെറ്റ്: (സ്റ്റേജിനു കുറുകെ മുന്നോട്ടും പിന്നോട്ടും മാർച്ച് ചെയ്ത് നടക്കുന്നു) ഹട്ട് 2,3,4. ഹട്ട് 2,3,4......

കാംലിയ: എന്താണ് നിങ്ങൾചെയ്യുന്നത്?

കാംലെറ്റ്: ഞാൻ മാർച്ച് ചെയ്യുന്നു. ഇതിനു മുൻപ് നീ ഒരിക്കലെങ്കിലും ഒരു മാർച്ച് കണ്ടിട്ടില്ലേ?

കാംലിയ: ആ രീതിയിലല്ല നീ ചെയ്യുന്നത്.

കാംലെറ്റ്: കൊള്ളാം. പട്ടാളത്തിൽ ഇന്ന് പുതിയൊരു ഒട്ടക യൂണിറ്റ് നിയമനം നടത്തുകയാണവർ. നമ്മുടെ ഗന്ധം വ്യക്തമായിത്തന്നെ ശത്രുക്കളുടെ കുതിരകളെ ഭയപ്പെടുത്തുന്നു.

കാംലിയ: ഓ, അല്ലാ... അവർക്ക് നിന്നെ നിയമിക്കാൻ പറ്റാത്തവിധം നിനക്ക് ദുർഗന്ധം ഉണ്ട്.

കാംലെറ്റ് : അതെനിക്കറിയാം, ശരിക്കും എനിക്ക് യുദ്ധത്തിനു പോകാൻ താല്പര്യം ഇല്ല. അതായത്, എനിക്ക് എന്റെ രാജ്യത്തെ സഹായിക്കണമെന്നുണ്ട്. എന്നാൽ എനിക്കാരേയും വേദനിപ്പിക്കുവാൻ യാതൊരു ആഗ്രഹവുമില്ല. എന്താണ് ചെയ്യേണ്ടതെന്ന് എനിക്കറിയില്ല... പ്രത്യേകമായി ഇനി ഞാനെന്താണ് ചെയ്യേണ്ടത്?

കാംലിയ: നീയെന്താണ് ചെയ്യാൻ പോകുന്നത്?

കാംലെറ്റ്: ഞാൻ ചിന്തിക്കുന്നത് പറക്കുന്നതിനെപ്പറ്റിയാണ്. എന്നാൽ ഞാൻ ഉയരങ്ങളെ ഭയപ്പെടുന്നു. ഓ...എനിക്ക് ഒളിച്ചിരിക്കാൻ കഴിയും അതുകൊണ്ട് അവർക്കെന്നെ കണ്ടുപിടിക്കാൻ കഴിയില്ല. (അവൻ സ്റ്റേജ് കർട്ടന്റെ അടിയിൽ ഒളിക്കുന്നു എന്നാൽ അവന്റെ തലയും ചെവികളും പുറത്തുകാണാം.)

കാംലിയ: ഉം, ഞാൻ ഇപ്പോഴും നിന്നെ കാണുന്നു.

കാംലെറ്റ്: വൂഫ്! നിനക്ക് തീർച്ചയായും എക്സ്റേ കാഴ്ചയുണ്ടാകണം. എനിക്ക് തന്നെ ഞാൻ മാറിപ്പോകുന്നു... ഇതാ ഒരു ആൺ മയിൽ; (കാംലെറ്റിന്റെ പിന്നിൽ ഒരു വിശറി പിടിച്ചിരിക്കുന്നു)

കാംലിയ: മുടിയുള്ള ഒരു വൃത്തികെട്ട മയിൽ.

കാംലെറ്റ്: ഹേയ്! ആ മയിലിനെക്കുറിച്ച് ഇങ്ങനെ പറയുന്നത് അത്ര ശരിയല്ല! തന്നെയുമല്ല, ഇതുകൊണ്ട് പ്രയോജനം ഒന്നുമില്ല. ഇതിൽ നിന്നും പുറത്ത് കടക്കാൻ എന്തെങ്കിലും വഴിയുണ്ടോ എന്ന് പോലും ഞാൻ ചിന്തിക്കുന്നില്ല.

കാംലിയ: നിനക്ക് ദൈവത്തോട് സഹായത്തിനായി പ്രാർത്ഥിക്കാൻ കഴിയും. ഒരു വഴിയെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയില്ല, പക്ഷേ അവനു കഴിയും.

കാംലെറ്റ്: പ്രിയ കർത്താവേ, ദയവായി എന്നെ സഹായിക്കൂ, എന്നെ രക്ഷിക്കണേ, എന്തു സംഭവിച്ചാലും ഞാൻ നിന്നിൽ വിശ്വസിക്കുന്നു. ഓ, സമയമായിരിക്കുന്നു, എനിക്ക് പോകണം (സ്റ്റേജിൽ നിന്നും പോകുന്നു).

കാംലിയ: അതേ കർത്താവേ, അവനെ ദയവായി സഹായിക്കണേ.

അനൌൺസർ: കുറച്ചു സമയത്തിനു ശേഷം.. അതൊരു പൊരിഞ്ഞ യുദ്ധമായിരുന്നു!

കാംലിയ: നീ യുദ്ധത്തിനു പോയോ? ഞാൻ വിചാരിച്ചു ദൈവം നിന്നെ മാറ്റി നിർത്തിക്കാണുമെന്ന്.

കാംലെറ്റ്: യാഹ്! എന്നേയും അവർ മാറ്റി നിർത്തി. എനിക്ക് ഭയങ്കര ദുർഗന്ധമായിരുന്നത് കൊണ്ട് ആരും എന്റെ അടുത്തേക്ക് പോലും വന്നില്ല, അതുകൊണ്ട് ഞാൻ ആരേയും ഉപദ്രവിച്ചില്ല.

കാംലിയ: (ശബ്ദമില്ലാതെ ചിരിക്കുന്നു, എന്നാൽ ചിരി നിർത്താൻ ശ്രമിക്കുന്നു) എന്നോട് ക്ഷമിക്കണം. അതൊരു തമാശയല്ല, നിനക്ക് വേണ്ടിയാണ് ഈ മഹത്തായ കാര്യം നടക്കുന്നത്.

കാംലെറ്റ്: ആരും ഇതുവരെ എന്നോട് യുദ്ധം ചെയ്യാൻ എന്റെ അടുത്തേക്ക് വന്നിട്ടില്ല. പകരം നമ്മൾ ചുറ്റുമുള്ളവരെ രക്ഷപ്പെടുത്താൻ പോവുകയായണുണ്ടായത്. ഒരു മനുഷ്യൻ ബോധം കെട്ടു വീണുപോയി. മറ്റൊരു മനുഷ്യൻ അറിയാതെ അവന്റെ കാലിന്റെ തള്ളവിരൽ തട്ടി വീണു. അവനു ഉന്നൽ ഇടേണ്ടി വന്നു.

കാംലിയ: വോഫ്! അത് വളരെ മോശം. എന്റെ കാലിന്റെ പേണി കഠിനമായി തട്ടുന്നത് എനിക്ക് ചിന്തിക്കാനേ കഴിയില്ല. നീയെന്താണ് ധരിച്ചിരിക്കുന്നത്?

കാംലെറ്റ്: ആളുകളെ രക്ഷിച്ചതിന് അവർ എനിക്ക് ഒരു മെഡൽ തന്നു. എന്തൊക്കെ ആയാലും യുദ്ധം അവസാനിച്ചതിൽ ഞാൻ ഏറെ സന്തുഷ്ടനാണ്. ഭക്ഷണം വളരെ നന്നായിരുന്നു, പക്ഷേ എനിക്ക് വീട്ടിൽ നിന്നുമുള്ള ധാന്യം നഷ്ടപ്പെട്ടുപോയി, ഞാൻ സംസാരിച്ചുവന്നത് എന്താണെന്നല്ല? എനിക്ക് വിശക്കുന്നു.

## പ്രധാന പാഠം 2

വീണ്ടും ഈ വി.ബി.എസിലേക്ക് തിരിച്ചുവരാം. ദൈവത്തിന് വേണ്ടി നാമെല്ലാം ധീരരായിരിക്കണമെന്നാണ് നാം പഠിച്ചുകൊണ്ടിരിക്കുന്നത്. അവസാനം നാം പഠിച്ചത് എന്തു തന്നെ വന്നാലും നാം ദൈവത്തെ അനുസരിക്കണം എന്നാണ്. നിങ്ങളുടെ സാഹചര്യത്തിൽ എന്തെല്ലാം പ്രതികൂലങ്ങൾ ഉണ്ടായാലും ഇന്ന് എന്ത് സംഭവിക്കും എന്നാണ് നാം പഠിക്കുവാൻ പോകുന്നത്. നബുക്കദ്നേസർ രാജാവ് തന്റെ വലിയൊരു സ്വർണ്ണ വിഗ്രഹം ഉണ്ടാക്കിച്ച് തന്റെ എല്ലാ ഉദ്യോഗസ്ഥരോടും ആ വിഗ്രഹത്തെ താണുവണങ്ങി കുമ്പിട്ട് ആരാധിക്കണമെന്ന് കല്പന പുറപ്പെടുവിച്ചു. ദൈവത്തിന്റെ കല്പന, തന്നെ മാത്രമേ ആരാധിക്കാവൂ, സേവിക്കാവൂ എന്നാണ്. വീണ്ടും നമ്മുടെ കൂട്ടുകാരായ ശദ്രക്ക്, മേശക്ക്, അബേദ്നഗോ(രാജാവ് അവരുടെ പേരുകൾ ഹനാനിയ, മിഷേൽ, അസാറിയ എന്നിങ്ങനെ മാറ്റിയിരുന്നു) എന്നിവർ അവരുടെ നിലപാടിൽ തന്നെ ഉറച്ചു നിൽക്കുകയും ദൈവത്തെ നിരസിക്കുന്നത് തള്ളുകയും ചെയ്തു. എല്ലാവരും പറയുക, ''ധീരത ദൈവത്തിൽ വിശ്വസിക്കുന്നു.''

രാജാവ് അവർക്ക് ഒരു അവസരം കൂടി നൽകി, അവസാനത്തെ അവസരം. അവർ ഈ പ്രതിമയെ ആരാധിക്കാതിരുന്നാൽ അവരെ കത്തുന്ന തീക്കുണ്ഡത്തിലേക്ക് വലിച്ചെറിയുമെന്ന് രാജാവ് ഭീഷണിപ്പെടുത്തി. അവർ പറഞ്ഞു, ''ഞങ്ങളുടെ ദൈവം ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്. അവൻ ഞങ്ങളെ രക്ഷിച്ചില്ലെങ്കിലും, ഒരു ബിംബത്തെയും ഞങ്ങൾവണങ്ങുകയില്ല.'' ഞങ്ങളുടെ ദൈവം മഹാദൈവം, ഞങ്ങൾക്ക് അനുസരിക്കേണ്ടത് അവനെയാണ്. ദൈവം ഞങ്ങൾക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നത്, ഭൂമിയിൽ ഞങ്ങൾഅവനുവേണ്ടി ചെയ്യുന്നതിന് എല്ലാം പ്രതിഫലം നിത്യതയിൽ സ്വർഗ്ഗത്തിൽ വച്ച് തരും എന്നാണ്. നാം ഭയപ്പെടേണ്ടതായി ഒരാൾമാത്രമേയുള്ളൂ അത് ദൈവമാണ്. പക്ഷേ അവൻ ഞങ്ങളെ സ്നേഹിക്കുന്നു. ഞങ്ങളെ അവൻ വലിയവനാണ്, എന്തിൽ നിന്നും മരണത്തിൽ നിന്നുപോലും! ശദ്രക്കും, മേശക്കും അബേദ്നഗോവും തങ്ങളെത്തന്നെ ദൈവത്തിന് സമർപ്പിച്ചു. അവന്റെ ഇഷ്ടം എന്താണോ, ഭൂമിയിൽ നിലനിർത്താനോ അതോ സ്വർഗ്ഗത്തിൽ എത്തിക്കാനോ എന്തായാലും അതിനായ് അവർ ഏല്പിച്ചുകൊടുത്തു. എല്ലാവരും പറയുക. ''ധീരല ദൈവത്തിൽ വിശ്വസിക്കുന്നു!''

നബുക്കദ്നേസർ രാജാവ് അത്യന്തം കോപാകുലനായിത്തീർന്നു. തീക്കുണ്ഡത്തിന് ഏഴുമടങ്ങ് ചൂട് വർദ്ധിപ്പിക്കാൻ അദ്ദേഹം ഉത്തരവിട്ടു. ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നീ യുവാക്കളെ തീക്കുണ്ഡത്തിലേക്ക് എറിയപ്പെട്ടു. നാം ചിന്തിച്ചേക്കാം, അവരെ തീക്കുണ്ഡത്തിലേക്ക് വലിച്ചെറിയുന്നതിനു മുമ്പേ ദൈവം അരികെ രക്ഷിക്കണമെന്ന്. ചിലപ്പോൾനമ്മൾ ചിന്തിച്ചേക്കാം ദൈവം നമുക്ക് ദുഷ്കരമായ സാഹചര്യങ്ങൾഒരുക്കുകയാണോയെന്ന്. പഠനത്തിലെ പ്രയാസങ്ങൾ, മാതാപിതാക്കൾക്ക് ക്യാൻസർ രോഗം, മറ്റൊരു പട്ടണത്തിലേക്കുള്ള മാറ്റം ഉടങ്ങിയ സാഹചര്യങ്ങൾ, ചില സാഹചര്യങ്ങളിൽ അവൻ ചെയ്യുന്നതിനേക്കുറിച്ച് നാം അവനോടു സംസാരിക്കണം. ഈ കഥയിൽ അവരെ അവൻ തീക്കുണ്ഡത്തിൽ നിന്നും മാറ്റി നിർത്തിയില്ല, എന്നാൽ അവർ അവനിൽ വിശ്വസിച്ചു. നമുക്ക് ഇനി എന്തു സംഭവിക്കുമെന്ന് നോക്കാം. എല്ലാവരും ചേർന്നു പറയുക, ''ധീരത ദൈവത്തിൽ വിശ്വസിക്കുന്നു.''

നബൂക്കദ്നേസർ അത്ഭുതപ്പെട്ടുപോയി, ആ മൂന്ന യുവാക്കളും തീയിൽക്കൂടി ഒരപകടവും കൂടാതെ നടക്കുന്നു. മാത്രവുമല്ല നാലാമതൊരാളും അവരോടൊപ്പമുണ്ട്, അവനെക്കണ്ടാൽ ദൈവത്തിന്റെ മകനെപ്പോലെയുണ്ട്. ദൈവം അവരോടൊപ്പമുണ്ടായിരുന്നു ആ കത്തുന്ന തീക്കുണ്ഡത്തിലും. അതുപോലെ നിങ്ങളും കഷ്ടതകളിലൂടെ കടന്നു പോവുകയാണെങ്കിൽ അവയ്ക്ക് നടുവിൽ നിങ്ങളോടൊപ്പം ദൈവമുണ്ടാകും. ദൈവം നമുക്ക് വാക്ക് തന്നിട്ടുണ്ട് അവൻ നമ്മെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയില്ലെന്ന്. നമ്മുടെ ജീവിതത്തിൽ വരുന്ന കഷ്ടതയുടെ കാലങ്ങളിലായിരിക്കും അവൻ നമ്മോടു കൂടെയിരിക്കുന്നത്. മാത്രവുമല്ല അവൻ തന്റെ ശക്തി നമ്മുടെ ജീവിതത്തിൽ കാണിച്ചുതരാൻ ആ അവസരങ്ങൾ ഉപയോഗിക്കും. ദൈവം നമ്മേ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് കാണുക! എല്ലാവരും ചേർന്നു പറയുക, "ധീരത ദൈവത്തിൽ വിശ്വസിക്കുന്നു."

ശദ്രക്കും മേശക്കും അബേദ്നഗോവും തീക്കുണ്ഡത്തിൽ നിന്നും ഒരു കേടും കൂടാതെ തീയുടെ ഒരു മനം പോലും ഇല്ലാത്തവരായി പുറത്തേക്ക് നടന്നു വന്നു. ദൈവത്തിന്റെ സഹായത്തോടെ നിനക്കും കഷ്ടതകളുടെ സാഹചര്യത്തിൽ നിന്നും കൈപ്പ്, കോപം, ഭയം, വിദ്വേഷം എന്നിവയൊന്നുമില്ലാതെ നിറഞ്ഞ ദൈവ സ്നേഹത്തോടെ സന്തോഷം, സമാധാനം, ക്ഷമ എന്നിവ അനുഭവിച്ചുകൊണ്ട് പുറത്തു വരാവുന്നതാണ്. നബൂക്കദ്നേസർ രാജാവിന് മനസ്സിലായി നമ്മുടെ ദൈവമാണ് സർവ്വശക്തനായ ദൈവമെന്ന്. ഒരിയ്ക്കൽ യേശു മടങ്ങി വരും, അന്ന് ലോകം മുഴുവൻ അവന്റെ മുൻപിൽ വണങ്ങും യേശുക്രിസ്തുവാണ് ഈ പ്രപഞ്ചത്തിന്റെ മുഴുവൻ രാജാധിരാജനെന്നു എല്ലാവരും ഏറ്റുപറയും.

നാം ചെയ്യുന്ന പാപങ്ങളും നമ്മുടെ തിന്മയും നമ്മെ ദൈവത്തിൽ നിന്ന് അകറ്റും. യേശു നമ്മുടെ പാപങ്ങളുടെ വില നമുക്കുവേണ്ടി ക്രൂശിൽ മരിച്ചുകൊണ്ട് കൊടുത്തു കഴിഞ്ഞു പിന്നെ അവൻ ഉയിർത്തെഴുന്നേറ്റു ആരെങ്കിലും അവനിൽ വിശ്വസിച്ചാൽ അവൻ രക്ഷിക്കപ്പെടും വിശ്വസിച്ചില്ലെങ്കിൽ രക്ഷിക്കപ്പെടുകയില്ല. നിങ്ങൾയേശുവിൽ വിശ്വസിച്ച് ഇന്ന് നിങ്ങളുടെ പാപത്തിൽ നിന്നും നിന്നെ രക്ഷിക്കുവാൻ യേശുവിനോട് പ്രാർത്ഥിച്ച് അവനെ നിന്റെ രക്ഷകനും കർത്താവുമായി സ്വീകരിക്കുമോ? പ്രാർത്ഥിക്കാം: കർത്താവായ യേശുവേ, സർവ്വ പ്രപഞ്ചങ്ങളുടേയും രാജാവ് നീയാണെന്ന് ഞാൻ അറിയുന്നു. എന്റെ സകല പാപവും എന്നോട് ക്ഷമിച്ച് എന്റെ കർത്താവായിരിക്കേണമേ. എന്നാലും എന്നെ രക്ഷിക്കുവാൻ നിനക്ക് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

## സാമ്രാജ്യത്തിലെ കരകൗശല വസ്തുക്കൾ 2

### *തീച്ചൂള*








***ആവശ്യമായ വസ്തുക്കൾ:***

- കടലാസ്സു തീച്ചൂളയുടെ അടിസ്ഥാന വസ്തുക്കൾ
- പേപ്പർ തീജ്വാലയുടെ രൂപങ്ങൾ
- നിറങ്ങൾ
- പശ

***നിർദ്ദേശങ്ങൾ***

* തീച്ചൂളയും തീജ്വാലകളും വെട്ടിയുണ്ടാക്കുക
* മനുഷ്യരും തീജ്വാലകളും ഉള്ള തീച്ചൂളയുടെ പ്രധാനഭാഗത്തിനു നിറം കൊടുക്കുക (തീച്ചൂളയിലെ ആളുകൾക്ക് ഒരു ദോഷവും വന്നില്ല എന്നത് മനസ്സിൽ വയ്ക്കണം)
* തീജ്വാലയുടെ ആകൃതികൾക്ക്, നല്ല ചൂടുള്ള തീയെന്നു തോന്നിപ്പിക്കും വിധം ഓറഞ്ച്, മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങൾകൊടുക്കുക.
* തീജ്വാലയുടെ കഷണങ്ങളുടെ അരിക് മടക്കുക. ഒരു വാതിൽ പോലെ തുറക്കാൻ കഴിയും വിധം അവയെ തീച്ചൂളയുടെ രൂപത്തോട് ചേർത്ത് ഒട്ടിക്കുക.


## അസൈന്മെന്റ് 2

ഇന്ന് ദൈവം നിങ്ങളോടുകൂടെ ഉണ്ടായിരുന്നതായി നിങ്ങൾക്ക് അനുഭവപ്പെട്ടതോ നിങ്ങൾചിന്തിച്ചതോ ആയ നിമിഷങ്ങൾകുറിച്ചു വയ്ക്കുക. അതിനെപ്പറ്റി നാമേ അദ്ധ്യാപകനോട്(അദ്ധ്യാപികയോട്) പറയുക.

## ചോദ്യോത്തരങ്ങൾ2

1. **രാജാവ് ഉണ്ടാക്കിയ സ്വർണ്ണ ബിംബത്തെ ആരാധിക്കാതിരുന്നതിന്റെ ശിക്ഷ എന്തായിരുന്നു?**
   തീച്ചൂളയിലേക്ക് വലിച്ചെറിയുക എന്നതായിരുന്നു ശിക്ഷ.
2. **കഷ്ടങ്ങളിൽ നിന്ന് ദൈവം ക്രിസ്ത്യാനികളെ രക്ഷിക്കുന്നില്ലെങ്കിൽ എന്താണത് തെളിയിക്കുന്നത്?**
   ചില ഉത്തരങ്ങൾ: വിശ്വാസത്തിന്റെ ഒരു പരിശോധന; രക്ഷിക്കാനുള്ള തന്റെ ശക്തി കാണിക്കേണ്ടതിന്; നമ്മുടെ പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ കൂടെ നടന്ന് നമ്മുടെ അരികിലായി താൻ ഉണ്ടെന്ന നമ്മെ മനസ്സിലാക്കുന്നതിന്; കൂടാതെ, മറ്റുള്ളവർക്ക് നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യം ആകേണ്ടതിനായി.
3. **എന്തെല്ലാം പ്രശ്നങ്ങളാണ് ദൈവം നമ്മെ ഉപേക്ഷിക്കുവാൻ ഇടയാക്കുന്നത്?**
   എബ്രായർ 13:5 "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല."
   പാപം നമ്മെ ദൈവത്തിൽ നിന്ന് വേർപെടുത്തുന്നു, എന്നാൽ യേശുവിലൂടെ നാം ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നു (സ്നേഹബന്ധം പുന:സ്ഥാപിക്കുന്നു). എല്ലായ്പ്പോഴും ദൈവത്തെ അനുഭവിച്ചറിയുവാനായി, എന്തെല്ലാം പ്രശ്നങ്ങൾനമുക്ക് വന്നാലും, നാം ചെയ്യേണ്ടത്, യേശുവിനെ നമ്മുടെ രക്ഷിതാവായി സ്വീകരിക്കുകയാണ്.
4. **തീച്ചൂളയ്ക്കകത്ത് ആരെല്ലാം ഉണ്ടായിരുന്നു?**
   ശദ്രക്ക്, മേശക്ക്, അബേദ്നഗോ, ദൈവം = 4. സിംഹങ്ങൾഇല്ലായിരുന്നു.
5. **നിങ്ങൾക്ക് എങ്ങനെ രക്ഷ പ്രാപിക്കാൻ കഴിയും?**
   ഇപ്രകാരം പ്രാർത്ഥിച്ചാൽ മതിയാകും: "കർത്താവായ യേശുവേ, അങ്ങ് സർവ്വലോകത്തിന്റേയും രാജാവാണെന്ന് ഞാൻ അറിയുന്നു. യേശുവേ, അങ്ങ് ദയവായി എന്റെ പാപത്തെ ക്ഷമിക്കുകയും എന്റെ ജീവിതത്തിന്റെ കർത്താവായിരിക്കുകയും ചെയ്യുമോ? എന്നെ എന്നെന്നേക്കും രക്ഷിക്കാൻ കഴിയുന്ന അങ്ങയിൽ ഞാൻ വിശ്വസിക്കുന്നു."

ടീച്ചർ: ദാനിയേലേ, വീണ്ടും സ്വാഗതം!

ദാനിയേൽ: ഒത്തിരി നന്ദി. വീണ്ടും അങ്ങയുടെ കൂടെ ആയിരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. നമ്മുടെ വലിയ ദൈവത്തെക്കുറിച്ചും എന്റെ കൂട്ടുകാരായ ശദ്രക്ക്, മേശേക്ക്, അബേദ്-നെഗോ എന്നിവരോടുമൊത്തുള്ള അത്ഭുതകഥ പറയുന്നതിനും എനിക്ക് സന്തോഷമുണ്ട്. ആശ്ചര്യത്തോടെ വിറച്ചും കൊണ്ട് അവർ വീട്ടിൽ വന്ന ദിവസം ഞാൻ ഇന്നെന്നതുപോലെ ഓർക്കുന്നു. നബുക്കദ്നേസർ രാജാവ് ഒരു വലിയ പ്രതിമ ഉണ്ടാക്കുകയും അത് സ്ഥാപിച്ച ദിവസത്തെ, സമർപ്പണച്ചടങ്ങിൽ സർക്കാർ ഉദ്യോഗസ്ഥരെക്കൊണ്ട് അതിനു മുമ്പിൽ വീണ് നമസ്കരിപ്പിക്കുകയും ചെയ്തു. കാണാനോ സംസാരിക്കാനോ എന്തെങ്കിലും ചെയ്യാനോ കഴിവില്ലാത്ത പ്രതിമയ്ക്ക് ദൈവമായിരിക്കാൻ കഴിയില്ലെന്ന് എന്റെ ജനം അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു? എന്നാൽ ചരിത്രത്തിലുടനീളം, എല്ലായ്പ്പോഴും നിസ്സാര കാര്യങ്ങളെ മനുഷ്യർ കുമ്പിട്ടു വണങ്ങിയിട്ടുണ്ട്! എന്നാൽ എന്റെ കൂട്ടുകാർ ആ പ്രതിമയെ വണങ്ങാൻ തയ്യാറായില്ല. പിടിക്കപ്പെടുകയില്ലെന്ന് അവർ ചിന്തിച്ചെങ്കിലും വേറെ ചില ആളുകൾ ഇവരുടെ കാര്യം രാജാവിനെ അറിയിച്ചു. ഞങ്ങളുടെ ചുറ്റുമുള്ള ആളുകളിൽ നിന്നും ഞങ്ങൾഎല്ലായ്പ്പോഴും വ്യത്യസ്തരായിരുന്നു. അതിനാൽ തന്നെ അവർ ഞങ്ങളെ വെറുക്കുകയും പലപ്പോഴും ഞങ്ങളെ നശിപ്പിച്ചു കളയുവാൻ ശ്രമിക്കുകയും ചെയ്തു. നിങ്ങൾചെയ്യുന്ന കാര്യങ്ങളിൽ നിങ്ങളുടെ ചുറ്റുമുള്ളവർ യോജിപ്പ് കാണിക്കാതിരിക്കുമ്പോൾ വിഷമിക്കരുത്. പ്രത്യേകിച്ച് ഒരുകുട്ടി അഥവാ യുവാവ്(യുവതി) എന്ന നിലയിൽ ആരുടെ അഭിപ്രായമാണ് കൊള്ളാവുന്നത് എന്ന് നോക്കി നിങ്ങൾ തിരഞ്ഞെടുക്കണം. ആരുമായാണോ നിങ്ങൾ സമയം ചിലവിടുന്നത് എന്നതിൽ ബുദ്ധിയോടെ തീരുമാനം എടുക്കണം. എന്നാൽ കൂട്ടുകാരായ ശദ്രക്ക്, മേശക്ക്, അബേദ്–നഗോ എന്നിവരെ ഓർത്ത് ഞാൻ ദൈവത്തോട് നന്ദിയുള്ളവനാണ്. ദൈവത്തെ അനുഗമിക്കുവാൻ ഞങ്ങൾഅന്യോന്യം ധൈര്യപ്പെടുത്തിയിരുന്നു. അവരുടെ ധൈര്യത്തെക്കുറിച്ചോർത്ത്, സത്യമായി, എനിക്ക് മതിപ്പുണ്ടായിട്ടുണ്ട്. ചിലപ്പോൾ അവർക്ക് എന്റെ പ്രോത്സാഹനം ആവശ്യമായി; ചിലപ്പോൾഎനിക്ക് അവർ ധൈര്യം പകരുന്നതും ആവശ്യമായി വന്നു. ഇത്തരത്തിലുള്ള കൂട്ടുകാരെ കണ്ടെത്തുവാൻ ശ്രമിക്കുക. ഞാൻ മടങ്ങിവരട്ടെ, അവർ പിടിക്കപ്പെട്ടു, തീച്ചൂളയിലേക്ക് വലിച്ചെറിയുകഎന്നതായിരുന്നു ശിക്ഷ! ബിംബത്തെ വണങ്ങാൻ അവർ വിസമ്മതിക്കുകയും എന്തു സംഭവിച്ചാലും തങ്ങളുടെ ജീവിതം ദൈവത്തിൽ സമർപ്പിച്ച് വിശ്വസിക്കുകയും ചെയ്തപ്പോൾ, രാജാവ് വളരെയധികം കോപിക്കുകയും എന്റെ കൂട്ടുകാരെ തീച്ചൂളയിലേക്ക് വലിച്ചെരിഞ്ഞവരെവരേയും ദഹിപ്പിച്ചുകളയുവാൻ തക്കവണ്ണം തീച്ചൂള അനേക മടങ്ങ് ചൂടു പിടിപ്പിക്കുകയും ചെയ്തു. എന്നാൽ എന്റെ സ്നേഹിതർ ജീവനോടെയിരുന്നു! അവർ ആ കഥ പറയുമ്പോൾ ഞാൻ വളരെയധികം ആശ്ചര്യപ്പെട്ടു. എന്തുകൊണ്ടെന്നാൽ തീയിലെറിയപ്പെടുന്നതിനു മുമ്പത്തെപ്പോലെ തന്നെ അവർ കാണപ്പെട്ടു. അവർക്ക് പുകയേൽക്കുകയോ കരിഞ്ഞ വസ്ത്രങ്ങളോ തീച്ചൂട് തട്ടിയ മുടിയോ മറ്റെന്തെങ്കിലും മാറ്റമോ അവർക്കില്ലായിരുന്നു. ഇത് രാജാവിലും വലിയ മതിപ്പുളവാക്കി. അദ്ദേഹം നമ്മുടെ ദൈവത്തെ സ്തുതിച്ചു. എല്ലാ കാര്യങ്ങളുടെ മേലും ആധിപത്യം ഉള്ള മഹോന്നതനായ ദൈവമാണ് നമ്മുടെ ദൈവം എന്ന് രാജാവ് തിരിച്ചറിഞ്ഞു. ഏറ്റവും എടുത്തു പറയത്തക്ക കാര്യം എന്ന് ഞാൻ കരുതുന്നത്, തീയിൽ നാലാമനായി ഒരു മനുഷ്യൻ ഉണ്ടായിരുന്നതാണ്. അദ്ദേഹത്തെ കണ്ടാൽ ദൈവപുത്രനെപ്പോലെ തോന്നുന്നു എന്നാണ് രാജാവ് പറഞ്ഞത്. അത് ഒരു ദൂതനായിരുന്നുവോ മറ്റാരായിരുന്നുവോ എന്നൊന്നും എനിക്കറിയില്ല. എന്നാൽ തീർച്ചയായും ദൈവം അവരോടുകൂടെ ആ തീയിൽ ഉണ്ടായിരുന്നു. ആ കാഴ്ച കാണുവാൻ ഞാൻ അവിടെ ഉണ്ടായിരുന്നുവെങ്കിൽ കൊള്ളായിരുന്നു എന്ന് ഞാൻ ആശിച്ചുപോകുകയാണ്. ഒരു ദിവസം, ഞാൻ സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവത്തെ കാണുവാനിടവരും. എന്തായിരുന്നാലും ദൈവത്തെ ആശ്രയിച്ചു ധീരരായ അത്തരം കൂട്ടുകാരെ എനിക്ക് ലഭിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. എന്റെ സ്നേഹിതരുടെ ദൈവത്തിലുള്ള സമർപ്പണം കണ്ടപ്പോൾ രാജാവും മറ്റെല്ലാവരും അതിശയിച്ചു. തങ്ങൾക്കെന്തോ ഒന്ന് ഇല്ലായെന്നുള്ള ബോധം അത് അവരിൽ ഉളവാക്കി. ആർക്കറിയാം? ചിലപ്പോൾ ഇതുനിമിത്തം ചിലർ ദൈവത്തിലേക്ക് തിരിയുകയും നിസ്സാരമായതിനെയൊക്കെ ആരാധിക്കുന്നത് നിർത്തുകയും ചെയ്തേക്കും.


ടീച്ചർ: ദൈവം തീച്ചൂളയ്ക്കകത്ത് നിന്ന് അവരെ വിടുവിച്ചില്ലായിരുന്നെങ്കിലും അവർ ആ വിശ്വാസത്തോടെ ജീവിതം എല്പിച്ചുകൊടുക്കുമായിരുന്നു എന്നതു ശരിയാണോ എന്നു താങ്കൾകരുതുന്നുണ്ടോ?

ദാനിയേൽ: തീർച്ചയായും, എന്റെ കൂട്ടുകാർക്ക് ദൈവത്തിലുള്ള സമർപ്പണം അത്രമാത്രമായിരുന്നു. നമുക്കറിയാമല്ലോ, നാം ദൈവത്തോടൊപ്പം എന്നെന്നും സ്വർഗ്ഗത്തിൽ ആയിരിക്കുന്ന നാളുകൾനമുക്ക് മുമ്പിലുണ്ടെന്ന കാര്യം. എനിക്കു പ്രിയപ്പെട്ട അവരെ മരണത്തിലൂടെ നഷ്ടമായിപ്പോയിരുന്നെങ്കിലും, നാം അവരോടൊത്ത് വീണ്ടും ഒത്തുചേരുന്ന ദിവസത്തിനായി നോക്കിപ്പാർത്തുക്കൊണ്ടിരിക്കുമായിരുന്നു. എന്നാൽ, അവരെ ഈ വിധം വിടുവിക്കുവാൻ ദൈവം തീരുമാനിച്ചു. അതിന്റെ ഫലമായി, സാമ്രാജ്യത്ത്തിലുള്ള ഒരു മനുഷ്യൻ പോലും നമ്മുടെ ദൈവത്തിനെതിരായി ഒരു വാക്കുപോലും സംസാരിക്കരുതെന്ന് രാജാവ് ആജ്ഞാപിച്ചു. നമ്മുടെ ദൈവം വലിയവനത്രേ. നമ്മുടെ ദൈവത്തെ എല്ലാ ജനങ്ങളും സ്തുതിക്കുവാൻ ഇടയാകും.

ടീച്ചർ: വീണ്ടും, ഇന്ന് വന്നതിനു വളരെ നന്ദി.

## പ്രവർത്തനം 2

*ഞാൻ ആശ്രയിക്കുന്നു*



ഒരു കൂട്ടമായി വൃത്താകാരമായ ആകൃതിയിൽ നിൽക്കുന്നു. ഒരാൾ പറഞ്ഞു തുടങ്ങുന്നു, "ഒരു പുതിയ ദിവസം കാണുമ്പോൾഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു." അടുത്തയാൾപറയുന്നു, "ഒരു പുതിയ ദിവസം കാണുമ്പോൾ ഞാൻ ദൈവത്തിൽ ആശ്രയിക്കുകയും എന്റെ ഡാഡി പുഞ്ചിരിക്കുകയും ചെയ്യുന്നു." ഓരോ വ്യക്തിയും ഈ ക്രമം ആവർത്തിക്കുകയും ഓരോ കാര്യം വീതം ചേർത്തുപറയുകയും ചെയ്യുന്നു. നിങ്ങളുടെ മുമ്പിൽ വച്ച് ജനങ്ങൾ പറയുന്ന ഓരോ കാര്യവും ഓർത്തുവയ്ക്കാൻ കഴിവുണ്ടാവുക എന്നതാണിതിന്റെ ഉദ്ദേശ്യം.

വീണ്ടും സമയം ഉണ്ടെങ്കിൽ, മുമ്പേ പറഞ്ഞതിന്റെ നേരെ വിപരീതം പറഞ്ഞുകൊണ്ട് കളി തുടരാം. "ഓരോ ദിവസം കാണാത്തപ്പോഴും ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു, അല്ലെങ്കിൽ എന്റെ ഡാഡി പുഞ്ചിരിക്കുന്നില്ല."

കൊട്ടാര സദ്യ

## രാജകീയ വിരുന്ന് 2

***പഴങ്ങൾകൊണ്ടുള്ള തീ***





***ആവശ്യമായ വസ്തുക്കൾ:***

- മുന്തിരിപ്പഴം
- മഞ്ഞ അഥവാ ഓറഞ്ച് നിറത്തിലുള്ള പഴമോ പച്ചക്കറിയോ (മാങ്ങ, കൈതച്ചക്ക കൂടാതെ ക്യാരറ്റ്)
- വടിയുടെ ആകൃതി പോലെ തോന്നിക്കുന്ന ബിസ്ക്കറ്റ് (അല്ലെങ്കിൽ താടിപോലെ തോന്നിപ്പിക്കുന്ന കടിച്ചു പൊട്ടിച്ചു തിന്നാവുന്ന വിധമുള്ള എന്തെങ്കിലും വസ്തു).
- കത്തി
- ഭക്ഷണം എടുക്കുവാനുള്ള പാത്രം(തളിക)

***നിർദ്ദേശങ്ങൾ:***

1. മഞ്ഞപ്പഴ തീജ്വാലയുടെ (മുള്ളുകളുടെ) ആകൃതിയിൽ മുറിക്കുക.
2. പഴം പ്ലേറ്റിൽ വയ്ക്കുക. അതിന് ചുറ്റും മുന്തിരിപ്പഴങ്ങൾ വയ്ക്കുക – പാറപോലെ തോന്നത്തക്ക വിധമായിരിക്കണം അതിന്റെ ക്രമീകരണം.
3. തടിപോലെ തോന്നിപ്പിക്കുവാനായി കരുതിയിട്ടുള്ള വടിയുടെ ആകൃതിയുള്ള ബിസ്ക്കറ്റോ വരുത്താ ആഹാര സാധനങ്ങളോ ചേർക്കുക.

***തയ്യാറായിക്കഴിഞ്ഞു! കത്തിക്കാതെ തന്നെ നമ്മുടെ തീ നമുക്ക് ആസ്വദിക്കാം.***


***അത് നാം മറക്കാതിരിക്കട്ടെ...... തീച്ചൂളയ്ക്കുള്ളിൽ ദൈവം അവരോടുകൂടെ ഉണ്ടായിരുന്നതുപോലെ, നമ്മുടെ പ്രയാസമേറിയ സാഹചര്യങ്ങളിൽ ദൈവം നമ്മോടുകൂടെ ഉണ്ട്!***

### ഒട്ടക നൃത്തം



പശ്ചാത്തല സംഗീതം ഒരുക്കുക. കുട്ടികളെക്കൊണ്ട് ഒട്ടകങ്ങളെപ്പോലെ നൃത്തം ചെയ്യിപ്പിക്കുക. അവർക്ക് ആശയം മനസ്സിലാകാൻ ഒട്ടക നൃത്തത്തിന്റെ ഒരു വീഡിയോ കാണിച്ചുകൊടുക്കുക. നിങ്ങൾസംഗീതം നിർത്തുമ്പോൾഎല്ലാ കുട്ടികളും നിശ്ചലമാകണം. ചലിക്കുന്ന കുട്ടി കളിയിൽ നിന്ന് പുറത്താകുന്നു. പുറത്താകുന്നവർ മാറി ഇരിക്കണം. വീണ്ടും 'മ്യൂസിക്' ഇടുകയും അവസാനമായി ഒരു വിജയിയെ കണ്ടെത്താൻ കഴിയുന്നതുവരെ ഇത് ആവർത്തിക്കുകയും ചെയ്യുക.

### വടംവലി മത്സരം



കുട്ടികളുടെ കൈയിൽ മുറിവേൽപ്പിക്കാത്ത വിധമുള്ള വളരെ കട്ടികൂടിയ ഒരു കയർ ഈ കളിയ്ക്ക് ആവശ്യമാണ്. കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി ടീമുകൾ(ഗ്രൂപ്പുകൾ) ഉണ്ടാക്കുക (നാലോ ആറോ ടീം പോലെ..) ഒരേ സമയം രണ്ടു ടീമുകൾ കളിക്കുക. ഓരോ ഗ്രൂപ്പുകാരും അവരുടെ വശത്തെ കയർ തറയിലെ വര അഥവാ ലക്ഷ്യസ്ഥാനം മറികടന്ന് കയറിന്റെ മദ്ധ്യഭാഗം നീങ്ങത്തക്കവണ്ണം ശക്തിയോടെ വലിക്കുക. ജയാളിയായ ടീമിനെ കണ്ടെത്തുന്നതുവരെ മത്സരം തുടരുക.

## പിടിച്ചെടുക്കുന്നവരുടെ ശ്രദ്ധയ്ക്ക്/കയ്യടി 3

"ധീരത സത്യം സംസാരിക്കുന്നു"

1. മെഗാഫോൺ പോലെ കൈകൾ വായോടു ചേർത്തുവയ്ക്കുക.
2. "ഈ...ഊ" എന്ന് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തല ഒരു വലിയ വൃത്തം പോലെ ചലിപ്പിക്കുക.
3. "ഞങ്ങൾ പറയുന്നതു കേൾക്കാമോ?" എന്ന് ചോദിക്കുമ്പോൾ 'റാപ്പ്' നൃത്തച്ചലനങ്ങൾ പോലെ കൈകൾ ചലിപ്പിക്കുക.

## മന:പാഠ വാക്യം 3

1 കൊരിന്ത്യർ 13:6 "അത് അധർമത്തിൽ സന്തോഷിക്കാതെ സത്യത്തിൽ ആനന്ദംകൊള്ളുന്നു."

## നാടകം – 3 : ഒട്ടകനൃത്തം

കാംലിയ : കാംലറ്റ്!! സഹായിക്കൂ, വരൂ കാംലറ്റ്!!

ഉടനെതന്നെ കാംലെറ്റ് ആ രംഗത്തേക്ക് വരുന്നു: എന്ത്? എന്തുപറ്റി? അവിടെ ചിലന്തി ഉണ്ടോ? ആഴത്തിൽ നിന്ന് കടൽ രാക്ഷസൻ കയറിവന്നോ? തീയെവിടെ? ഞാൻ തീ വർഷിക്കാം(തീ തുപ്പാൻ തയ്യാറാകുന്നു).

കാംലിയ: അങ്ങനൊന്നും ഇല്ല. എന്റെ നൃത്ത ഷൂസുകൾ ഇടാനാണ് വിളിച്ചത്(സ്ത്രീകളുടെ ഷൂസുകൾകൈയ്യിൽ പിടിച്ചിരിക്കുന്നു).

കാലെറ്റ്: ഞാനെന്തിനാ നിന്റെ ഷൂസ് ധരിക്കേണ്ടത്?

കാംലിയ: നിനക്ക് ഇടാനല്ല, എനിക്ക് ഇട്ടു തരാനാണ്! എനിക്ക് നൃത്തത്തിന് ഏതാണ്ട് സമയമായിവരുന്നു.

കാംലെറ്റ്: പ്രദർശനത്തിനോ? ഒരു കായികാഭ്യാസിയായോ സംഗീത നാടക പാട്ടുകാരിയായോ ഉള്ള നിന്റെ കഴിഞ്ഞ കാല ജീവിത രഹസ്യങ്ങളെക്കുറിച്ച് നീ എന്നോട് പറഞ്ഞില്ലല്ലോ?

കാംലിയ: ഞാൻ തീർച്ചയായും ഒട്ടക നൃത്ത മത്സരത്തിനുണ്ട്! എനിക്ക് ആകാംക്ഷയാകുന്നു. എന്റെ പ്രയാസം എന്റെ കാൽ വിരലുകൾപ്ലാറ്റ്ഫോമിലേക്ക് ചൂണ്ടിവയ്ക്കുന്നത് തന്നെയാണ്.

കാംലെറ്റ്: നിൽക്ക്, ഞാനൊന്ന് ശ്രമിക്കട്ടെ. (കുറച്ചുനേരം മുകളിലോട്ടും താഴോട്ടും ചാടുന്നു, പിന്നെ മറിഞ്ഞ് സ്റ്റേജിനു പുറകിലേക്ക് വീഴുന്നു) ആ....!*തകർച്ച*

കാംലിയ: നോക്കൂ? ഇത് പ്രയാസമേറിയതാണ്! എന്നാൽ എനിക്കത് ചെയ്യാൻ കഴിയും. എന്തുകൊണ്ടെന്നോ? ഞാൻ നല്ല ഡാൻസ് കാരിയാണ്. എനിക്ക് അങ്ങേയറ്റം 'ടാലന്റ്' ഉള്ളതുകൊണ്ട് പരിശീലനത്തിന്റെ പോലും ആവശ്യമില്ല. മത്സരത്തിന്റെ ഈ തലം വരെ ഞാൻ എത്തിയത് എന്റെ കഴിവുകൊണ്ട് മാത്രമാണ്.

കാംലെറ്റ്: നിന്റെ പൊങ്ങച്ചം നല്ലതല്ല.

കാംലിയ: പക്ഷേ, ഞാൻ പറഞ്ഞത് സത്യം തന്നെയാണ്.

കാംലെറ്റ്: സത്യം പറഞ്ഞാൽ, ദൈവം നിനക്ക് 'ടാലന്റ്' തന്നു. നിന്റെ ഉടമസ്ഥൻ നിന്നെ പരിശീലനത്തിന് സഹായിക്കുകയും മത്സരങ്ങളിലൂടെ മുന്നേറുവാൻ സഹായിക്കുകയും ചെയ്തു. ശരിയല്ലേ?

കാംലിയ: നീ കാണണം. നിഷ്പ്രയാസം ഞാൻ ഈ മത്സരത്തിൽ ജയിക്കും.

കാംലെറ്റ്: ഞാൻ കുറച്ച് "ടിഷ്യൂ" പേപ്പർ കൊണ്ടുവരാം, മുറിവ് വെച്ചുകെട്ടാനുള്ള കുറച്ച് തുണിക്കഷണവും(ബാൻഡേജ്) ഞാൻ കൊണ്ടുവരാം!

കാംലിയ ദേഷ്യപ്പെട്ടു പോകുന്നു.

പ്രഖ്യാപനം നടത്തുന്നയാൾ: മത്സരത്തിനുശേഷം....

കാംലെറ്റ് ഉറങ്ങുകയും കൂർക്കം വലിക്കുകയും ചെയ്യുന്നു...

ഉറക്കെ കരഞ്ഞുകൊണ്ട് കാംലിയ അകത്തേക്കു വരുന്നു.

കാംലെറ്റ് : എന്താണ് പ്രശ്നം? (കാംലിയയ്ക്ക് ഒരു ടൂവാല കൊടുക്കുന്നു)

കാംലിയ: ടിഷ്യു പേപ്പറിൽ മൂക്ക് മുട്ടിച്ചു, ഉറക്കെ നിലവിളിച്ചു കരയുന്നു) ഞാൻ ജയിച്ചില്ല! വിധികർത്താക്കൾ കൊള്ളില്ലായിരുന്നു. ഞാൻ ജയിക്കേണ്ടതായിരുന്നു! മറ്റൊരു ഒട്ടകം രണ്ടുവട്ടം ചാടി! എന്റെ ദിനചര്യ ഒരു കുറവുമില്ലാത്തതായിരുന്നു! എന്നാൽ, ഞാൻ ഒരു പ്രാവശ്യമേ ചാടിയുള്ളൂ.... ഓ.കെ, 3 വട്ടം. 4, (എങ്ങലടിക്കുന്നു) 7. എന്നാലും ഞാൻ തന്നെയായിരുന്നു ജയിക്കേണ്ടിയിരുന്നത്!

കാംലെറ്റ്: നീ ഏഴു പ്രാവശ്യം വീണു. എന്നിട്ടും നിന്നെ വിജയിയായി പ്രഖ്യാപിക്കേണ്ടിയിരുന്നു എന്നു കരുതുന്നോ? അങ്ങനെയാണെങ്കിൽ, ഞാൻ നൂറു പ്രാവശ്യം വീണ് ജയിക്കുമായിരുന്നു!

കാംലിയ: ഹേയ്! ഞാൻ...നന്നായി...അല്ല ഇത് വ്യത്യസ്തമാണ് എന്തെന്നാൽ...ഈ.. നീ പറഞ്ഞത് തന്നെ ശരി. നല്ല വിധി കർത്താക്കൾ തന്നെയായിരുന്നു. എന്റെ പിഴയാൽ തോറ്റു!(ഉറക്കെ നിലവിളിച്ച് വീണ്ടും കരയുന്നു).

കാംലെറ്റ് : കാംലിയ, ഇങ്ങനെ നീ കരയുന്നത് അഭിമാനവും സ്വയം പരിതാപകരവുമായ ചിന്തകളാലാണ്. സത്യമെന്തെന്ന് നമുക്ക് ചിന്തിച്ചാലോ?

കാംലിയ: നീ എന്താണ് പറഞ്ഞു വരുന്നത്?

കാംലെറ്റ്: ഇത് എന്നോട് ചേർന്നു പറയുക. ഞാൻ യേശുവിന്റെ സ്വന്തമാണെന്നതാണ് സത്യം. എന്റെ കഴിവുകൾ ദൈവം തരുന്നതാണ്. അവിടുന്ന് അവ എനിക്കു തന്നു; അതുപോലെ തന്നെ പെട്ടെന്ന് അവ തിരിച്ചെടുക്കുകയും ചെയ്യാം.. എന്നാൽ എന്റെ മൂല്യം കുറയുന്നില്ല. അവിടുന്ന് എന്നെ സ്നേഹിക്കുന്നതും കുറയുന്നില്ല. കഴിഞ്ഞ കാര്യത്തെപ്പറ്റി വ്യാകുലപ്പെട്ട്, മനം തളരാതെ, അതിൽനിന്ന് പാഠം ഉൾക്കൊണ്ട്, അടുത്ത പ്രാവശ്യം മുന്നേറാൻ എന്നെ സഹായിക്കാൻ ഞാൻ ദൈവത്തോട് ചോദിക്കും.

കാംലിയ കാംലെറ്റിനോട് ചേർന്ന് ആ വാക്കുകൾഉരുവിടുന്നു.

കാലെറ്റ്: ഇപ്പോൾ ആശ്വാസമാകുന്നുണ്ടോ?

കാംലിയ: അതെ, അല്പം ആശ്വാസമുണ്ട്.

കാംലെറ്റ്: കൊള്ളാം...ഞാൻ ഒരു മയക്കത്തിലായിരുന്നു...ഇപ്പോൾ...എനിക്ക് വിശക്കുന്നുണ്ട്!

## പ്രധാന പാഠം -3

ഈ വി.ബി.എസ് പാഠത്തിലേക്ക് മടങ്ങിവരാം! ധീരത എന്നത് ദൈവത്തെ മുമ്പിൽ നിർത്തുന്നതും ദൈവത്തിൽ ആശ്രയിക്കുന്നതുമാണ് എന്ന് ഓർക്കുക. ഓരോരുത്തരായി പറയുക, "ധീരത സത്യം പ്രസ്താവിക്കുന്നു"!

നെബുഖദ്നേസർ രാജാവ് ഒരു വലിയ മരത്തെ സ്വപ്നം കണ്ടു. ആ വൃക്ഷം ഭൂലോകത്തിലെല്ലാം തണലും കരുതലും നൽകിയിരുന്ന വൃക്ഷമായിരുന്നു. ആ വൃക്ഷം വെട്ടിയിടുന്നതായി രാജാവ് സ്വപ്നത്തിൽ കണ്ടു. രാജാവ് പുല്ലുതിന്നേണ്ടിവരുമെന്നും തന്റെ രോമങ്ങളും നഖങ്ങളും വളരുമെന്നും ദൂതൻ പറഞ്ഞു. നമ്മുടെ കൂട്ടുകാരനായ ദാനിയേലിനെ സ്വപ്നം വ്യാഖ്യാനിക്കാനായി രാജാവ് വിളിപ്പിച്ചു. ദാനിയേലിനോടുകൂടെ ദൈവം ഉണ്ടെന്നു ഓരോരുത്തരും മനസ്സിലാക്കിയിരുന്നതുകൊണ്ടാണ് രാജാവ് ദാനിയേലിനെ വിളിപ്പിച്ചത്. സ്വപ്നത്തിന്റെ അർത്ഥം ദൈവം ദാനിയേലിന് വെളിപ്പെടുത്തി കൊടുത്തു. അതിന്റെ അർത്ഥം രാജാവ് ഭ്രാന്തനെപ്പോലെ ആകുകയും താൻ ഒരു മൃഗമെന്നു ചിന്തിക്കുകയും ചെയ്യും എന്നായിരുന്നു. നിങ്ങൾക്കൊന്ന് ചിന്തിച്ചു നോക്കൂ: ലോകത്തിലെ ഏറ്റവും ശക്തനായ രാജാവിന്റെ മുമ്പിൽ നിന്ന് അദ്ദേഹത്തോട് ദോഷമായ വർത്തമാനം പറയുന്നത് എത്ര പേടിപ്പെടുത്തുന്ന കാര്യമാണ്! നിങ്ങൾആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? രാജാവിന് പ്രസാദമുണ്ടാകുവാൻ അനുകൂലമായ ഒരു കള്ള വ്യാഖ്യാനം കൊടുക്കുമായിരുന്നോ? ഓരോരുത്തരും പറയൂ, "ധീരത സത്യം പറയുന്നു"!

ദോഷകരമായ വാർത്തയുടെ സത്യാവസ്ഥ ദാനിയേൽ രാജാവിന് വെളിപ്പെടുത്തിക്കൊടുത്തു. മാത്രമല്ല, ബഹുമാനപൂർവ്വം, തന്നെ രാജാവിനോട് ദാനിയേൽ മറ്റൊരു കാര്യം പറഞ്ഞു. അതെന്തെന്നോ? രാജാവ് മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യകത. യേശു കൃപയും സത്യവുമായി വന്നു. യേശു ജനങ്ങളെ സ്നേഹിച്ചു. അതിനാൽ തന്നെ മനുഷ്യന്റെ പാപങ്ങളെ കാണിച്ചു തന്നു. ഏതെങ്കിലും പാപം ചെയ്താൽ കുഴപ്പമില്ല എന്ന് യേശു ഒരിക്കലും പറഞ്ഞിട്ടില്ല. പിന്നീട് ക്രൂശിൽ മരിച്ച് മനുഷ്യ പാപത്തിനുവേണ്ടി വില

നൽകി. തന്നിൽ വിശ്വസിച്ച്, മാനസാന്തരപ്പെട്ടവാനും നാം ചെയ്യുന്ന പ്രവൃത്തികളിൽ മാറ്റം വരുത്തുവാനും ഇന്നും നമ്മോട് യേശു ആവശ്യപ്പെടുന്നു. അതേ രീതിയിൽ, മറ്റുള്ളവരോട് സ്നേഹത്തോടെ സത്യം സംസാരിക്കുവാൻ നാം തയ്യാറാകണം. ഓരോരുത്തരും പറയൂ, ''ധീരത സത്യം സംസാരിക്കുന്നു''.

ഒരു വർഷത്തിനുശേഷം, രാജാവ് തന്റെ കൊട്ടാരത്തെ നോക്കി അദ്ദേഹം തന്റെ അധികാരത്താൽ തനിക്കായി പണിതതാണത് എന്ന് പറഞ്ഞു. സ്കൂളിൽ നല്ല മാർക്ക്(ഗ്രേഡ്) കിട്ടുമ്പോഴോ, മറ്റാളുകളിൽ നിന്ന് പ്രശംസ കിട്ടുമ്പോഴോ വലിയ വീട്ടിൽ താമസിക്കുമ്പോഴോ കായിക മത്സരങ്ങൾ വിജയം നേടുമ്പോഴോ മറ്റെന്തെങ്കിലും ഉന്നത കാര്യം നേടുമ്പോഴോയൊക്കെ അഹങ്കാരത്തിന്റെ കെണിയിൽ വീണുപോകാൻ വളരെ എളുപ്പമാണ്. നിങ്ങൾശക്തനാണെന്ന് അഹങ്കാരം ഭാവം ചിന്തിക്കുന്നു. എന്നാൽ ദൈവം നിങ്ങളുടെ ജീവിതം മുഴുവനായും നിയന്ത്രിക്കുന്നു എന്നതാണ് സത്യം. വിജയം നിങ്ങൾക്കുള്ളതാണ് എന്ന് ചിന്തിക്കുന്നതാണ് അഹങ്കാരം. എന്നാൽ സത്യം എന്താണ്? അത് ദൈവമഹത്വത്തിനും മറ്റുള്ളവരുടെ നന്മയ്ക്കും വേണ്ടിയുള്ളതാണ്. ഓരോരുത്തരും പറയൂ: ''ധീരത സത്യം പറയുന്നു''!

രാജാവിന്റെ വായിൽ നിന്ന് അഹങ്കാര വർത്തമാനം വന്നയുടനെ തന്നെ രാജാവ് മാനസിക നില തെറ്റിയവൻ(ഭ്രാന്തൻ) ആയി! താൻ പുറത്ത് താമസിച്ചു; കാളയെപ്പോലെ പുല്ല് തിന്നു; തന്റെ രോമങ്ങളും നഖങ്ങളും നീളത്തിൽ വളർന്നു. കുറയേറെ കാലങ്ങൾകഴിഞ്ഞപ്പോൾ, രാജാവ് സ്വർഗ്ഗത്തിലേക്ക് നോക്കി, എല്ലാകാലത്തിലും ദൈവമാണ് സർവ്വാധികാരമുള്ളയാൾഎന്ന സത്യം തുറന്നു പറഞ്ഞു എല്ലാം നമ്മുടെ നിയന്ത്രണത്തിലല്ല എന്നും നമുക്ക് വേണ്ടിയുള്ളതല്ല എന്നും അംഗീകരിക്കുന്നത് ഭയപ്പെടുത്തുന്നവാർത്തയാകാം. ഓരോരുത്തരും പറയൂ, ''ധീരത സത്യം തുറന്നു പറയുന്നു!''

ദൈവത്തിന്റെ അധികാരവും ശക്തിയും രാജാവ് തിരിച്ചറിഞ്ഞ് ഏറ്റു പറഞ്ഞതിനു ശേഷം തന്റെ രാജത്വം തിരികെ കിട്ടുക മാത്രമല്ല, തന്റെ സാമ്രാജ്യം വളരുവാനും മുമ്പത്തെക്കാൾശക്തമാകുവാനും ഇടയായി. അതിനുശേഷം, രാജാവ് അതിശയകരമായ ഒരു കാര്യം ചെയ്തു. ലോകത്തിലെ ഏറ്റവും ശക്തനായ രാജാവ് തന്റെ അശക്തിയെക്കുറിച്ച് വെളിപ്പെടുത്തിയ സംഭവകഥ വെളിപ്പെടുത്തിയും നമ്മുടെ സർവ്വാധികാരമുള്ള ദൈവത്തെ സ്തുതിച്ചുംകൊണ്ട് ഭൂലോകത്തിലുള്ള എല്ലാ മനുഷ്യർക്കും വേണ്ടി ഒരു എഴുത്ത് എഴുതി അയച്ചു! ദൈവം നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും ചെയ്യുമ്പോൾ, അത് എല്ലാവരോടും നാം പറയണം – ഒരു പക്ഷേ, ആ സത്യകാര്യം നിങ്ങളെക്കുറിച്ച് വിലകുറച്ച് ആളുകൾചിന്തിക്കേണ്ടി വന്നാലും. ദൈവത്തിന് സ്തുതി ലഭിക്കുവാനത് ഇടയാക്കും; നിത്യതവരെ അതിന്റെ പ്രതിഫലം ലഭിക്കും; നിങ്ങളുടെ ജീവിത അനുഭവം മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുകയും ചെയ്യും. ശത്രുവിന്മേൽ നാം ജയം നേടുന്നത് യേശുവിന്റെ രക്തത്താലും നമ്മുടെ സാക്ഷ്യം വചനവും നിമിത്തമാണ്, നമ്മുടെ സ്വന്ത പ്രാണനെ സ്നേഹിക്കുന്നത് കൊണ്ടല്ല എന്ന് വെളിപ്പാട്ടു പുസ്തകത്തിൽ നമുക്ക് കാണാൻ കഴിയും. സത്യം പറയുന്നതുകൊണ്ട് നാം ജയിക്കും. ഓരോരുത്തരും പറയുക: ''ധീരത സത്യം തുറന്നു പറയുന്നു''.

## കൊട്ടാരത്തിലെ കരകൗശലങ്ങൾ 3

***ബാബിലോണിലെ തൊപ്പി***




***ആവശ്യമായ വസ്തുക്കൾ***




- കടലാസു മാതൃക
- നിറങ്ങൾ
- പശ
- പിരിഞ്ഞ റിബൺ(നാട) 50 സെ.മി

**നിർദ്ദേശങ്ങൾ**

- തൊപ്പിയുടെ മാതൃക മുറിച്ചെടുക്കുക. അതിന് നിറം കൊടുക്കുക.
- 3 വ്യത്യസ്ത കഷണങ്ങളാണെങ്കിലും തൊപ്പി കവിഞ്ഞു കിടക്കത്തക്കവണ്ണം കുത്തിട്ടിട്ടുള്ള വരയിലൂടെ മടക്കിയെടുക്കുക
- ചുരുണ്ട റിബൺ (നാട) രണ്ടു വശങ്ങളിലുമുള്ള ദ്വാരങ്ങളുമായി ചേർത്തുവയ്ക്കുക അതിന്റെ മുകൾഭാഗവുമായി ബന്ധിപ്പിക്കുന്ന വിധമായിരിക്കണം അത്.
- 'ഗ്ലിറ്റർ' കൊണ്ട് അലങ്കരിക്കുക.

## കൊട്ടാരത്തിലെ ക്ലാസ് 3

## ചോദ്യോത്തരങ്ങൾ- 3

1. എന്തുകൊണ്ടാണ് നെബുഖദ്നേസർ രാജാവ് ദാനിയേലിനോട് തന്റെ സ്വപ്നത്തിന്റെ അർത്ഥം ചോദിച്ചത്?
   ദൈവം ദാനിയേലിനോടൊപ്പമുണ്ടെന്ന് ഓരോരുത്തരും അറിയുവാനിടയായി. താൻ ദൈവത്തിൽ വിശ്വസിച്ചിരുന്ന കാര്യം ദാനിയേൽ അവർക്ക് വെളിപ്പെടുത്തിയിരുന്നു.
2. രാജാവിന്റെ മറ്റു ഉപദേശകർ സന്തോഷം ഉണ്ടാക്കുന്ന എന്തെല്ലാം വ്യാഖ്യാനങ്ങൾ സ്വപ്നത്തെപ്പറ്റി രാജാവിനോട് പറഞ്ഞിരിക്കാനിടയുണ്ടെന്നു നിങ്ങൾകരുതുന്നു?
   സാധ്യതയുള്ള ഉദാഹരണങ്ങൾ: വൃക്ഷം തണലും, സൂര്യന്റെ ചൂടിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും സംരക്ഷണവും നൽകുന്നു. പുല്ലു തിന്നുന്നത് നല്ല ഒരു ആഹാര ശീലവും, ആരോഗ്യത്തിനു നല്ലതുമാണ്. കൈവിരലിലെ നഖങ്ങൾവളരുന്ന കാഴ്ച മാനസിക പിരിമുറുക്കമില്ലാത്ത ജീവിതത്തെ കാണിക്കുന്നുവെന്നുകരുതാം. സ്വപ്നത്തിൽ നിന്നും ലഭിക്കുന്ന ദോഷകരമായ കാര്യങ്ങൾമറ്റാർക്കെങ്കിലും സംഭാവിക്കുന്നതായും ചിലർ വ്യാഖ്യാനിച്ചിരിക്കാം.
3. ദൈവത്തിൽ നിന്നും ലഭിച്ചതായ എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്കുണ്ട്?
   കുട്ടികളിൽ നിന്നും അവരുടെ ഉത്തരങ്ങൾചോദിച്ച് മനസ്സിലാക്കുക. നിർദ്ദേശിക്കാവുന്നവ: കഴിവുകൾ, വ്യക്തിത്വം, പൈതൃകം...
4. കഥയുടെ അവസാനഭാഗത്ത്, രാജാവ് എന്തു മനസ്സിലാക്കിയതായികാണുന്നു?
   എല്ലാ കാലത്തും ദൈവം സർവ്വാധികാരമുള്ളവനാണ് എന്ന സത്യം ഗ്രഹിച്ചു.
5. ഏതെല്ലാം വിധത്തിൽ ദൈവത്തിന്റെ ശക്തിയും അധികാരവും നമ്മുടെ ഭരണകൂടങ്ങളുടേതിനോട് സാദൃശ്യമോ വ്യത്യാസമുള്ളതോ ആയിരിക്കുന്നു?
   സേനയുടെ മേലുള്ള അധികാരം.. ദൈവത്തിനു ദൂതന്മാരുണ്ട്, സർക്കാരുകൾക്ക് പടയാളികൾ ഉണ്ട്. നമുക്ക് പിന്തുടരുവാൻ തിരഞ്ഞെടുക്കാവുന്ന കല്പനകൾ ദൈവത്തിന്റേതായുണ്ട്. നാം നിർബന്ധമായും പിന്തുടരേണ്ട കല്പനകൾ ഗവർമെന്റിനുണ്ട്. തെറ്റ് ചെയ്യുന്നതായി ബോധ്യമാകുമ്പോൾ ലോകഭരണകർത്താക്കൾ ജനങ്ങളെ ശിക്ഷിക്കുന്നു. ഉദാഹരണമായി, ജയിൽവാസ ശിക്ഷകൾ: ദൈവം തന്റെ പുത്രനായ യേശുവിനെ നമ്മുടെ പാപത്താൽ നാം ശിക്ഷിക്കപ്പെടാതിരിക്കാനായി നമ്മുടെ പാപത്തിന് പ്രായശ്ചിത്തമായാണ് അയച്ചത്. ലോക ഭരണകൂടങ്ങൾ മാറിക്കൊണ്ടിരിക്കാം; ദൈവം ഒരിക്കലും മാറുന്നില്ല. നമുക്ക് വേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന ഭാവി തന്നോടൊത്ത് നാം സ്വർഗ്ഗത്തിൽ വസിക്കുന്നതാണ്. നമ്മുടെ മരണാനന്തര നിത്യതയ്ക്കുവേണ്ടി ഒന്നും ചെയ്യുവാൻ ലോകത്തിലെ ഭരണകൂടങ്ങൾക്ക് കഴിയുകയില്ല.

## അസൈന്മെന്റ് 3

ഇന്ന് ഇനി അവശേഷിക്കുന്ന സമയം 'ഞാൻ' എന്ന വാക്ക് പറയുന്നത് ഒഴിവാക്കുക. ഓരോ പ്രാവശ്യവും 'ഞാൻ' എന്ന വാക്ക് പറയാനുള്ള പ്രേരണ വരുമ്പോൾ സ്വയമായി പറയുക. ''ഇതെല്ലാം എന്നെക്കുറിച്ചുള്ളതല്ല''; പകരമായി മറ്റുള്ളവരിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

Error! Hyperlink reference not valid.

## ദാനിയേലുമായി ചേർന്നുള്ള നാടകങ്ങൾ 3

ടീച്ചർ: ദാനിയേലേ, വീണ്ടും സ്വാഗതം.

ദാനിയേൽ: നന്ദി. വീണ്ടും മടങ്ങിവരുന്നത് നല്ല കാര്യം തന്നെ. ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ഒരു സത്യമായ സംഭവ കഥയുണ്ട്. ഭരണത്തിൽ ഉത്തരവാദിത്വങ്ങൾ ചെയ്യുന്നതിൽ ഞാൻ തിരക്കിലായിരുന്ന ഒരു ദിവസം നെബൂഖദ്നേസർ രാജാവ് എന്നെ വിളിച്ചു വരുത്തി. യഥാർത്ഥമായി തോന്നുന്ന ഒരു സ്വപ്നം രാജാവിനുണ്ടായി- നിങ്ങൾക്കൊരിക്കലും മറക്കാൻ കഴിയാത്ത ഒരു സ്വപ്നം. രാജാവിന്റെ മുമ്പിൽ ചെന്ന് ആ സ്വപനം വ്യാഖ്യാനിക്കുവാൻ ദൈവം എന്നെ സഹായിച്ചു. മാന്ത്രവാദികളും ബുദ്ധിജീവികളും ഒക്കെ ഇത് കണ്ടുപിടിക്കുവാൻ പരാജയപ്പെട്ടപ്പോൾ രാജാവ് എന്നെ വിളിച്ചു. ദേവന്മാരുടെ ആത്മാവ് എന്നിലുണ്ടെന്നു രാജാവ് പറഞ്ഞു. എന്റെ ദൈവത്തെപ്പറ്റി കാര്യമായി മനസ്സിലാക്കുവാൻ രാജാവിന് കഴിഞ്ഞിരുന്നില്ല. എങ്കിലും ദൈവം എന്നോടുകൂടെ ഉണ്ടെന്നു രാജാവ് തിരിച്ചറിഞ്ഞിരുന്നു. താൻ കണ്ട സ്വപ്നത്തിലെ ഭൂമി മുഴുവൻ നിറഞ്ഞുനിന്ന ഒരു വലിയ വൃക്ഷത്തെപ്പറ്റിയും, അത് എങ്ങനെയാണ് വെട്ടിയിടപ്പെട്ടതെന്നും ഇരുമ്പുകൊണ്ടും പിച്ചളകൊണ്ടും മൂടപ്പെട്ടതെന്നുമുള്ള കാര്യങ്ങൾ അദ്ദേഹം എന്നോട് പറഞ്ഞു. കൂടാതെ അവൻ പുറത്ത് താമസിച്ച് പുല്ലുതിന്നുമെന്നും മൃഗത്തിന്റെ മനസ്സ് ഉണ്ടാകുമെന്നുമുള്ള സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ദൂതന്റെ വാക്കുകളും അദ്ദേഹം എന്നോട് പറഞ്ഞു. അത് അദ്ദേഹം എന്നോട് പറഞ്ഞുകൊണ്ടിരിക്കുമ്പോൾതന്നെ ദൈവം എനിക്ക് വ്യാഖ്യാനം തന്നു. ഇത് രാജാവിനുള്ള ദോഷകരമായ വാർത്തയാണെന്നും, അദ്ദേഹം സുബോധം നഷ്ടപ്പെട്ട് താൻ ഒരു മൃഗമാണെന്ന് ചിന്തിച്ച് ഒരു കാലം വരെ മനുഷ്യരിൽ നിന്ന് മാറി വെളിയിൽ കഴിയേണ്ടിവരുമെന്നും അതിനുശേഷമേ രാജത്വം തിരികെ പ്രാപിക്കയുള്ളൂ എന്നും എനിക്ക് മനസ്സിലായി.

ടീച്ചർ: രാജാവിന് ഒരു ദോഷകരമായ വാർത്ത കൊടുക്കുന്നത് ഭയാനകമായതൊന്നായിരുന്നല്ലോ. അതുകേട്ട് നിന്റെ നേരെ കോപാക്രാന്തനായോ?

ദാനിയേൽ: ശരിയാണ്, അത് ഭയപ്പെടുത്തുന്ന കാര്യമായിരുന്നു. അനേക വർഷങ്ങളായി എനിക്ക് അദ്ദേഹത്തിന്റെ വിശ്വാസം പിടിച്ചെടുക്കാൻ കഴിഞ്ഞിരുന്നു, എന്നിരുന്നാലും ഇത് അപകടം പിടിച്ചതായിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിനു മാനസാന്തരത്തിന് ഒരു അവസരം നൽകുവാൻ തക്കവണ്ണം സത്യം തുറന്നുപറയുന്നതാണ് ഏറ്റവും നല്ലതെന്ന് ഞാൻ അറിഞ്ഞു. അദ്ദേഹം തന്റെ ദുഷ്ടത ഉപേക്ഷിച്ച് പീഡിതരോട് മനസ്സലിവ് കാണിക്കാൻ ഞാൻ നിർദ്ദേശിച്ചു. ഒരു വർഷം പെട്ടെന്ന് കഴിഞ്ഞുപോയി. രാജാവിന് പെട്ടെന്നൊരിക്കൽ മനുഷ്യ ബുദ്ധി നഷ്ടപ്പെട്ടപ്പോൾ എല്ലാവരും ഈ സ്വപ്നത്തെപ്പറ്റിയുള്ള കാര്യങ്ങൾ മറന്നിരുന്നു. അതെപ്രകാരമാണ് സംഭവിച്ചത് എന്ന് കേൾക്കുവാൻ ഞാൻ അവിടെ ഉണ്ടായിരുന്നില്ല. എന്നാൽ സംഭവിച്ചതെല്ലാം വിവരിച്ചുകൊണ്ട് അദ്ദേഹം രാജ്യത്തിലെ മുഴുവൻ ആളുകൾക്കുമായി ഒരു കത്ത് എഴുതിയിരുന്നു. താൻ എങ്ങനെ രാജ്യം പണിതുയർത്തിയെന്നും തന്റെ മഹത്വത്തെപ്പറ്റിയും രാജാവ് അഹങ്കാരത്തോടെ പറഞ്ഞുകൊണ്ടിരുന്നപ്പോഴാണ് ഈ അവസ്ഥയിലേക്ക് മാറ്റപ്പെട്ടത്. വളരെ കാലങ്ങൾക്ക് ശേഷം പൂർവ്വ ആരോഗ്യത്തിലേക്കും സുബോധത്തിലേക്കും താൻ മടങ്ങിവന്നു. അപ്പോൾ തന്റെ രാജ്യത്തിലുള്ള എല്ലാവർക്കുമായി നടന്ന കാര്യങ്ങളെല്ലാം വിവരിച്ച് ഒരു കത്തെഴുതുകയും ചെയ്തു.

ടീച്ചർ: തന്റെ സുബോധം നഷ്ടപ്പെട്ടതിനെക്കുറിച്ച് രാജാവ് രാജ്യം മുഴുവൻ അറിയിച്ചല്ലോ? ജനങ്ങളിൽ നിന്ന് ലഭിക്കുന്ന ബഹുമാനം അതു നിമിത്തം കുറഞ്ഞു കാണുമല്ലോ.


ദാനിയേൽ: എന്റെ ദൈവത്തെക്കുറിച്ച് രാജാവിന് അത്ര മതിപ്പുണ്ടായതുകൊണ്ട് ജനങ്ങളുടെ ബഹുമാനം വിഷയം താൻ കാര്യമാക്കിയില്ല. ദൈവം എത്ര വലിയവനാണെന്ന് നിങ്ങൾ മനസ്സിലാക്കുമ്പോൾ അവിടുത്തെ ഹിതം മാത്രം നാം ആഗ്രഹിക്കും. രാജാവ് സത്യം തുറന്നു പറഞ്ഞു; എഴുത്തിൽ ഒന്നും മറച്ചു വെച്ചില്ല. മാത്രമല്ല, ദൈവമാണ് ലോകത്തിലുള്ള എല്ലാ രാജ്യങ്ങളുടെയും മേൽ ആത്യന്തിക അധികാരം ഉള്ള ആളെന്ന് തിരിച്ചറിഞ്ഞ് രാജാവ് നമ്മുടെ മഹോന്നതനായ ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഞങ്ങൾ, യഹൂദന്മാർ പ്രവാസ അടിമത്വത്തിലായിരുന്നെങ്കിലും ദൈവം ഇവിടേയും പ്രവർത്തിക്കുന്നത് കണ്ട് സാമ്രാജ്യത്തിലെ എല്ലാ യഹൂദന്മാരും ധൈര്യപ്പെട്ടു. ചിലപ്പോൾദൈവത്തിനുവേണ്ടി നില കൊള്ളണമെന്ന് നാം ചിന്തിക്കും മറ്റു ചിലപ്പോൾനമ്മിൽ ദൈവത്തിന്റെ പ്രവൃത്തിക്ക് പരിധിയുണ്ടെന്ന് കരുതും അപ്പോഴൊക്കെ ദൈവം ഇതുപോലുള്ള ചിലതു ചെയ്തു തന്റെ ശക്തി തെളിയിച്ച് നമ്മെ ഞെട്ടിക്കും.

ടീച്ചർ: ഇന്നു വീണ്ടും ഞങ്ങളോടൊത്ത് വന്നു ചേർന്നതിന് നന്ദി, ദാനിയേൽ നാളെ ഞങ്ങളെ സന്ദർശിക്കാൻ എസ്ഥേർ വരുന്നുണ്ട്. കുറച്ചു ദിവസങ്ങൾക്കുള്ളിൽ നിന്നെ വീണ്ടും കാണാമെന്ന് പ്രതീക്ഷിക്കട്ടെ?

ദാനിയേൽ: എസ്ഥേറിന്റെ കഥ കേൾക്കാൻ നാളെ ഞാനുണ്ടായിരുന്നെങ്കിലെന്നു ആശിച്ചു പോകുന്നു, എന്തായാലും രണ്ടു ദിവസങ്ങൾക്കുള്ളിൽ വീണ്ടും നിങ്ങളെ എല്ലാവരേയും കാണാനാവുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

## പ്രവർത്തനം 3

***സത്യം പറയാനുള്ള വസ്തു***



കുട്ടികൾവൃത്താകൃതിയിലോ അർദ്ധവൃത്താകരമായോ ഇരിക്കുന്നു. വൃത്തത്തിനു ചുറ്റും ഒരു വസ്തു കടത്തിവിടുന്നു ആ വസ്തു കയ്യിൽ കിട്ടുന്ന കുട്ടി തങ്ങളെക്കുറിച്ചുള്ള ഒരു സത്യം പറയുക (ഉദാഹരണം: ഏത്തപ്പഴത്തിന്റെ ആകൃതി ഇഷ്ടപ്പെടാത്തതുകൊണ്ട് ഞാൻ അത് ഭക്ഷിക്കാൻ ഇഷ്ടപ്പെടുന്നില്ല). അടുത്തിരിക്കുന്ന ആൾ ആ വസ്തു എടുക്കാൻ തീരുമാനിക്കുന്നത് വരെ കുട്ടി തന്നെക്കുറിച്ചുള്ള സത്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കണം. ആ വസ്തു 'പാസ്സ്' ചെയ്തുകൊണ്ടിരിക്കണം. ആർക്കും ഒരു മിനിട്ടിൽ കൂടുതൽ സംസാരിക്കാൻ അവസരം ലഭിക്കരുതെന്നത് ശ്രദ്ധിക്കുക.

കൊട്ടാര സദ്യ


## രാജകീയ വിരുന്ന് 3

***രാജാവിന്റെ സ്വപ്നത്തിലെ വൃക്ഷം***



ആവശ്യമായ വസ്തുക്കൾ:

- ഏത്തപ്പഴം
- പച്ച നിറമുള്ള പഴം/പച്ചക്കറികൾ(മുന്തിരി, കഷണങ്ങളായി മുറിച്ച വെള്ളരി അല്ലെങ്കിൽ ചീര)



മറ്റു സാധനങ്ങൾ:

- മൃഗത്തിന്റെ തുടയിറച്ചി
- ക്യാരറ്റ് കഷണം

നിർദ്ദേശങ്ങൾ:

1. ഒരു മരത്തിന്റെ തായ്ത്തടി എന്ന് തോന്നിപ്പിക്കുന്ന വിധം ഏത്തപ്പഴം ഒരു പാത്രത്തിൽ വയ്ക്കുക.

2. ഒരു വലിയ മരത്തിന്റെ ഇലകൾ എന്ന് തോന്നിപ്പിക്കുന്ന വിധം പച്ചപ്പഴങ്ങൾ അതിന് മുകളിലായി വയ്ക്കുക.

അതോടൊപ്പം:

1. മൃഗത്തിന്റെ തുടമാംസം(ഹാം) കൊണ്ട് രണ്ടു 'മീറ്റ് റോൾ' (മാംസച്ചുരുളുകൾ) ഉണ്ടാക്കുക. ഒരു ചിത്രശലഭത്തിന്റെ ചിറകുകളെന്നു തോന്നിപ്പിക്കും വിധം അവ വയ്ക്കുക.

ക്യാരെറ്റ് കഷണം ചിത്രശലഭത്തിന്റെ ശരീരത്തെപ്പോലെ തോന്നിപ്പിക്കും വിധം വയ്ക്കുക.

***ഇപ്പോൾ, രാജാവിന്റെ സ്വപ്നത്തിലെ വൃക്ഷത്തെ ആസ്വദിക്കാം!!***

*ചൂടുള്ള ഉരുളക്കിഴങ്ങ്*



എല്ലാ കുട്ടികളേയും വൃത്താകൃതിയിൽ നിർത്തുക. അല്ലെങ്കിൽ ആൺകുട്ടികളെ ഒരു വളയമായും പെൺകുട്ടികളെ മറ്റൊരു ഗ്രൂപ്പായും നിർത്തുക. പെട്ടെന്ന് കളി നിർത്തുവാൻ കഴിയുംവിധം, ഓരോ പതിനഞ്ചു കുട്ടികൾക്കു വീതം ഓരോ ബലൂണോ പന്തോ മറ്റെന്തെങ്കിലും സാധനമോ കൊടുക്കുക.

'മ്യൂസിക്ക്' ഇടുമ്പോൾകുട്ടികൾഅടുത്തു നിൽക്കുന്നവർക്ക് കൈമാറുക. സ്വന്തം കയ്യിൽ ആ വസ്തു അധികനേരം ഇരിക്കരുതെന്ന് സാരം. സംഗീതം നിൽക്കുമ്പോൾ, ആരുടെ കയ്യിലാണോ ആ വസ്തു(ബലൂൺ/പന്ത് മറ്റെന്തെങ്കിലും സാധനം)ഇരിക്കുന്നത് ആ വ്യക്തികളിൽ നിന്ന് പുറത്താകുന്നു. അവസാനത്തെ ഒരു വിജയിയെ കണ്ടുപിടിക്കുംവരെ വേഗത്തിൽ തന്നെ കളി തുടരുക.

*മധുര ബിസ്കറ്റ് മുഖം*



കളിയ്ക്കായി കുറെ കുട്ടികളെ തിരഞ്ഞെടുക്കുക. ഓരോരുത്തർക്കും ഓരോ 'കുക്കി' (മധുര ബിസ്കറ്റ്) നല്കുക. തലയ്ക്കു മുകളിൽ ബിസ്കറ്റ് വച്ചുകൊണ്ട് കളി തുടങ്ങുന്നു. കളി തുടങ്ങിക്കഴിയുമ്പോൾ, കളിക്കുന്നയാൾതന്റെ മുഖത്തെ പേശികൾചലിപ്പിച്ച് ആ ബിസ്കറ്റ് തന്റെ വായിലേക്ക് എത്തിക്കണം. ബിസ്കറ്റ് താഴെ വീണാൽ ആ കുട്ടി പുറത്താകുന്നു. ഓരോ കളിക്കാരനും 'കുക്കി' കളിക്ക് ഓരോ മിനിട്ട് വീതം ലഭിക്കും. രണ്ടു മിനിട്ടിനുള്ളിൽ രണ്ടു ബിസ്കറ്റ് വായിലെത്തിക്കുവാൻ കഴിയുന്നയാൾ വിജയിയാകും.

# 4. ധീരത മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു
# എസ്ഥേർ 3:9 : അവളുടെ ജനത്തിനു വേണ്ടിയുള്ള രക്ഷ

## പിടിച്ചെടുക്കുന്നവരുടെ ശ്രദ്ധയ്ക്ക് / കയ്യടി-4

"ധീരത മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു"

1. ഒരു കൂട്ടാളിയുമായി ചേർന്ന്, ആദ്യം രണ്ടുപേരുടെ വലത്തെ കൈപ്പത്തി ചേർത്തടിക്കുക. പിന്നെ കൈയുടെ പിൻഭാഗം ചേര്ത്തടിക്കുക, പിന്നെയും കൈപ്പത്തിയുടെ മുൻഭാഗം ചേര്ത്തടിക്കുക.
2. മുഷ്ടി ചുരുട്ടുക, മുകളിലോട്ടും താഴോട്ടും, വീണ്ടും മുകളിലോട്ടും മുഷ്ടികൊണ്ട് ഇടിക്കുക.
3. ആകാശത്തേക്ക് ചൂണ്ടി തോൾ ചലിപ്പിക്കുകയും കൈമുട്ടുകൾ താഴേക്കു ചലിപ്പിക്കുകയും ചെയ്യുക. ഇത് മൂന്നു പ്രാവശ്യം ആവർത്തിക്കുക.

## മന:പാഠ വാക്യം 4

1 യോഹന്നാൻ 3:16 "ക്രിസ്തു നമുക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ചു. ഇതിൽനിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരന്മാർക്കുവേണ്ടി ജീവൻ അർപ്പിക്കേണ്ടവരാണ്."

## നാടകം 4 : ഒട്ടക സൗന്ദര്യ മത്സരം

കാംലിയ: ഊ..., ഞാൻ വളരെ അസ്വസ്ഥയാണ്.

കാംലെറ്റ്: കാംലിയ, എന്തുപറ്റി? എല്ലാം ശരിയാകുമെന്നേ.

കാംലിയ: ഈ സൗന്ദര്യ മത്സരത്തിൽ ഞാൻ ജയിക്കാനൊരു വഴിയും കാണുന്നില്ല! നൃത്തമത്സരം പോലെയല്ല ഇത്. ഇത്ര വലിയ മൂക്കും ഇത്രയും വലിയ കാൽപ്പാദവും എനിക്കില്ലായിരുന്നെങ്കിൽ! വീട്ടിലേക്കു മടങ്ങിയ എല്ലാ മറ്റു പെൺകുട്ടികളും എന്റെ 'പൊന്തൻ' മൂക്കും കാലും ആൺകുട്ടികളെക്കാളും വലുതാണെന്ന് പറഞ്ഞ് എപ്പോഴും കളിയാക്കുമായിരുന്നു! ഞാൻ എന്തു ചെയ്യും? എന്തു ചെയ്യും?

കാംലെറ്റ്: ലോകത്തിൽ ഒരു വലിയ കാൽപ്പാട് പതിപ്പിക്കാൻ ശ്രമിക്കൂ. 'കിക് ബോക്സിംഗി'ൽ ജയിച്ചാലോ?

കാംലിയ: ഹേ! എനിക്കു ജയിക്കാൻ, യഥാർത്ഥത്തിൽ ആഗ്രഹമുണ്ട്, എന്തെന്നാൽ എന്റെ ഉടമസ്ഥൻ സമ്മാനത്തുക മുഴുവൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അത് വലിയ കാര്യം തന്നെയാണ്.

കാംലെറ്റ്: നിന്റെ ബാഹ്യരൂപത്തെക്കാൾ ആന്തരിക മനോഭാവമാണ് പ്രധാനപ്പെട്ടതെന്ന് നിനക്കറിഞ്ഞുകൂടേ?

കാംലിയ: വാസ്തവമോ? പക്ഷേ, എന്റെ മൂക്കിന്റെ കാര്യമോ?

കാംലെറ്റ്: മൂക്കിനെക്കുറിച്ചോർത്ത് വിഷമിക്കേണ്ട. ഏറ്റവും നല്ല ഒട്ടകമായി നീ തീരും. നീ മറ്റുള്ളവരോട് ദയയുള്ളവളായി തീരുമ്പോൾഅതിലൂടെ അവർ ദൈവത്തെക്കുറിച്ചറിയുവാൻ ഇടയാകും. ദയയും മറ്റുള്ളവരോട് പരിഗണനയും കാണിക്കുന്നവളുമാകുക.

കാംലിയ: പക്ഷേ, എന്റെ സൗന്ദര്യത്തിന്റെ കാര്യത്തിലെന്തു ചെയ്യും?

കാംലെറ്റ്: നിന്റെ മുഖത്ത് ഞാൻ അല്പം 'മേക്കപ്പ്' ചെയ്യട്ടെ. (കുട്ടികൾ കാണത്തക്കവണ്ണം കുറച്ച് പൗഡർ കുടഞ്ഞിടുന്നു). കാംലെറ്റും കാംലിയയും ചുമയ്ക്കുകയും തുമ്മുകയും ചെയ്യുന്നു). അതു വേണമെന്നില്ല, കുറച്ച് 'ബോട്ടെക്സ്' ഇഞ്ചക്ഷൻ എടുത്താലോ?

കാംലിയ: വേണ്ട, വേണ്ടാ, അത് ചതിയാണ്. അയോഗ്യയാക്കപ്പെടുകയും ചെയ്യും!

കാംലെറ്റ്: ഇതാ, ഞാൻ കുറച്ചു കണ്മഷി പുരട്ടിത്തരട്ടെയോ? (കാംലെറ്റ് കുറച്ച് കൺമഷി വായിൽ പിടിച്ചുകൊണ്ട് കാംലിയയുടെ അടുത്ത് വരുന്നു...) നീങ്ങരുത്.

കാംലിയ: വേണ്ട, ഇത് വേണമെന്നില്ല. എന്നാലും എന്നെ പ്രോത്സാഹിപ്പിക്കുന്നതിനു നന്ദി. ദൈവം എന്നെ സൃഷ്ടിച്ചതുപോലെ അതേ സൗന്ദര്യത്തോടെ സൗന്ദര്യ മത്സരത്തിനു ഞാൻ പോകുകയാണ്. നീ പറഞ്ഞതുപോലെ മറ്റുള്ളവരോട് ദയയും കരുതലും ഉള്ളവളായി തീരുന്നതിൽ ഞാൻ ശ്രദ്ധിക്കും. ഇതാ, എന്റെ ഊഴമാകുന്നു. കാംലിയ സ്റ്റേജ് വിട്ടു പോകുന്നു.

കാംലെറ്റ്: ആഹാരം എവിടെയാണിരിക്കുന്നത്? ദൂരെനിന്നേ അതിന്റെ മണം വരുന്നുണ്ടല്ലോ! ഹീ.ഹീ. എനിക്കു വിശക്കുന്നു.

മത്സരഫല പ്രസ്താവകൻ: 19.7 പോയിന്റിനു ജയിച്ചിരിക്കുന്നത്.... കാംലിയ! വളരെ അസാധാരണമായ അവളുടെ മൂക്കും കാൽപ്പാദവും പ്രത്യേകം പരാമർശം അർഹിക്കുന്നു. ഒട്ടക സൗന്ദര്യ മത്സരത്തിൽ അവ രണ്ടും നിർണ്ണായകമായ സവിശേഷതകൾതന്നെ.

## പ്രധാന പാഠം 4

മടങ്ങിവരാം! ധീരതയെപ്പറ്റി അല്പംകൂടെ നമുക്ക് ഇന്ന് പഠിക്കാം. ബാബിലോൺ സാമ്രാജ്യത്തെ മേദ്യരും പാർസികളും കീഴടക്കി. കുറച്ചുകാലങ്ങൾക്കുശേഷം, അർത്ഥഹ്ശഷ്ടാവ് രാജാവ് തന്റെ രാജത്വത്തിന്റെ മഹത്വം കാണിക്കാൻ ഒരു വലിയ വിരുന്നൊരുക്കി. ആ വലിയ വിരുന്നിൽ വച്ച്, വസ്ഥിരാജ്ഞി രാജാവിനോട് അനുസരണക്കേട് കാണിച്ചു. രാജാവ് അവളെ സ്ഥാന ഭ്രഷ്ടയാക്കി. അവളുടെ സ്ഥാനത്ത് മറ്റൊരു സ്ത്രീയെ നിയമിക്കാൻ രാജാവ് തീരുമാനിച്ച് അന്വേഷിച്ചു തുടങ്ങി. എസ്ഥേർ എന്നു പേരുള്ള ഒരു യഹൂദ വനിത സുന്ദരിയും എല്ലാവരുടേയും മുമ്പിൽ ശാന്തതയും മാന്യതയുമുള്ളവളുമായിരുന്നു. രാജാവ് എസ്ഥേറിനെ രാജ്ഞിയാക്കി. കഴിഞ്ഞ പാഠങ്ങളിലെ നമ്മുടെ കൂട്ടുകാരെപ്പറ്റി ഓർക്കുന്നുണ്ടോ" ദൈവത്തിന്റെ മഹത്വത്തിനായിട്ടും മറ്റു മനുഷ്യരുടെ നന്മയ്ക്കുമായാണ് അവർക്ക് ഉയർന്ന സ്ഥാനങ്ങൾദൈവം നല്കിയത്. ഈ കഥയും അവയിൽ നിന്ന് വ്യത്യസ്തമല്ല. എസ്ഥേറിന്റെ സൗന്ദര്യവും രാജ്ഞിസ്ഥാനവും മറ്റുള്ളവരുടെ നന്മയ്ക്കുള്ളതായിരുന്നു. ഓരോരുത്തരും പറയൂ, "ധീരത മറ്റുള്ളവരെ തങ്ങളേക്കാൾമുമ്പിൽ നിർത്തുന്നു"! ഹാമാൻ എന്നു പേരുള്ള ഒരു ദുഷ്ടമനുഷ്യൻ എല്ലാ യഹൂദന്മാരെയും കൊല്ലാൻ പദ്ധതിയിട്ടു. അവൻ രാജാവിനെ സ്വാധീനിച്ച് സാമ്രാജ്യത്തിലെ യഹൂദന്മാരെ കൊല്ലുവാൻ ഒരു പ്രത്യേക ദിവസം നിയമിക്കാൻ രാജകല്പന പുറപ്പെടുവിച്ചു. യഹൂദന്മാരെല്ലാവരും നിരാശിതരായി! എസ്ഥേറിന്റെ വളർത്തച്ഛനായ അമ്മാവൻ മോർദ്ദേഖായി ഇതിനെപ്പറ്റി എസ്ഥേറിനോടു പറഞ്ഞു. ഈ കാര്യത്തിൽ അവൾ ഇടപെടേണ്ടതിന്റെ ആവശ്യകത അദ്ദേഹം എസ്ഥേറിനോടു പറഞ്ഞു. അതിൽ ഇടപെടുക എന്നത് ഭയാനകമായ ഒന്നായിരുന്നു. കാരണം രാജാവ് ക്ഷണിക്കാതെ രാജാവിന്റെ അടുക്കൽ വരുന്നവർക്ക് മരണശിക്ഷ ഉറപ്പായിരുന്നു! ഒരുപക്ഷേ, അവൾ രാജ്ഞിയായിത്തീർന്നത് തന്റെ ജനത്തെ രക്ഷിക്കാൻ വേണ്ടിയായിരിക്കും എന്ന് മോർദ്ദേഖായി പറഞ്ഞു. മറ്റുള്ളവരോട് യേശുവിനെക്കുറിച്ച് പറഞ്ഞ് അവർക്ക് നിത്യത സ്വർഗ്ഗത്തിൽ ചെലവഴിക്കാൻ വഴിയൊരുക്കുന്നതിലൂടെ നിങ്ങൾധീരതയുള്ളവരാകുന്നു.

മറ്റുള്ളവരോട്, പ്രത്യേകാൽ വാക്കുകളാൽ മുറിവേല്പിക്കപ്പെടുന്നവർക്കായി നിൽക്കുകയും ആർക്കും ദ്രോഹം ചെയ്യാതെ മറ്റുള്ളവർ യേശുവിനെ പിന്തുടരുവാൻ പ്രോത്സാഹിപ്പിക്കുക, ആളുകൾ മാനസികമായി മുറിവേല്പിക്കപ്പെടുമ്പോൾ സത്യം തുറന്നുപറയുക, ജനങ്ങൾ നിങ്ങളെപ്പറ്റി മോശമായി പറഞ്ഞാലും ഏകാന്തതയിലിരിക്കുന്ന ചിലർക്കായി ചില നല്ല കാര്യങ്ങൾ ചെയ്യുക എന്നിവയിലൂടെ ധീരതയുള്ളവരായി നിൽക്കാൻ കഴിയും. ഓരോരുത്തരും പറയുക, "ധീരത നമ്മുടെ സ്വയത്തിനു മുമ്പിലായി മറ്റുള്ളവരെ വയ്ക്കുന്നു." മോർദ്ദേഖായിയോടും പട്ടണത്തിലുള്ള യഹൂദന്മാരോടും തനിക്കായി പ്രാർത്ഥിക്കുവാനാവശ്യപ്പെട്ടു. എന്തെങ്കിലും ചെയ്യുവാൻ ഭയമുളവാകുന്ന സാഹചര്യങ്ങളിൽ ധൈര്യം കിട്ടാനും സഹായത്തിനുമായി ദൈവത്തോട് പ്രാർത്ഥിക്കുക! അപ്പോൾ എസ്ഥേർ അവിശ്വസനീയമാം വിധം ധൈര്യത്തോടെ രാജാവിന്റെ മുമ്പിൽ ചെന്നു. അവർക്ക് വലിയ ആശ്വാസം പകർന്നുകൊണ്ട് രാജാവ് തന്റെ ചെങ്കോൽ അവളുടെ നേരെ നീട്ടി, മാത്രമല്ല, അവൾക്ക് എന്താണാവശ്യമെന്നു ചോദിക്കുകയും ചെയ്തു. അവൾരാജാവിനെ അവളുടെ ഒരു വിരുന്നിലേക്ക് ക്ഷണിച്ചു. ആ വിരുന്നിൽ വച്ച്, അവൾ രാജാവിനെ രണ്ടാമതൊരു വിരുന്നിലേക്കും ക്ഷണിച്ചു. ഒരുപക്ഷേ, ഹാമാനെക്കുറിച്ച് ഉടനടി പറയാൻ അവൾഭയപ്പെട്ടിരിക്കാം. അല്ലാത്തപക്ഷം, അവൾ മുൻകൂട്ടി അപ്രകാരം പദ്ധതി തയ്യാറാക്കിയതായിരിക്കാം. അത് നമുക്കറിഞ്ഞു കൂടാ. ധൈര്യം ഇപ്പോഴും അതിന്റെ പൂർണ്ണതയിലെത്തുന്നില്ല. ഛർദ്ദിക്കുന്ന വിധത്തിൽ വരെ ഭയം നിങ്ങളെ പിടിമുറുക്കുകയാണെങ്കിലോ? അങ്ങനെ നടക്കട്ടെ! ബാത്ത്റൂമിൽ പോയി ഛർദ്ദിക്കുക പിന്നെ മടങ്ങിവന്ന്, ഏതെങ്കിലും വിധത്തിൽ മറ്റുള്ളവർക്ക് നന്മ ചെയ്യുക. നിങ്ങൾഎത്രത്തോളം ഭയമുള്ളവനാണോ, നന്മ ചെയ്യുമ്പോൾ നിങ്ങൾ അത്രത്തോളം ധൈര്യമുള്ളവനാകും. ഓരോരുത്തരും പറയുക, "ധൈര്യം നമ്മുടെ സ്വയത്തിനു മുമ്പായി മറ്റുള്ളവരെ നിർത്തു ".

രാജാവ് എസ്ഥേറിന്റെ വാക്കു കേട്ട് മോർദ്ദേഖായിക്കായി ഹാമാൻ ഉണ്ടാക്കിയ കഴുമരത്തിൽ ഹാമാനെ തൂക്കിക്കളഞ്ഞു. യഹൂദന്മാർക്ക് അവരെത്തന്നെ സംരക്ഷിക്കുവാൻ രാജാവ് അനുവാദം കൊടുത്തു. ഹാമാൻ പദ്ധതിയിട്ടിരുന്ന നിന്ദയ്ക്ക് പകരം യഹൂദന്മാർക്ക് സാമ്രാജ്യം മുഴുവൻ നേട്ടങ്ങളുമുണ്ടായി. തുടർന്ന് രാജാവ് മോർദ്ദേഖായിയെ ആ സാമ്രാജ്യത്തിലെ രണ്ടാം സ്ഥാനക്കാരനാക്കി മാറ്റി. ആ സ്ഥാനത്തിരുന്ന് അദ്ദേഹം എല്ലാ യഹൂദന്മാരുടെയും നന്മയ്ക്കായി പ്രവർത്തിച്ചു. നിങ്ങൾ ധൈര്യത്തോടെ ചില കാര്യങ്ങൾ ചെയ്യുമ്പോൾ ഇതുപോലെ തന്നെ കാര്യങ്ങൾ സംഭവിക്കണമെന്നില്ല. ചിലപ്പോൾ നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾനടക്കണമെന്നില്ല. എന്നാൽ ധൈര്യത്തോടെ നിങ്ങളുടെ കാര്യത്തേക്കാൾ മറ്റുള്ളവരുടെ കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുമ്പോഴും ദൈവത്തിനുവേണ്ടി സ്നേഹത്തോടെ നിലകൊള്ളുമ്പോഴും സർവ്വലോകത്തിന്റെയും നീതിമാനായ രാജാവായ യേശു നിങ്ങളുടെ ജീവിതത്തിൽ ഉയർത്തപ്പെടും. ഓരോരുത്തരും അവിടുന്ന് നിങ്ങളിൽ പ്രവർത്തിക്കുന്നത് കാണും. കൂടാതെ എപ്പോഴെങ്കിലും, നിങ്ങളുടെ നല്ല പ്രവർത്തി കണ്ട് അവർ ദൈവത്തെ സ്തുതിക്കുവാനുമിടയാകും. അതിനെല്ലാം പുറമേ, സർവ്വശക്തനായ ദൈവത്തിൽനിന്ന് നിങ്ങൾക്ക് പ്രശംസ ലഭിക്കാനുമിടയാകും. ഓരോരുത്തരും പറയുക, "ധൈര്യം നമ്മുടെ സ്വയത്തെക്കാൾമറ്റുള്ളവർക്ക് മുൻഗണന നൽകുന്നു."

## സാമ്രാജ്യത്തിലെ കരകൗശലങ്ങൾ 4

### ചിത്രക്കൂട്





**ആവശ്യമായ വസ്തുക്കൾ**


* നിറമുള്ള കടലാസോ 'ഫോമി' പേപ്പറോകൊണ്ടുള്ള ചട്ടക്കൂടിന്റെ മാതൃക
* 3 കടലാസ്സു കിരീടങ്ങൾ
* "ഞാൻ ധൈര്യശാലിയാണ്" – എന്ന അക്ഷരങ്ങൾ
* കുടിക്കുന്ന 'സ്റ്റോ' യുടെ പകുതി
* ചുളുക്കുകളുള്ള റിബൺ
* പശ


**നിർദ്ദേശങ്ങൾ**


* ചട്ടക്കൂടിന്റെ മാതൃക വെട്ടിയെടുക്കുക. അധികമായി വരുന്ന കഷണങ്ങൾഎടുത്ത് കളയുക.
* ഇത് പകുതി വച്ച് മടക്കുക. 4 അരികുകളിൽ 3 എണ്ണം പശ വച്ച് ഒട്ടിക്കുക. ഒരു പടം കടത്തിവയ്ക്കുവാൻ തക്കവണ്ണം നാലാമത്തെ അരിക് ഒട്ടിക്കാതെ വിടുക. സ്റ്റോ കടത്തിവയ്ക്കുവാൻ തക്കവണ്ണം മുകളിലത്തെ നാടകൾതുറന്നിടുക.
* അച്ചടിച്ച ഫോട്ടോയോ, അല്ലെങ്കിൽ കുട്ടികൾ എസ്ഥേറിന്റെ പടമോ ചട്ടക്കൂടിലേക്ക് കടത്തി വയ്ക്കുക.
* കിരീടങ്ങളും "ഞാൻ ധൈര്യശാലിയാണ്" എന്നതിലെ അക്ഷരങ്ങളും അലങ്കരിക്കുക
* അവസാന പണിയായി, മുകൾഭാഗത്തുള്ള നാടകളിലേക്ക് 'സ്റ്റോ' കടത്തിവയ്ക്കുക. ചുരുണ്ട ഒരു റിബൺ 'സ്റ്റോ' യുടെ രണ്ടും വശങ്ങളോടും കെട്ടി പടത്തിന്റെ ചട്ടക്കൂട് തൂക്കിയിടുവാനിടയാക്കുക.

## കൊട്ടാരത്തിലെ ക്ലാസ് 4










73







## ചോദ്യോത്തരങ്ങൾ- 4

1. **ഇന്നത്തെ ബൈബിൾ കഥയിലെ വ്യക്തികളുടെ പേരു പറയുക.?**
   അർത്ഥഹ്ശഷ്ടാ രാജാവ്, വസ്ഥി രാജ്ഞി, എസ്ഥേർ, ഹാമാൻ, മോര്ദ്ദേഖായി.
2. **നിങ്ങളെ ഭയപ്പെടുത്തുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?**
   ഉത്തരങ്ങളാകാൻ സാധ്യതയുള്ളവ: ഇരുട്ട്, ചിലന്തികൾ, പാമ്പുകൾ, നായ്ക്കൾ, ആയുധങ്ങൾ, അപരിചിതരായ മനുഷ്യർ, ഉച്ചത്തിലുള്ള ശബ്ദങ്ങൾ, ജനസമ്മതി നഷ്ടപ്പെടുന്നത്, വഴക്കാളികൾ, വീടോ സ്കൂളോ മാറുന്നത്.
3. **എന്തു ധീരമായ കാര്യമാണ് എസ്ഥേർ ചെയ്തത്?**
   രാജ്ഞിയാകാൻ അവൾഅപേക്ഷ സമർപ്പിച്ചു. രാജാവിന്റെ ക്ഷണം കൂടാതെ സ്വന്തജീവാൻ പണയപ്പെടുത്തി രാജാവിനെ കാണാൻ പോയി. രാജാവിനെ അവൾവിരുന്നിനു ക്ഷണിച്ചു. എല്ലാ യഹൂദന്മാരെയും കൊല്ലാനുള്ള ഹാമാന്റെ പദ്ധതിയെപ്പറ്റി അവൾരാജാവിനോട് പറഞ്ഞു.
4. **എന്തെല്ലാം ധീരമായ കാര്യങ്ങൾ നിങ്ങൾക്ക് ചെയ്യാൻ കഴിയും?**
   ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസത്തെപ്പറ്റി മറ്റുള്ളവരോട് പറയുക. നിങ്ങളുടെ സ്കൂളിൽ വഴക്കുണ്ടാക്കുന്നവർക്ക് എതിരായി നിലകൊള്ളുക. നിങ്ങളുടെ മാതാപിതാക്കാന്മാരോട് സത്യസന്ധരായിരിക്കുക.
5. **എന്തുകൊണ്ടാണ് അർത്ഥഹ്ശഷ്ടാ രാജാവിന് ഹാമാൻ പ്രേരിപ്പിച്ചതുമൂലം താൻ പുറപ്പെടുവിച്ച കല്പന പിൻവലിക്കുവാൻ കഴിയാതിരുന്നത്?**
   ബാബിലോന്യ സാമ്രാജ്യം മേദ്യരാലും പാർസിക്കാരാലും കീഴടക്കപ്പെട്ടിരുന്നു. അവരുടെ നിയമങ്ങൾഒരിക്കലും മാറ്റിക്കൂടാനാവാത്തതായിരുന്നു.

## അസൈന്മെന്റ് 4

ധൈര്യം പരിശീലിക്കുക. നിങ്ങൾഒരു ക്രിസ്ത്യാനിയാണെന്ന് മറ്റാരോടെങ്കിലും പറയുക.




## ദാനിയേലുമൊത്തുള്ള നാടകങ്ങൾ- 4

ടീച്ചർ: ഇന്ന് മറ്റൊരാൾ നമ്മെ സന്ദർശിക്കാൻ വന്നിട്ടുണ്ട്. ഓരോരുത്തരും സ്വാഗതം ചെയ്യാം, എസ്ഥേർരാജ്ഞിയെ!

എസ്ഥേർ: ഹായ്, എല്ലാവർക്കും സുഖമല്ലേ. നിങ്ങളെല്ലാവരോടുമൊത്ത് ആയിരിക്കുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്.

ടീച്ചർ: ഇന്ന് ഞങ്ങൾ അങ്ങയുടെ കഥ പഠിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെയാണ് രാജ്ഞിയായിത്തീർന്നതെന്ന കാര്യം ഞങ്ങളോടു പറയാമോ?

എസ്ഥേർ: തന്റെ പ്രഭുക്കന്മാരുടെ മുമ്പിൽ വച്ച് അനുസരണക്കേട് കാണിച്ചതുകൊണ്ട് അർത്ഥഹ്ശഷ്ടാ രാജാവ് വസ്ഥി രാജ്ഞിയെ മാറ്റിയ സമയം എന്റെ വളർത്തച്ഛനായ മോര്ദ്ദേഖായിയോടൊപ്പം താമസിക്കുകയായിരുന്നു. രാജ്ഞിയെ തിരഞ്ഞെടുക്കാനുള്ള സൗന്ദര്യ മത്സരംപോലെയുള്ള ഒരു മത്സരത്തിന് എല്ലാ പെൺകുട്ടികളെയും ക്ഷണിച്ചു. മോര്ദ്ദേഖായിയെ വിട്ടുപോകാൻ എനിക്കു ഭയമായിരുന്നു, എങ്കിലും അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചു. ഒരുവർഷം ഞങ്ങൾഒരുക്കത്തിലും സൗന്ദര്യ ചികിത്സയ്ക്കുമായി ചിലവഴിച്ചു. ചില പെൺകുട്ടികൾഅത്ര സൗന്ദര്യമില്ലാത്തവരും കുറേപ്പേർ സുന്ദരികളും അനേകർ എന്നേക്കാൾവളരെ സൗന്ദര്യമുള്ളവരുമെന്നു ഞാൻ ചിന്തിച്ചു. ഞങ്ങളുടെമേൽ മേൽ വിചാരകനായ മനുഷ്യന് എന്നോട് പ്രത്യേക താത്പര്യം തോന്നി. രാജാവിനെ കാണാനുള്ള സമയമായപ്പോൾ ഞാൻ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾഅനുസരിച്ച് പ്രവർത്തിച്ചു. എന്തുകൊണ്ടാണദ്ദേഹം എന്നെ തിരഞ്ഞെടുത്തതെന്ന് എനിക്കറിഞ്ഞു കൂടാ. എങ്ങനെയായാലും വളരെ വേഗത്തിൽ ഞാൻ സാമ്രാജ്യത്തിലെ രാജ്ഞിയായി.

ടീച്ചർ: വൗ..., എന്തൊരു സ്വപ്നമാണ് യാഥാർത്ഥ്യമായത്! രാജ്ഞി എന്ന നിലയിൽ ജീവിതം എങ്ങനെയായിരുന്നു?

എസ്ഥേർ : ഞാൻ രാജാവിന് ശുശ്രൂഷ ചെയ്യുകയും വിരുന്നുകൾക്കും വലിയ പരിപാടികൾക്കും പോകുകയും സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നുവരുന്ന ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാരെ സ്വീകരിക്കുകയും ഞാൻ ചെയ്യുന്നു.

ടീച്ചർ : ഹാമാന് എന്തു സംഭവിച്ചു?

എസ്ഥേർ : ഒരു നിശ്ചയിച്ച ദിവസം ഓരോ ജനത്തിനും എല്ലാ യഹൂദന്മാരെയും കൊല്ലാനുള്ള ഒരു കല്പന അവൻ സ്വാധീനിച്ച് രാജാവിനെക്കൊണ്ട് പുറപ്പെടുവിച്ചു. എന്റെ ജനങ്ങളെക്കുറിച്ചോർത്ത് ഞാൻ ഭയപ്പെട്ടു. എങ്കിലും കൊട്ടാരത്തിലെ ആരോടും ഞാൻ ഒരു യഹൂദ സ്ത്രീയാണെന്ന് അറിയിക്കാഞ്ഞതു കൊണ്ട് അവിടെ ആരും അത് അറിഞ്ഞില്ല. അധികനാൾകഴിയും മുമ്പേ എല്ലാം പ്രതിസന്ധിയിലായി. എന്റെ അമ്മാവനായ മോർദ്ദേഖായിയെ ഹാമാന്റെ വീട്ടിലെ ഉയരമുള്ള കഴുമരത്തിൽ തൂക്കിക്കൊല്ലിക്കുവാൻ ഹാമാൻ പദ്ധതിയൊരുക്കി. എന്നാൽ രാജാവിനോട് അതിനായി അനുവാദം ചോദിക്കുവാൻ അയാൾപോയ രാത്രിയിൽ, രാജാവ് വൃത്താന്ത പുസ്തകങ്ങൾവായിക്കുന്നത് കേൾക്കുകയായിരുന്നു. അതു കേട്ടുകൊണ്ടിരിക്കുമ്പോൾ എന്റെ അമ്മാവൻ കുറെ നാളുകൾക്കുമുമ്പ് രാജാവിനെ മരണത്തിൽ നിന്നു രക്ഷിച്ച കാര്യം ഓർത്തു. മോർദ്ദേഖായിയെ കൊല്ലുന്നതിനു പകരമായി, ഹാമാനെക്കൊണ്ട് മോർദ്ദേഖായിയെ രാജകീയ വസ്ത്രം ധരിപ്പിച്ച് കുതിരപ്പുറത്ത് കയറ്റി പട്ടണം ചുറ്റിച്ച്, രാജാവ് മോർദ്ദേഖായിയെ മാനിക്കുന്ന കാര്യം പട്ടണം മുഴുവനും വിളിച്ചു പറയിപ്പിച്ചു.

ടീച്ചർ : ആ സംഭവം നിങ്ങളുടെ ജനങ്ങളെ രാജകല്പനയിൽ നിന്ന് രക്ഷിച്ചോ?

എസ്ഥേർ : ഇല്ല; കാരണം, മേദ്യ, പാർസി സാമ്രാജ്യത്തിലെ രാജകല്പനകൾക്ക് മാറ്റം വരുത്തുവാൻ കഴിയുമായിരുന്നില്ല. അപ്പോഴും ഞങ്ങൾ ആ ഭയങ്കര കല്പനയെയോർത്ത് വ്യാകുലത്തിലായിരുന്നു.

ടീച്ചർ : പിന്നെ, അങ്ങ് എന്തുചെയ്തു?

എസ്ഥേർ : മോർദ്ദേഖായി എന്നെ ധൈര്യപ്പെടുത്തി. സഹായം ചോദിക്കാനായി രാജാവിന്റെ അടുത്തേക്ക് ചെല്ലാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. അതു ഭയമുളവാക്കുന്ന കാര്യമായിരുന്നു. ഞാൻ രാജ്ഞിയാണെങ്കിലും, രാജാവ് വിളിക്കാതെ രാജസന്നിധിയിൽ ചെല്ലുവാൻ കഴിയില്ല. അങ്ങനെ ചെയ്താൽ മരണ ശിക്ഷ ലഭിക്കും. എന്നാൽ, ഈ കാര്യത്തിനുവേണ്ടി മാത്രമായിരിക്കാം ദൈവം എന്നെ രാജ്ഞിയാക്കി മാറ്റിയെന്നു അങ്കിൾ പറഞ്ഞു. ധൈര്യമായിരിക്കുവാൻ എന്നോടാവശ്യപ്പെട്ടു. എല്ലാ യഹൂദന്മാരും ചില ദിവസങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് ഞാൻ ഉടുത്തൊരുങ്ങി, രാജാവിന്റെ അടുക്കലേക്ക് പോയി. ഞാൻ എന്റെ ഭയം പുറത്തു കാണിക്കാതിരിക്കാൻ ശ്രമിച്ചു, എങ്കിലും ഞാൻ വിറയ്ക്കുകയായിരുന്നു. രാജാവ് പുഞ്ചിരിച്ചുകൊണ്ട് എന്നെ രക്ഷിക്കാൻ തന്റെ ചെങ്കോൽ എന്റെ നേരെ നീട്ടി. അവിടെ നേരേ നില്ക്കുന്നതുപോലും എനിക്കു ബുദ്ധിമുട്ടായിരുന്നു. അതിനു ശേഷം ഞാൻ രാജാവിനെയും ഹാമാനെയും ഒരു വിരുന്നിനു ക്ഷണിച്ചു. അതിനുശേഷം മറ്റൊരു വിരുന്നിനും. അവസാനമായി, ഒരിക്കൽക്കൂടി പെട്ടെന്ന് പ്രാർത്ഥിച്ചതിനുശേഷം രാജകല്പനയെക്കുറിച്ചും എന്റെ ജനങ്ങളെപ്പറ്റിയും ഞാൻ രാജാവിനോടു പറഞ്ഞു. രാജാവിന് ശേഷം അധികാരമുണ്ടായിരുന്നത് ഹാമാനായിരുന്നു. എന്നെക്കാളും എന്റെ ജനങ്ങളെക്കാളും ഹാമാന്റെ വാക്കിന് രാജാവ് മുൻഗണന കൊടുക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. എന്നാൽ സംഭവിച്ചതെന്താണെന്നോ? രാജാവ് കോപിച്ച്, മോർദ്ദേഖായിക്കുവേണ്ടി പണിത കഴുമരത്തിൽ ഹാമാനെ തൂക്കിക്കൊന്നു. പിന്നീട് രാജാവ് മോർദ്ദേഖായിക്ക് ഹാമാന്റെ സ്ഥാനത്തേക്ക് സ്ഥാനക്കയറ്റം കൊടുത്തു. ഞങ്ങളുടെ ജനം കൊല്ലപ്പെടേണ്ടതിന് പകരമായി അവർ സ്വയം സംരക്ഷിക്കപ്പെടേണ്ടതിന് സഹായകമായ മറ്റൊരു കല്പന രാജാവിന്റെ പേരിൽ ഞങ്ങൾ എഴുതി.


ടീച്ചർ : ഇന്നു ഞങ്ങളുടെ അടുത്തേക്ക് വന്നതിന് വളരെ നന്ദി.

എസ്ഥേർ : നിങ്ങളോടൊത്ത് സമയം ചെലവഴിക്കാൻ എനിക്ക് ഇടയാക്കിയതിനും നിങ്ങൾക്കെല്ലാവർക്കും ഒത്തിരി നന്ദി.

## പ്രവർത്തനം 4


***മറ്റുള്ളവരെ നമ്മേക്കാൾമുമ്പിലാക്കുക.***

മറ്റുള്ളവരെ നമ്മെക്കാൾ മുമ്പിലാക്കുന്ന കാര്യം പ്രതിഫലിപ്പിക്കുവാൻ സഹായകരമാകും വിധം ഇതു ചെയ്യുക: കടലാസ്സുകൊണ്ട് ഒരു പന്ത് ഉണ്ടാക്കുക. ഗ്രൂപ്പിലെ അംഗങ്ങളോട് ഓരോ വ്യക്തിക്കും മാറിമാറി പന്തു കിട്ടുന്നയാൾ മറ്റുള്ളവർക്ക് അവർ എങ്ങനെ മുൻഗണന കൊടുക്കുന്നു എന്നു പറയുക. ഉദാഹരണമായി, എന്റെ സഹപാഠി എനിക്കു മുമ്പിലായി ക്ലാസിൽ പ്രവേശിക്കാൻ അനുവദിക്കുന്നതിലൂടെ, ആ വ്യക്തിയെ എനിക്കു മുമ്പിലാക്കാൻ കഴിയും.



## കൊട്ടാര സദ്യ

### രാജകീയ വിരുന്ന് 4





***രാജ്ഞിയുടെ ഹൃദയ വിശാലത***

ആവശ്യമായ വസ്തുക്കൾ:

- ഹൃദയ ആകൃതിയിലുള്ള 'കുക്കി കട്ടർ' അല്ലെങ്കിൽ കാർഡ്ബോർഡും കത്തിയും
- മുറിച്ച പഴം
- സ്റ്റിക്കുകൾ(ആഹാരങ്ങൾകുത്തിപ്പിടിക്കുന്ന സ്ക്വേഴ്സ് (ശൂലം)

നിർദ്ദേശങ്ങൾ:

1. 'കുക്കി കട്ടറ്'കൊണ്ട് പഴം കൊണ്ടുള്ള ഹൃദയം മുറിച്ചെടുക്കുക 'ഹാർട്ട് കുക്കി കട്ടർ' ഇല്ലെങ്കിൽ കാർഡ് ബോർഡിൽ നിന്നോ കാർഡ് സ്റ്റോക്കിൽ നിന്നോ ഒരു ഹൃദയ രൂപം ഉണ്ടാക്കുക. പഴത്തിന്റെ മുകളിലായി ഈ 'കാർഡ് ബോർഡ്' ഹൃദയം പഴത്തിന്റെമേൽ വച്ചിട്ട്, ഒരു കത്തികൊണ്ട് അത് മുറിച്ചെടുക്കുക.
2. 'ഫ്രൂട്ട് ഹാർട്ട്' സ്കൂവർ സ്റ്റിക്കിൽ ഉണ്ടായിരുന്ന

***ഹൃദയ വിശാലതയെ ഓർത്തുകൊണ്ട് സുന്ദരവും പോഷകസമ്പുഷ്ടവുമായ ഈ ഹൃദയങ്ങളെ ആസ്വദിച്ചു തുടങ്ങൂ!***

## പൂന്തോട്ട കളികൾ

### പൂന്തോട്ടക്കളികൾ 4



*ബിംഗോ ലിംഗോ*

ലഭിച്ച ക്ലാസ്സിന്റെ സഹായത്തോടെ പാഠത്തിലെ ഇവിടെ എസ്ഥേറിന്റെ കഥയിലെ അമ്പതോ അറുപതോ പ്രധാന വാക്കുകളുടെ ലിസ്റ്റ് തയ്യാറാക്കുക. എളുപ്പത്തിൽ കാണാവുന്ന ഒരു സ്ഥലത്ത് ഈ ലിസ്റ്റ് വയ്ക്കുക. ഓരോ വാക്കും ഓരോ ചെറിയ കഷണം കടലാസിൽ എഴുതുക, ''അതു രണ്ടായി മടക്കി ഏതെങ്കിലും പാത്രത്തിലോ ടിന്നിലോ ഇടുക. കുട്ടികൾ അവരുടെ 'ബിംഗോ' കാർഡ് (അക്കങ്ങൾഉള്ള കാർഡ് ഉപയോഗിച്ചുള്ള കളിയാണ് ബിംഗോ.) സ്വയമായി ഉണ്ടാക്കുക. ഒരു ഷീറ്റ് ഓരോ ദിശയിലേക്കും പകുതിയായിട്ട് 2 പ്രാവശ്യം മടക്കി, അങ്ങനെ 16 ദീർഘ ചതുരങ്ങൾആ പേപ്പറിൽ അടയാളപ്പെടുത്തുവാൻ തക്കവണ്ണം കഴിയുന്നതാണ് 'ബിംഗോ' കാർഡ്. ഓരോ ദീർഘ ചതുരത്തിലും ഓരോ വാക്കു വീതം എഴുതുന്നു. ബീൻസ്, കല്ലുകൾഇവകൊണ്ട് അടയാളങ്ങൾവയ്ക്കാം. കാർഡ് നിങ്ങൾക്ക് പല തവണ ഉപയോഗിക്കുകയോ ഒരു പങ്കാളിയുമായി വച്ചുമാറുകയോ ചെയ്യാം.ടീച്ചർ ടിന്നിൽ നിന്ന് ഒരു വാക്ക് എടുത്ത് ആ വാക്ക് ഉറക്കെ പറയുന്നു. കുട്ടിക്ക് ആ വാക്ക് തന്റെ കാർഡിൽ ഉണ്ടെങ്കിൽ അടയാളപ്പെടുത്തുന്ന വസ്തുകൊണ്ട് ആ വ്യക്തി അതിനെ മറയ്ക്കണം. ഏറ്റവും ആദ്യം തന്റെ കാർഡ് നിറയ്ക്കുന്ന വ്യക്തി 'ബിംഗോ ലിംഗോ' എന്ന് ഉറക്കെ വിളിച്ചുപറയുന്നു. ആ കുട്ടിയായിരിക്കും ജയാളി.



*ഒട്ടക ഓട്ട മത്സരം*

ഒരു ടീമിൽ 10 മുതൽ 15 പേർ വരെ ഉൾക്കൊള്ളാവുന്ന തുല്യ എണ്ണം ആളുകളുള്ള രണ്ടു ടീമുകൾഉണ്ടാക്കുക. സ്വതന്ത്രമായി നിന്ന് കളിക്കുവാൻ വേണ്ടുവോളം ലഭിക്കുന്ന വിധം അവർ വരിവരിയായി നിൽക്കുക. മുറിയുടെ മറ്റേ വശത്ത് ഒരു ലക്ഷ്യസ്ഥാനം അടയാളപ്പെടുത്തുക. കളി തുടങ്ങുമ്പോൾ. വരിയിൽ നിന്ന് ആദ്യ കളിക്കാരൻ ഓടിത്തുടങ്ങി, ഒരു ഒട്ടകത്തെപ്പോലെ ശബ്ദമുണ്ടാക്കിക്കൊണ്ട് ലക്ഷ്യസ്ഥാനത്തേക്ക് ഓടിയിട്ട്, പിന്നെ തിരിച്ചോടി തന്റെ ടീമിലേക്ക് മടങ്ങി വരിക. ആദ്യത്തെയാൾ മടങ്ങിവന്ന് അടുത്ത കളിക്കാരനെ തൊടുമ്പോൾ അയാൾ റിലേ ഓട്ടമത്സരത്തിൽ തന്റെ ഓട്ടം തുടരുന്നു. അയാൾമടങ്ങി വന്ന് അടുത്തകളിക്കാരനെ തട്ടുമ്പോൾ, അടുത്തയാൾ റിലേ ഓട്ട മത്സരം തുടങ്ങുന്നു. എല്ലാ കുട്ടികളും 'റിലേ'മത്സരം ആദ്യമായി പൂർത്തിയാക്കുന്ന ടീമാണ് വിജയിച്ച ടീമാണ് പ്രഖ്യാപിക്കപ്പെടുന്നത്. ഓട്ട രീതിമാറ്റി പിന്നെയും കളിക്കുക- ഉദാഹരണമായി ഒരു പാദം മാത്രം ഊന്നി ചാടുക, 'ഫിനിഷ്' ലൈനിലേക്ക് തിരിയുക, എന്നിങ്ങനെ വിവിധ രീതികൾ ഉപയോഗിക്കാം.

# 5. ധീരത സ്ഥിരോത്സാഹം തരുന്നു
# ദാനിയേൽ 6: ദിനന്തോറുമുള്ള പ്രാർത്ഥനയും സിംഹത്തിന്റെ ഗുഹയും

## പിടിച്ചെടുക്കുന്നവരുടെ ശ്രദ്ധയ്ക്ക്/കയ്യടി 5

"ധീരത സ്ഥിരോത്സാഹം തരുന്നു".

1. ഒരു പങ്കാളിയോടൊപ്പം, രണ്ടു കൈകളും കൂട്ടിയടിക്കുക.
2. കൈകൾ കുറുകെ വച്ചിട്ട് വീണ്ടും കൈകൾ കൊട്ടുക.
3. ആദ്യത്തെ കയ്യടി ആവർത്തിക്കുക
4. ആദ്യം വലത്തുകൈകൾ ചേർത്തടിക്കുക, പിന്നെ ഇടത്തുകൈകൾ വീണ്ടും വലത്തു കരങ്ങൾ... ഇങ്ങനെ തുടരുക.
5. രണ്ടു കരങ്ങൾ കൂട്ടിയടിച്ചുകൊണ്ടുള്ള അവസാന കയ്യടിയോടുകൂടെ കളി അവസാനിപ്പിക്കുന്നു.

## മന:പ്പാഠവാക്യം 5

എബ്രായർ 10:36 "ദൈവം വാഗ്ദാനം ചെയ്യുന്നത് പ്രാപിക്കുന്നതിനും അവിടുത്തെ തിരുഹിതം നിറവേറ്റുന്നതിനുംവേണ്ടി നിങ്ങൾക്കു നിരന്തരക്ഷമ ആവശ്യമാണ്."

## നാടകം 5 :ഒട്ടകയാത്രാ സംഘം

കാംലിയ : ഓ, ഈ മരുഭൂമിയിലെ സൂര്യൻ എന്റെ സുന്ദരമായ ചർമ്മത്തിന് കേടുവരുത്തുമല്ലോ!

കാംലെറ്റ് : ഒരു കുപ്പായം നിനക്കുള്ളത് നല്ലതു തന്നെ

കാംലിയ: ഈ രോമങ്ങൾ കാരണം ചൂടുകൂടുതൽ അനുഭവിക്കണമല്ലോ. നീ എന്തിനാ പുറത്തിറങ്ങി നടക്കുന്നത്? എനിക്കു പേർഷ്യയിലെ എന്റെ വീട്ടിലേക്ക് മടങ്ങിപ്പോകണം. എത്ര നേരം ഈ യാത്ര തുടരണം?

കംലെറ്റ് : ദിവസം മുഴുവനും അപ്പോൾ നിനക്കറിയാമോ നാളെ നാം എന്താണ് ചെയ്യാൻ പോകുന്നതെന്ന്?

കാംലിയ: നടക്കുകയല്ലേ?

കാംലെറ്റ്: അതു ശരിയാണ്! എന്നാൽ അതിന്റെ അടുത്ത ദിവസം, എന്തു ചെയ്യുകയായിരിക്കും? ഊഹിക്കാമോ?

കാംലിയ: നമ്മൾനടക്കും?

കാംലെറ്റ് : യീ...! അതെങ്ങനെ നിനക്കറിയാം?

കാംലിയ: ആ...! ഓരോ ദിവസവും നാം എഴുന്നേറ്റ്, ഒരേ ആഹാരം കഴിച്ച്, ഒരുമിച്ച് പ്രാർത്ഥിച്ച്, പിന്നെ നമുക്ക് നടന്നു കൊണ്ടേയിരിക്കുക. പിന്നെ ഉച്ചഭക്ഷണം കഴിക്കാൻ നില്ക്കുക, അതെ ഭക്ഷണം കഴിക്കുക, വീണ്ടും പ്രാർത്ഥിക്കുക, പിന്നെയും നടക്കുക, നടക്കുക, പിന്നെ രാത്രിയിൽ അതേ ഭക്ഷണം ഭക്ഷിക്കുക, പ്രാർത്ഥിച്ച് കിടക്കാൻ പോവുക. ഒരേ കാര്യം തന്നെ വീണ്ടും വീണ്ടും ചെയ്ത് ഞാനങ്ങ് മടുത്തു! നടക്കുന്നതിനെപ്പറ്റി സ്വപ്നം കാണാൻ വരെ തുടങ്ങിയിട്ടുണ്ട്! നിനക്കാറിഞ്ഞുകൂടെയോ? എനിക്ക് ദാഹിക്കുന്നു! അത് ഒരിക്കലും സംഭവിക്കാത്ത കാര്യമാണ്! ഞാനങ്ങ് നിർത്തട്ടെ?

കാംലെറ്റ്: എന്ത്? ഇവിടെ വച്ച് നിർത്താനോ? നോക്കാം... അതിന്റെ അപ്പുറത്ത് വെള്ളം ഇല്ലല്ലോ. നോക്കൂ! അവിടെ വെള്ളമേ ഇല്ല. നോക്കൂ...അതിനപ്പുറത്ത് എന്താണ്? അതു വെള്ളമല്ലല്ലോ. നില്ക്കാൻ കൊള്ളാത്ത ഭയാനകമായ ഒരു സ്ഥലമാണിത്.

കാംലിയ: ഊ ... കുറഞ്ഞപക്ഷം ഓരോ പ്രാവശ്യവും യാത്ര നിർത്തുമ്പോൾപ്രാർത്ഥനയെങ്കിലും ഒഴിവാക്കിക്കൂടായോ? ബോറടിച്ചുവയ്യ. കൂടാതെ നമ്മുടെ യാത്രാ സംഘത്തിലെ മിക്കവാറും പേർ പ്രാർത്ഥന നിർത്തി. നമ്മുടെ യാത്ര വിചിത്രമെന്നു ചിന്തിക്കുകയും ചെയ്യുന്ന എന്തൊരു പരിപാടിയായിപ്പോയി?

കാംലെറ്റ്: ഇത് വിനോദകാര്യമല്ല. എല്ലായ്പ്പോഴും നമുക്ക് ദൈവത്തെ വേണം!

കാംലിയ: വെള്ളത്തെക്കാളും പ്രധാനമായോ?

കാംലെറ്റ് : യാ...! എന്തിനു പറയാൻ, 'സൺ സ്ക്രീനെ' ക്കാൾ, ... മൊബൈൽ സാങ്കേതിക വിദ്യകളെക്കാൾ...

കാംലിയ: കൊള്ളാം. ഞാൻ യാത്ര പെട്ടെന്ന് നിർത്തുകയാണ്. നീ എന്നെ എടുത്തുകൊണ്ടുപോകേണ്ടി വന്നേക്കും.

കാംലെറ്റ്: ഹേയ്! എനിക്കും ദാഹം ഉണ്ടെന്നേ! ഓരോ പടി വീതം വച്ച് നമുക്ക് യാത്ര തുടരാം.

പ്രസ്താവകൻ: കുറച്ചുസമയത്തിനു ശേഷം, അവർ മരുപ്പച്ചയ്ക്ക് അടുത്ത് എത്തി.

കാംലിയ: ഫ്യൂ! ഞാൻ മരിക്കാൻ പോകുവാണെന്ന് ചിന്തിച്ചുപോയി!

കാംലെറ്റ്: (ചവച്ചുകൊണ്ട്) നാം എല്ലാവരും മരിക്കാൻ പോവുകയായിരുന്നു!!

(ഭക്ഷിക്കാനായി തല താഴ്ത്തുന്നു)

കാംലിയ: മറ്റു ഒട്ടകങ്ങളുടെ സംസാരം നീ കേട്ടോ?

കാംലെറ്റ് : മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ലൈസൻസ് ബോർഡ് ഉള്ളവയല്ലേ?

കാംലിയ: അതെ. ഇന്നലെ നമുക്ക് മുമ്പേ അവർ എത്തിച്ചേർന്നു. പലതരത്തിലുള്ള പാമ്പുകളെപ്പറ്റിയും കൊള്ളക്കാരെപ്പറ്റിയും മണൽക്കാറ്റുകളെപ്പറ്റിയും ആയിരുന്നു അവർ സംസാരിച്ചുകൊണ്ടിരുന്നത്.

കാംലെറ്റ്: ഉമ്മലിനെക്കുറിച്ചും നടന്ന് വരവേ കാൽവിരലുകൾ തട്ടിയതിനെപ്പറ്റിയും ഒക്കെ സംസാരിച്ചു (കൂടാതെ ശ്വാസം മുട്ടലിനെപ്പറ്റിയും!) "നോ വൈഫൈ" (ഭക്ഷിക്കുന്നത് തുടരുന്നു).

കാംലിയ: ദൈവം നമ്മെ എല്ലായ്പ്പോഴും സംരക്ഷിച്ചതോർത്ത് അതിശയം തോന്നുന്നു. ഹേയ്, നിനക്കതെന്തെന്നു തോന്നുന്നു? കഷ്ടപ്പാടുകൾക്ക് ശേഷമുള്ള ഈ ആശ്വാസ സ്ഥലത്ത് ആഹാരവും വെള്ളവും ഒക്കെയും ലഭിക്കുന്നത് നന്നായിരിക്കുന്നു. ദൈവത്തോടു സംസാരിക്കാൻ ഇപ്പോൾ വളരെ എളുപ്പമായിത്തോന്നുന്നു. പ്രതിസന്ധികളിൽ സ്ഥിരോത്സാഹത്തോടെ നില്ക്കുകയും ദൈവത്തോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തത് ഇപ്പോൾ നന്മയ്ക്കായി തീർന്നിരിക്കുന്നു.

കാംലെറ്റ് : അതെ എനിക്കും. ഹേയ്, നീ അതു തിന്നാൻ തുടങ്ങുകയാണോ? എനിക്ക് നന്നായി വിശക്കുന്നു.

## പ്രധാന പാഠം 5

വി.ബി.എസ് ക്ലാസ്സിലേക്ക് മടങ്ങിവരാം. ധീരതയെപ്പറ്റിയുള്ള എല്ലാ കാര്യങ്ങളും നാം ഈയാഴ്ച പഠിച്ചു. ഇന്ന് നാം പഠിക്കുന്നത് "ധൈര്യം സ്ഥിരോത്സാഹത്തോടെ മുന്നേറുന്നതാണ്" എന്നതാണ്. 'പെർസവറൻസ്' എന്നതിന്റെ അർത്ഥം നാം ചെയ്യുന്ന നല്ല കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുക എന്നതാണ്. നിങ്ങൾ ഇന്നലെ എന്തു ചെയ്തു എന്നതിൽ കാര്യമില്ല ക്രിസ്തുവിനെ പിന്തുടരുന്നതിൽ നിങ്ങൾ വിജയിച്ചിട്ടുണ്ടെങ്കിൽ, അഭിനന്ദനങ്ങൾ! എന്നാൽ ഇന്നലകളിൽ ആശ്രയിക്കരുത്. വീണ്ടും നന്മ ഇന്നും ചെയ്യുക. യേശുവിനെ പിന്തുടരുന്നതിൽ നിങ്ങൾ വിജയിച്ചിട്ടില്ലെങ്കിൽ വിഷമിക്കേണ്ട, എന്തുകൊണ്ടെന്നാൽ അവിടുന്ന് നിങ്ങളുടെ പാപത്തിന്റെ പരിഹാരത്തിനു വേണ്ടി പൂർണ്ണമായി വിലകൊടുത്തിട്ടുണ്ട്. എന്നാൽ ഇന്നലെകളിൽ ചെയ്ത തിന്മകൾഇന്ന് നന്മ ചെയ്യുന്നതിന് തടസ്സമായി നിൽക്കരുത്! ഓരോരുത്തരും പറയൂ, "ധീരത എന്നത് പ്രതിസന്ധികളുടെ മദ്ധ്യേയും പ്രവൃത്തി തുടരുന്നതാണ്"

ധീരത എന്ന് ദൈവത്തെ മുമ്പിൽ നിർത്തുക എന്നത് മാത്രമല്ല സ്ഥിരോത്സാഹത്തോടെ മുന്നേറുകയും ഓരോ ദിവസവും ദൈവത്തിന് പ്രഥമസ്ഥാനം നൽകുകയുമാണ്. ഒരിക്കൽ മാത്രം ദൈവത്തിൽ ആശ്രയിക്കുക, പിന്നെയോ ഓരോ ദിവസവും ആശ്രയം വയ്ക്കണം. സത്യം ഒരിക്കൽ മാത്രം പ്രസ്താവിക്കയല്ല എല്ലായ്പ്പോഴും സത്യം പറയണം. ഒരു പ്രാവശ്യം മാത്രം മറ്റുള്ളവർക്ക് നിങ്ങളെക്കാൾ പ്രഥമസ്ഥാനം നല്കുകയല്ല, എല്ലായ്പ്പോഴും നൽകണം. ഓരോ ദിവസവും നമ്മുടെ ജീവിതം യേശുവിനായ് വച്ചുകൊടുക്കാൻ അവിടുന്ന് പറഞ്ഞിട്ടുണ്ട്. യേശുവിനായ് ദിനം തോറും സമർപ്പിക്കാനും നാം ചെയ്യാൻ ഇഷ്ടപ്പെടാത്ത കാര്യങ്ങളാണെങ്കിലും നല്ല കാര്യങ്ങൾ ചെയ്യാനും അവിടുന്ന് പറഞ്ഞിട്ടുണ്ട്. നാം ഒന്നാം ദിവസം പഠിച്ച ദാനിയേൽ,. ദിവസവും മൂന്നു പ്രാവശ്യം മുടക്കം കൂടാതെ ദൈവത്തോട് പ്രാർത്ഥിച്ചു. അതേ സമയം, തന്നെ സർവ്വരാജ്യത്തിനും മേലായി നിയമിക്കത്തക്ക നിലയിൽ അത്ര മഹാനായ ഒരു ഭരണാധികാരിയും ആയിരുന്നു. ഇത് മറ്റുള്ളവരെ ദാനിയേലിനോട് വളരെ അസൂയയുള്ളവരാക്കി. അതുകൊണ്ടാണ് ദാര്യാവേശ് രാജാവിനെ സൂത്രത്തിൽ സ്വാധീനിച്ച് പ്രാർത്ഥന വിലക്കുന്ന കല്പന പുറപ്പെടുവിപ്പിച്ചത്. ഓരോരുത്തരും പറയൂ, "ധീരത എന്നത് പ്രതിസന്ധികളുടെ മദ്ധ്യേയും പ്രവർത്തി തുടരുന്നതാണ്!"

രാജാവിന്റെ കല്പനയെ ഭയക്കുന്നതിനു പകരം താൻ പതിവായി ചെയ്തിരുന്നതുപോലെ ദാനിയേൽ തന്റെ മുറിയിലേക്കു ചെന്ന് ദിവസവും മൂന്നു പ്രാവശ്യം ദൈവത്തിന് നന്ദി കരേറ്റുകയും ചെയ്തു. ദൈവം സർവ്വശക്തനും രാജാക്കന്മാരേയും നിയമങ്ങളേയും മേൽ വലിയവനും ആണെന്ന് തിരിച്ചറിയുമ്പോൾഓരോ നല്ല ദാനവും ദൈവത്തിൽ നിന്നാണ് വരുന്നതെന്ന് നിങ്ങൾമനസ്സിലാക്കുകയും പ്രതിസന്ധി ഘട്ടങ്ങളിലും ദൈവത്തിന് നന്ദി കരേറ്റുകയും ചെയ്യുവാൻ ഇടയാകും. ഒരിക്കൽ ദാനിയേൽ പ്രാർത്ഥിക്കുകയും

ദൈവത്തോട് സഹായത്തിനായി അപേക്ഷിച്ചു കൊണ്ടിരിക്കുകയും ആയിരുന്നു. അപ്പോൾഅദ്ദേഹത്തിന്റെ ശത്രുക്കൾപിടിക്കുകയും നിയമവിരുദ്ധമായ പ്രാർത്ഥനയുടെ പേരിൽ കുറ്റം ചുമത്തുകയും ചെയ്തു. പ്രശ്നം വന്നയുടനെ തന്നെ ദാനിയേൽ ദൈവത്തോട് അപേക്ഷിച്ചു! ദാര്യാവേശ് രാജാവുപോലും അസ്വസ്ഥനായി തന്റെ കഴിവിന്റെ പരമാവധി ദാനിയേലിനെ രക്ഷിക്കാൻ പരിശ്രമിച്ചു എങ്കിലും അദ്ദേഹത്തിനു പോലും ഒന്നും ചെയ്‌വാൻ കഴിഞ്ഞില്ല. നമ്മുടെ ജീവിതത്തിലും മിക്കപ്പോഴും ചില പ്രശ്നങ്ങളിൽ നിന്ന് പുറത്തു വരാൻ വഴിതേടുമെങ്കിലും ചിലപ്പോൾ ഒന്നും ചെയ്‌വാൻ കഴികയില്ല. രണ്ടാമത്തെ ദിവസം പഠിച്ച പാഠം ഓർക്കുന്നുണ്ടോ? എന്തുകാര്യമായാലും ദൈവത്തിൽ ആശ്രയിക്കുക; മനുഷ്യ ചിന്തയ്ക്കതീതമായ വിധത്തിൽ ബുദ്ധിമാനും സൃഷ്ടിപരമായി കാര്യങ്ങൾചെയ്യുന്നവനും മറ്റാർക്കും കഴിയാതിരിക്കുമ്പോൾ ഒരു വഴിയുണ്ടാക്കാൻ കഴിയുന്നവനുമാണ് ദൈവം ഓരോ കുട്ടിയും പറയൂ, "ധീരത എന്നത് പ്രതിസന്ധികളുടെ മദ്ധ്യേയും പ്രവർത്തി തുടരുന്നതാണ്!"

ദാനിയേലിനെ സിംഹക്കുഴിയിലേക്ക് വലിച്ചെറിഞ്ഞു. ഒരു രാത്രി മുഴുവൻ അദ്ദേഹത്തിനു അവിടെ കഴിയേണ്ടി വന്നു. എന്തു ഭയപ്പെടുത്തുന്ന സംഭവമാണ് അല്ലേ!? നിങ്ങൾഒരു സിംഹത്തെ അടുത്ത് നിന്ന് കണ്ടിട്ടുണ്ടോ? ഒരു ചെറിയ ഗർജ്ജനം പോലും ദേശത്തെ കുലുക്കുന്നതുപോലെയാണ്. എന്നാൽ സിംഹങ്ങളുടെ ഗുഹയ്ക്കകത്ത് നിന്ന്, ഒരു ദൂതനെ അയച്ച് സിംഹങ്ങളുടെ വായടച്ച് ദൈവം ദാനിയേലിനെ രക്ഷിച്ചു.

തടിച്ചുകൊഴുത്ത മൃഗങ്ങളെപ്പോലെ ദാനിയേൽ സിംഹങ്ങളോടൊത്ത് രാത്രി മുഴുവൻ ചിലവഴിച്ചു. രാവിലെ ദാര്യാവേശ് രാജാവ് വന്ന് സുരക്ഷിതനായി നില്ക്കുന്ന ദാനിയേലിനെ കണ്ടു ആശ്ചര്യപ്പെട്ടു. അദ്ദേഹം ദാനിയേലിന്റെ ശത്രുക്കളെ സിംഹക്കുഴിയിലേക്ക് എറിഞ്ഞു കളവാൻ കല്പനയിട്ടു. അവർ ഗുഹയിൽ വീഴുന്നതിനു മുമ്പ് തന്നെ സിംഹങ്ങൾഅവരെ കൊന്നുകളഞ്ഞു. അതേസമയം, തന്റെ സാമ്രാജ്യത്തിലെ സകല ജനങ്ങളോടും ദാനിയേലിന്റെ ദൈവത്തെ ബഹുമാനിക്കുവാൻ ദാര്യാവേശ് രാജാവ് കല്പിച്ചു. ആ സാമ്രാജ്യത്തിലെ ഒരു ഉയർന്ന പദവിയിലേക്ക് ദാനിയേലിന് സ്ഥാനക്കയറ്റം കൊടുക്കുകയും ചെയ്തു. ഓരോരുത്തരും പറയൂ, "ധീരത എന്നത് പ്രതിസന്ധികളുടെ മദ്ധ്യേയും പ്രവർത്തി തുടരുന്നതാണ്." ദൈവത്തിന് സർവ്വ അധികാരവുമുണ്ടെന്നും താൻ സർവ്വശക്തനാണെന്നും മനസ്സിലാക്കുന്നത് വളരെ പ്രയാസമുള്ള കാര്യങ്ങൾ ചെയ്യാനുള്ള ധൈര്യം നമുക്ക് നൽകുന്നു. ദൈവത്തിൽ ആശ്രയം തുടരാനും ദൈവത്തെ അനുസരിക്കാനും പ്രയാസമെന്ന് തോന്നുമ്പോഴും മറ്റുള്ളവരെ സ്നേഹിക്കാനും ഈ അറിവ് മതിയാകും. ദൈവം ആരാണെന്ന് കൂടുതലായി മനസ്സിലാക്കുവാൻ ദാനിയേലിനെപ്പോലെ ദൈവത്തോടൊപ്പം ദിവസവും ചിലവഴിക്കുന്നതാവശ്യമാണ്. നിങ്ങൾതനിയെ ആയിരിക്കുമ്പോഴും ദൈവവചനം വായിക്കുക, പ്രാർത്ഥിക്കുക, പാട്ടുകൾ പാടി സ്തുതിക്കുക. അപ്രകാരം ചെയ്യുമ്പോൾ ദൈവത്തിന്റെ മഹത്വത്തെപ്പറ്റി കൂടുതലായി അറിയുവാൻ ഇടയാകും. ദൈവത്തിനുവേണ്ടി കൂടുതൽ ധീരതയോടെ നിൽക്കുവാൻ നിങ്ങൾക്ക് ഇടയാകുകയും ചെയ്യും. ഓരോരുത്തരും പറയൂ, "ധീരത സ്ഥിരോത്സാഹത്തോടെ മുന്നേറുന്നു."

## സാമ്രാജ്യത്തിലെ കരകൗശലങ്ങൾ5

***സിംഹ മുഖംമൂടി***



***ആവശ്യമായ വസ്തുക്കൾ***

* മുഖാവരണം ഉണ്ടാക്കാനുള്ള പേപ്പർ ബേസ്
* മഞ്ഞ നിറമുള്ള നുര പോലുള്ള റബർ/പേപ്പർ, അല്ലെങ്കിൽ വർണ്ണക്കടലാസ്- മുഖത്തോടൊപ്പമുള്ളത്.
* ഓറഞ്ചു നിറമുള്ള 'ഫോമി' അല്ലെങ്കിൽ വർണ്ണക്കടലാസ് – ചെവികൾക്കും, കൺപുരികങ്ങൾക്കും മൂക്കിനുമായി.
* വായ്ക്കായി വെളുത്ത പതപോലെ തോന്നിപ്പിക്കുന്ന കടലാസ്
* ചുരുണ്ട റിബൺ 50 സെ.മി നിറങ്ങൾ
* പശ


***നിർദ്ദേശങ്ങൾ:***


* മുഖം മൂടിയുടെ അടിഭാഗം മുറിച്ചെടുത്ത് നിറം കൊടുക്കുക
* ഫോട്ടോയിൽ കാണുന്നതുപോലെ മഞ്ഞ 'ഫോമി' പേപ്പർ മുകളിലായി ഒട്ടിക്കുക.
* അതിന്റെ മുകൾ ഭാഗത്തായി, വായ് ഒട്ടിച്ചു ചേർക്കുക. അതിനു മുകളിലായി മൂക്ക് ഒട്ടിക്കുക. അതിന്റെയും മുകളിലായി ചെവികളും കൺപുരികങ്ങളും ഫോട്ടോയിൽ കാണുന്നതുപോലെ ഒട്ടിക്കുക.
* രണ്ടു വശങ്ങളിലുമുള്ള ദ്വാരങ്ങളിലൂടെ ചുരുണ്ട റിബൺ കെട്ടുക-കുട്ടിയുടെ തലയ്ക്ക് പാകമായിരിക്കുന്ന വിധമായിരിക്കേണം അതു കെട്ടേണ്ടത് എന്ന കാര്യം ശ്രദ്ധിക്കുക.

## കൊട്ടാരത്തിലെ ക്ലാസ് 5











| | | |
|---|---|---|
| 4 | 2 | 14 |
| 9 | 15 | 3 |
| 1 | 11 | 8 |
| 10 | 5 | 7 |
| 12 | 13 | 6 |



## ചോദ്യോത്തരങ്ങൾ5

1. **'പഴ്സവർ' എന്ന വാക്കുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?**
   ഒരു കാര്യം പ്രയാസമേറിയതാണെങ്കിലും ഇടയ്ക്കു വച്ച് ഉപേക്ഷിക്കാതെ തുടർന്നു കൊണ്ടുപോകുക എന്നതാണ് അർത്ഥം. ഉദാഹരണമായി ദാനിയേൽ പ്രാർത്ഥന നിർത്തിയില്ല.
2. **സിംഹങ്ങൾ വളരെ വിശന്നിരുന്നെങ്കിലും, അവ ദാനിയേലിനെ ഭക്ഷിക്കാതിരുന്നതെന്തുകൊണ്ടാണ്?**
   സിംഹങ്ങൾക്ക് ഒന്നും ഭക്ഷിക്കാൻ കഴിയാത്ത വിധം, ദൈവം ഒരു ദൂതനെ അയച്ച് അവയുടെ വായടച്ചു.
3. **താഴെപ്പറയുന്ന സന്ദർഭങ്ങളിൽ ദാര്യാവേശ് രാജാവിന് എന്തെല്ലാം മനോഭാവങ്ങളുണ്ടായി എന്ന് ഊഹിക്കു:**
   തന്നോടല്ലാതെ, ദൈവത്തോടു പ്രാർത്ഥിക്കുന്നത് നിയമ വിരുദ്ധമാക്കാൻ തന്ത്രം ഒരുക്കിയപ്പോൾ, ദാനിയേലിനെ തനിക്ക് വിശന്നിരിക്കുന്ന സിംഹങ്ങളുടെ ഗുഹയിലേക്ക് ഇടേണ്ടിവന്നപ്പോൾ, ദാനിയേലിന് ഒരു കേടുപാടും പറ്റാതിരുന്നപ്പോൾ ദാനിയേലിനെതിരെ കുറ്റം ചുമത്തിയ ഉദ്യോഗസ്ഥരെ സിംഹങ്ങളുടെ ഗുഹയിൽ ഇടാൻ തീരുമാനിച്ചപ്പോൾ,
   ഉത്തരങ്ങളാകാൻ സാധ്യത: തന്നോടു മാത്രമായി പ്രാർത്ഥിക്കുന്നതിൽ അഭിമാനം. ദാനിയേലിനെ മരണത്തിനു ഏല്പിച്ച് കുഴിയിൽ ഇട്ടപ്പോൾ ദു:ഖം, ദാനിയേൽ സിംഹക്കുഴിയിൽ നിന്ന് പുറത്തുവന്നപ്പോൾ ആശ്വാസം, ദാനിയേലിനോട് ദ്രോഹം ചെയ്യാൻ തന്ത്രമൊരുക്കിയവരോടു കോപഭ്രാന്ത്.
4. **എന്തെല്ലാം നല്ല കാര്യങ്ങൾചെയ്യുന്നത് തുടർന്നുകൊണ്ടിരിക്കുവാൻ നിങ്ങൾക്ക് പ്രയാസമായി തോന്നുന്നുണ്ട്?**
   സാധ്യമായ ഉത്തരങ്ങൾ: പ്രാർത്ഥന, ബൈബിൾവായന, അമ്മയെ ആഹാരമൊരുക്കുന്നതിൽ സഹായിക്കുക, ഒരു കുഞ്ഞിനോടു കരുണ ഉള്ളവനായിരിക്കുക. വാഗ്വാദങ്ങളുടെ മദ്ധ്യേയും മറ്റുള്ളവരോട് കരുതലുള്ളവരായിരിക്കുക, നിങ്ങളുടെ മനസ്സിനേയും ചിന്തകളേയും സൂക്ഷിക്കുക, മറ്റുള്ളവർ ചെയ്യുന്നതാണെങ്കിലും തെറ്റാണെന്ന് നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ ഒഴിവാക്കുക.
5. **ദാനിയേലിനെ സിംഹക്കുഴിയിൽ നിന്ന് പുറത്തു കൊണ്ടുവന്നശേഷം രാജാവ് എന്താണ് ചെയ്തത്?**

എല്ലാ ജനങ്ങളും ദാനിയേലിന്റെ ദൈവത്തെ ബഹുമാനിക്കണമെന്ന് രാജാവ് കല്പിച്ചു. ദാനിയേലിന് രാജ്യത്തിലെ ഒരു ഉയർന്ന പദവിയിലേക്ക് സ്ഥാനക്കയറ്റം നല്കി. ദാനിയേലിന്റെ ശത്രുക്കളെ സിംഹങ്ങൾകൊന്നു ഭക്ഷിച്ചു.

## അസൈന്മെന്റ് 5

ദാനിയേൽ ചെയ്തതുപോലെ, ദിവസവും മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുക.

ടീച്ചർ: ദാനിയേലേ, വീണ്ടും സ്വാഗതം.

ദാനിയേൽ: നന്ദി, വീണ്ടും ഒരുദിവസം കൂടെ ഇവിടെ വരുവാൻ ഇടയായതിൽ സന്തോഷമുണ്ട്. എസ്ഥേർ രാജ്ഞിയുടെ സന്ദർശനം എങ്ങനെയുണ്ടായിരുന്നു?

ടീച്ചർ: എസ്ഥേർ രാജ്ഞിയോടൊത്തുള്ള നിമിഷങ്ങൾ സന്തോഷം നിറഞ്ഞതായായിരുന്നു. സിംഹങ്ങളോട് ചേർത്തുള്ള ചില കാര്യങ്ങൾ അങ്ങയുമായി ബന്ധപ്പെട്ട് ഇന്ന് ഞങ്ങൾ കേട്ടല്ലോ. അത് വാസ്തവമാണോ?

ദാനിയേൽ: അതു സംഭവിച്ചത് തന്നെ. ഒരിക്കൽ, ഞാൻ ഒരു രാത്രി മുഴുവൻ സിംഹങ്ങളോടൊത്ത് കഴിഞ്ഞു. ഇതുവരെ ഞാൻ നിങ്ങളോടു പറഞ്ഞിരുന്ന കഥകൾനെബൂഖദ്നേസർ രാജാവ് വാണിരുന്ന കാലത്ത് സംഭവിച്ചവയായിരുന്നു. അതിനുശേഷം, മേദ്യരും പാർസികളും വന്ന് ബാബിലോണിനെ കീഴടക്കി. വീണ്ടും, അങ്ങനെ അധികാര മാറ്റമുണ്ടായി. പുതിയ സംസ്കാരവും ഭരണവ്യവസ്ഥയും ഒക്കെ മനസ്സിലാക്കുന്നതിനിടെ വീണ്ടും പ്രവാസത്തിൽ പോകുന്ന പ്രതീതിയുണ്ടായി. എന്നാൽ ദാര്യാവേശ് രാജാവ് എന്നെ പ്രത്യേകമായി ശ്രദ്ധിച്ച് എന്നേയും മറ്റു രണ്ടുപേരേയും വിവിധ പ്രവിശ്യകളുടെ ഉത്തരവാദിത്വമേല്പിച്ചു. കുറച്ചുകാലങ്ങൾകഴിഞ്ഞപ്പോൾആ സാമ്രാജ്യത്തിന്റെ മേലുള്ള ഉന്നതസ്ഥാനം തരുവാൻ പദ്ധതിയിട്ടു. മറ്റു ഉദ്യോഗസ്ഥന്മാർ അസൂയപ്പെട്ടു. എന്നെ ഒഴിവാക്കിക്കിട്ടാൻ അവർ ആഗ്രഹിച്ചു. ഞാൻ നടന്നു പോകുമ്പോൾഅവർ പതുക്കെ സംസാരിക്കുന്നതിൽ നിന്ന് എനിക്ക് ഒരു കാര്യം മനസ്സിലായി- അവർ എന്തോ ചിലത് പ്ലാൻ ചെയ്യുകയാണ്. ഒരു ദിവസം ദാര്യാവേശ് രാജാവ് ഒരു കല്പന പുറപ്പെടുവിച്ചു, അത് ഇപ്രകാരമായിരുന്നു: ഒരാൾപോലും ദാര്യാവേശ് രാജാവിനോടല്ലാതെ ഒരു ദൈവത്തോടോ മനുഷ്യനോടോ ഒരു മാസത്തേക്ക് പ്രാർത്ഥിക്കുവാൻ പാടില്ല; ആരെങ്കിലും പ്രാർത്ഥിച്ചാൽ സിംഹങ്ങളുടെ ഗുഹയിൽ ആ


വ്യക്തിയെ ഇട്ടുകളയും. മനുഷ്യർ ചെറിയ വസ്തുക്കളെ ആരാധിക്കുകയും അവയോട് പ്രാർത്ഥിക്കയും ചെയ്യുവന്നു. എന്നാൽ ഇപ്പോൾഒരു ജീവനുള്ള മനുഷ്യനോടാണ് പ്രാർത്ഥിക്കേണ്ടത്. അത് എനിക്ക് ഭോഷത്വമായി തോന്നി. എന്നാൽ ഈ പുതിയ സാമ്രാജ്യത്തിലെ കല്പനകൾആരാലും മാറ്റം വരുത്താൻ കഴിയാത്തവയായിരുന്നു. എന്റെ ദിനചര്യയുടെ ഭാഗമായി ഞാൻ ദിവസവും ദൈവത്തോടു പ്രാർത്ഥിക്കുകയും നന്ദി കരേറ്റുകയും ചെയ്യുക പതിവായിരുന്നു. എന്റെ ദൈവം എന്റെ ജീവകാലമെല്ലാം എന്നെ സഹായിച്ചുകൊണ്ടിരിക്കുന്നവനാണ്. എന്റെ ഉത്തരവാദിത്വങ്ങൾനന്നായി ചെയ്യാൻ തുടർന്നും എനിക്ക് ആ ദൈവത്തിന്റെ സഹായം ആവശ്യമെന്ന് എനിക്കറിയാമായിരുന്നു. ഒരുദിവസം ഞാൻ സഹായത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾഒരു കൂട്ടം ഉദ്യോഗസ്ഥന്മാർ എന്റെ മുറിയിലേക്ക് ചാടിക്കയറി വന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നതുകൊണ്ട് എന്നെ പിടിച്ചു. അവർ എന്നെ ദാര്യാവേശ് രാജാവിന്റെ അടുക്കലേക്ക് കൊണ്ടുപോയി. ഞാൻ ചെയ്ത കാര്യം അവർ പറഞ്ഞപ്പോൾ അദ്ദേഹം ഹൃദയം തകർന്ന അവസ്ഥപോലെയായി. ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടണമെന്നും പുതിയ രാജാവിനെ സേവിക്കുന്നത് തുടരാനും രാജ്യമെങ്ങുമുള്ള ജനങ്ങളുടെ നന്മയ്ക്കായി വീണ്ടും പ്രവർത്തിക്കാനും ഞാൻ അതിയായി ആഗ്രഹിച്ചു. എന്നെ രക്ഷിക്കാനുള്ള ഒരു വഴി കണ്ടെത്താൻ രാജാവ് ദിവസം മുഴുവനും പരിശ്രമിച്ചു. എന്നോട് അദ്ദേഹം ഇത്ര താത്പര്യം കാട്ടിയതെന്തുകൊണ്ടെന്ന് എനിക്ക് മനസ്സിലായില്ല. മറ്റൊരു വഴിയും ഇല്ലെന്ന് ഉറപ്പായപ്പോൾരാത്രിയായപ്പോൾഅവർ എന്നെ സിംഹങ്ങളുടെ ഗുഹയിലേക്ക് എറിഞ്ഞു. ആ സ്ഥലവും അവിടുത്തെ ദുർഗന്ധവും വലിയ സിംഹങ്ങളുടെ ചൂടുമൊന്നും ഞാൻ ഒരിക്കലും മറക്കില്ല. അവയുടെ ഏറ്റവും ചെറിയ ഗർജ്ജനം പോലും ഭൂമിയെ ഇളക്കുന്നതുപോലെയായിരുന്നു. എന്നാൽ അവ ഒരു പ്രാവശ്യംപോലും എന്നെ ആക്രമിക്കാനോ തിന്നാനോ എന്റെ അടുക്കലേക്കു വന്നില്ല. മാത്രമല്ല, അവ രാത്രിയിൽ ഒന്നും ഭക്ഷിച്ചുമില്ല. എന്റെ കൂട്ടുകാർ തീച്ചൂളയിൽ അനുഭവിച്ചറിഞ്ഞതുപോലെ, ഒരു ദൂതൻ അവിടെ ഇറങ്ങിയിരിക്കാം. പ്രഭാതത്തിൽ, ഞാൻ ജീവനോടെയിരിക്കുന്നുവോ, എന്റെ ദൈവം എന്നെ രക്ഷിച്ചു കാണുമോ എന്ന് കരുതി ദാര്യാവേശ് രാജാവ് ഉറക്കെ വിളിക്കുന്നത് ഞാൻ കേട്ടു. ദൂതനെപ്പറ്റി ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഞാൻ അദ്ദേഹത്തിന് എതിരായി ഒരു തെറ്റും ചെയ്തിട്ടില്ലായിരുന്നു എന്നും പറഞ്ഞു. എന്നെ സിംഹക്കുഴിയിൽ ഇടുവാൻ പ്രവർത്തിച്ചവരെ അദ്ദേഹം കല്പന കൊടുത്ത് സിംഹക്കുഴിയിലേക്ക് എറിഞ്ഞു. ഉടനെതന്നെ സിംഹങ്ങൾഅവരെ തിന്നു. അതിനുശേഷം രാജ്യത്തിലെ എല്ലാവരും നമ്മുടെ ദൈവത്തെ ഭയപ്പെടുകയും ബഹുമാനിക്കയും ചെയ്യണമെന്നുള്ള ഒരു കല്പന അദ്ദേഹം എഴുതി. ദൈവത്തെ അറിയാത്ത മറ്റൊരു രാജാവിന് കൂടെ ദൈവം തന്റെ ശക്തി വെളിപ്പെടുത്തിയത് നോക്കൂ. ഞങ്ങളുടെ പ്രവാസകാലത്ത് കൂടെ ദൈവം ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു എന്നും വീണ്ടും നാം അനുഭവിച്ചറിഞ്ഞല്ലോ!

ടീച്ചർ: അങ്ങ് പ്രാർത്ഥനയിൽ മുന്നേറിയ സംഭവം ഞങ്ങൾക്ക് വലിയ പ്രോത്സാഹനം തരുന്നതാണ്.

ദാനിയേൽ: ഇത് എളുപ്പത്തിൽ മറന്നുപോയേക്കാം. എന്നാൽ ദൈവത്തെ എനിക്ക് ദിവസവും ആവശ്യമാണെന്നുള്ളത് ഒരു വലിയ സത്യമാണ്. എല്ലായ്പ്പോഴും എന്റെ ദൈവം എന്നെ സഹായിക്കുന്നു. അതിന് ഞാൻ എല്ലായ്പ്പോഴും നന്ദിയുള്ളവനാണ്.

## പ്രവർത്തനം 5

***എന്റെ സമയം ക്രമീകരിക്കുക***



ഓരോ കുട്ടിക്കും ഓരോ കടലാസ് കൊടുക്കുക. ഒരു ആഴ്ചയിൽ ദൈവവുമായി പ്രാർത്ഥനയിലൂടെയോ ബൈബിൾവായനയിലൂടെയോ, സ്തുതിക്കുന്നതിലൂടെയോ ദൈവവുമായി ചെലവഴിക്കാൻ കഴിയുന്ന സമയത്തെപ്പറ്റി അവർ ചിന്തിക്കട്ടെ.സ്വതന്ത്രമായി, ദൈവവുമായി ചെലവഴിപ്പിക്കാൻ കഴിയുന്ന ഏതെല്ലാം സമയങ്ങൾഅവർക്കുണ്ടെന്ന അവർ എഴുതട്ടെ. കുറച്ച് സമയം ദൈവവുമായി ചിലവഴിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. ആദ്യമൊക്കെ അത് വെറും രണ്ടു മിനിറ്റ് സമയം ദൈവവുമായി ചിലവഴിക്കുന്നതാകാം. എന്നാൽ പിന്നീട് കൂടുതൽ സമയം ചിലവഴിക്കാനിടയാകും.

## കൊട്ടാര സദ്യ

### രാജകീയ വിരുന്ന് 5

***സിംഹം***



***ആവശ്യമായ സാധനങ്ങൾ:***

* നിങ്ങളുടെ ഇഷ്ടപ്രകാരമുള്ള മഞ്ഞ നിറത്തിലുള്ള പഴങ്ങൾ(കൈതച്ചക്ക, മാങ്ങ...)
* ഓറഞ്ചു നിറത്തിലുള്ള പഴം അല്ലെങ്കിൽ പച്ചക്കറി (മധുരനാരങ്ങയുടെ കഷണങ്ങൾഅല്ലെങ്കിൽ കാരറ്റ് ചീളുകൾ)
* ഏത്തപ്പഴത്തിന്റെ ഒരു കഷണം (ചെവി ഉണ്ടാക്കാൻ)
* ഒരു പേനാക്കത്തി
* നീല ബെറിപ്പഴങ്ങൾഅല്ലെങ്കിൽ ഉണക്ക മുന്തിരി

***നിർദ്ദേശങ്ങൾ:***

1. സിംഹത്തിന്റെ മുഖം ഉണ്ടാക്കാനായി പേനാക്കത്തി ഉപയോഗിച്ച് വൃത്താകൃതിയിൽ മഞ്ഞഫലം മുറിച്ചെടുക്കുക.
2. നിങ്ങൾതിരഞ്ഞെടുത്തിരിക്കുന്ന ഓറഞ്ചു പഴം അല്ലെങ്കിൽ പച്ചക്കറി സിംഹത്തിന്റെ കുഞ്ചിരോമങ്ങളെപ്പോലെ തോന്നിപ്പിക്കും വിധം വയ്ക്കുക.
3. ചെവികൾ എന്ന തോന്നിപ്പിക്കും വിധം ഏത്തപ്പഴക്കഷണങ്ങൾവച്ചു പിടിപ്പിക്കുക.
4. സിംഹത്തിന്റെ കണ്ണിന്റെ സ്ഥാനത്ത് നീല ബെറിപ്പഴമോ, ഉണക്ക മുന്തിരിയോ വയ്ക്കുക.
5. സിംഹത്തിന്റെ താടി രോമങ്ങളായി, കുറച്ച് കാരറ്റ് ചീളുകൾവച്ചു പിടിപ്പിക്കുക.

***തയ്യാറായിക്കഴിഞ്ഞു! നമുക്ക് രുചികരമായ സിംഹത്തെ കഴിച്ചു തുടങ്ങാം- ദാനിയേലിനെപ്പോലെ ധീരരായി നിലകൊള്ളണമെന്ന് ഓർത്തുകൊണ്ട്.***

പൂന്തോട്ട കളികൾ

## പൂന്തോട്ടക്കളികൾ 5

### *മുഖങ്ങളും ആംഗ്യങ്ങളും*



വി.ബി.എസിൽ പഠിച്ച ബൈബിൾ കഥകളിലെ കഥാപാത്രങ്ങളുടെയും വസ്തുക്കളുടേയും പേര് ചെറിയ കടലാസുകളിൽ എഴുതുക. ഉദാഹരണത്തിന് ദാനിയേൽ, എസ്ഥേർ, നെബുഖദ്നേസർ രാജാവ്, തീ, സിംഹം മുതലായവ. ആ കടലാസുകഷണങ്ങൾ ഒരു പാത്രത്തിൽ ഇടുക. കുട്ടികളിൽ നിന്ന് രണ്ടു ടീമുകൾ ഉണ്ടാക്കുക. ഓരോ ടീമിൽ നിന്നും ഓരോ പ്രതിനിധി. അഭിനയിക്കാനായി മുന്നോട്ടു വരിക. പാത്രത്തിൽ നിന്ന് ഒരു കടലാസ് എടുത്ത് അതിൽ എഴുതിയിരിക്കുന്നതുപോലെ ചെയ്യുക. ഒരു വാക്കുപോലും സംസാരിക്കാതെ, അല്ലാതെ ശബ്ദം ഉണ്ടാക്കാതെ, ആ രണ്ടു വ്യക്തികൾആ കഥാപാത്രത്തെപ്പോലെ, അല്ലെങ്കിൽ വസ്തുവിനെപ്പോലെ അഭിനയിക്കുക. അത് ആരാണ് അഥവാ എന്തിനെയാണ് അഭിനയിച്ചു കാണിക്കുന്നത് എന്ന് മറ്റു കുട്ടികൾ ഊഹിച്ചെടുക്കുക. അഭിനയിക്കുന്നവരെ മാറ്റി, അടുത്തയാളെ ഉൾപ്പെടുത്തി അഭിനയിക്കുന്നത് തുടരുക. ഊഹിച്ചെടുക്കുന്നതിൽ ഏറ്റവും മുന്നിട്ടു നില്ക്കുന്ന ടീമാണ് വിജയി.

### *കപ്പ് ഗോപുരം*



കുട്ടികളെ തിരഞ്ഞെടുത്ത് ടീമുകൾ ഉണ്ടാക്കുക. മുന്നിൽ വന്നു കളിക്കാനായി ഓരോ ടീമിൽ നിന്നും ഓരോ പ്രതിനിധിയെ അയയ്ക്കുക. ഓരോ കളിക്കാരനും ഒരേ എണ്ണം പ്ലാസ്റ്റിക് കപ്പുകൾ കൊടുക്കുക. എന്നിട്ട് അവരുടെ കണ്ണ് മൂടിക്കെട്ടുക. കണ്ണു മൂടിക്കെട്ടിയ അവസ്ഥയിൽ ഇരുന്ന് കളിക്കാർ കപ്പുകൾകൊണ്ട് ഒരു ഗോപുരമുണ്ടാക്കുക. ഗോപുരം താഴെവീഴുന്നയാൾ തോറ്റു മാറുന്നു. ഗോപുരം താഴെ വീഴാതെ, ആദ്യം ഗോപുരപ്പണി പൂർത്തിയാക്കുന്നയാൾ വിജയിക്കുന്നു.